

The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ


2016 ഡിസംബർ
ഹി.ശ.1396 – ഫത്ഹ്
1437 സഫർ – റബി ഉൽ അവ്വൽ
പുസ്തകം 88 ലക്കം 12
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**നമ്മുടെ സമ്മേളനങ്ങൾ ആത്മീയ സംഗമങ്ങളാണ്**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 നവംബർ 18ന് ലണ്ടനിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം.

**12**
**മുഹമ്മദ് നബി (സ): അതുല്യ ജീവിതം**
എ.ജി.സൂഫി

സകല ജീവിത സന്ദർഭങ്ങളിലും ധാർമികതയുടെ പൂർണ മാതൃകയായിരുന്നു റസൂൽ തിരുമേനി(സ). കാരുണ്യ സാഗരമായിരുന്ന അവിടുത്തെ അതുല്യമായ അദ്ധ്യാത്മിക കാന്തിയായിരുന്നു ജനഹൃദയങ്ങളെ കീഴടക്കിയത്.

**20**
**യേശു ദൈവത്തിന്റെ പുത്രനോ? ശാസ്ത്രീയവും യുക്തിപരവുമായ വിശകലനം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**24**
**GlssZ h k¦ vØ**
**njc mVn k aÀ**
പ്രൊഫ. എം. മുഹമ്മദ്

**26**
**ഹദ്റത് ബിലാൽ (റ) പറഞ്ഞ കഥ – 2**
ഇബ്നു വഫ, കോഴിക്കോട്

**31**
**ìm jpb¸ ek¡ pl\v**
എ. എം. മുഹമ്മദ് സലീം

സാമൂഹിക ജീവിയായ മനുഷ്യനെരൂപപ്പെടുത്തുന്നതിൽ ഭാഷക്കുള്ള പങ്ക് ഏറ്റവും നിർണായകമാണ്. മത്സ്യത്തിന് ജലം പോലെയാണ് ഭാഷക്ക് സമൂഹം. വ്യക്തിക്കും സമൂഹത്തിനും പങ്കുവെക്കാവുന്ന ബോധമണ്ഡലം സൃഷ്ടിക്കുന്നതും ഭാഷയാണ്.

**36**
കുറിപ്പുകൾ
**അമേരിക്ക: ഡൊണാൾഡ് ട്രംപിനു കീഴിൽ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ:** 9544274240

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്നു പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാണ് (ഈ ഗ്രന്ഥം ഇറക്കിയിരിക്കുന്നത്). അവർക്കോ അവരുടെ പിതാക്കൾക്കോ അത് സംബന്ധിച്ച് യാതൊരറിവുമില്ല. അവരുടെ വായയിൽ നിന്ന് വരുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല. (18:5,6)



## നബിവചനം

ഇസബ്നുമറിയം 120 വയസ്സുവരെ ജീവിച്ചിരുന്നിട്ടുണ്ടായിരുന്നുവെന്ന് ജിബ്രീൽ എന്നെ അറിയിച്ചിരിക്കുന്നു. (കൻസുൽ ഉമ്മാൽ വാല്യം 6 ഭാ. 120) ഹുജ്ജുൽ കിറാമ ഭാ. 428 ജലാലൈൻ മുജതബായി)

## വാഗ്ദത്ത മസീഹിന്റെ വചനം



ഹദ്റത്ത് ഈസാ(അ)ന്റെ ജനനവും അദ്ദേഹത്തിന്റെ ദൈവത്വം സ്ഥാപിക്കാൻ പര്യാപ്തമല്ല. വിശുദ്ധ ഖുർആനും ഇഞ്ചീലും ഹദ്റത്ത് ഈസാ(അ)ന്റേയും യഹ്‌യയുടേയും ജനന വിവരണം ഒരുമിച്ചാണ് കൊടുത്തിരിക്കുന്നത്. അത് രണ്ടും അത്ഭുതമാണെങ്കിൽ തന്നെയും അതിലൂടെ അദ്ദേഹത്തിന്റെ ദൈവത്വം സ്ഥാപിതമാകുന്നില്ലെന്ന് അനുവാചകൻ മനസ്സിലാക്കുന്നതിനു വേണ്ടിയാണിത്..... ഈ എല്ലാ ഗവേഷണങ്ങളിൽ നിന്നും തെളിയുന്നത്, ഈസാ(അ)ന്റെ ഏതെങ്കിലും മുഅ്ജിസയോ ജനനമോ അദ്ദേഹത്തിന്റെ ദൈവത്വം തെളിയിക്കാൻ സാദ്ധ്യമായ അത്ഭുതമല്ലെന്നാണ്. ഈ കാര്യം വ്യക്തമാക്കുന്നതിനു വേണ്ടിത്തന്നെയാണ് മസീഹിന്റെ ജനന വിവരണത്തോടൊപ്പം യഹ്‌യയുടെ ജനനത്തെ പറ്റിയും വിവരിച്ചിരിക്കുന്നത്. യഹ്‌യയുടെ അത്ഭുതകരമായ ജനനം അദ്ദേഹത്തെ മനുഷ്യൻ എന്ന അവസ്ഥയിൽ നിന്ന് പുറത്താക്കാത്തതു പോലെ മസീഹ് ബിനു മർയമിന്റെ ജനനം അദ്ദേഹത്തെ ദൈവമാക്കുന്നില്ല. യോഹന്നാന്റെ ജനനം ഹദ്റത്ത് ഈസാ(അ)ന്റെ ജനനത്തേക്കാളും കുറഞ്ഞതോതിലുള്ള മുഅ്ജിസ അല്ലായിരുന്നു. മറിച്ച് ഹദ്റത്ത് ഈസാ(അ)ൽ പിതാവിന്റെ ഭാഗം മാത്രമാണ് അഭൗമികമായിട്ടുള്ളത്. ഹദ്റത്ത് യഹ്‌യ(അ)ൽ മാതാവിന്റേയും പിതാവിന്റേയും അതായത് രണ്ട് ഭാഗവും അഭൗമികമാണ്. അതോടൊപ്പം ഹദ്റത്ത് യഹ്‌യയുടെ ജനനമെന്ന അടയാളം സ്വച്ഛവുമാണ്. കാരണം അദ്ദേഹത്തിന്റെ മാതാവിനു മേൽ അവർ വന്ധ്യയായിരുന്നതു കൊണ്ട് അവിഹിത ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടില്ല. ആരോപണത്തിന് ഒരു സാഹചര്യവും ഇല്ലായിരുന്നു. എന്നാൽ ഹദ്റത്ത് മർയമിനു മേൽ ആരോപണം ഉന്നയിക്കപ്പെട്ടു. ആ ആരോപണം ഹദ്റത്ത് ഈസാ(അ)ന്റെ ജനനമെന്ന അത്ഭുതത്തെ മറമാടുന്നു.
(നസീമെ ദഅ്‌വത്ത്, റൂഹാനി ഖസാഇൻ ഭാഗം : 19, പേജ് : 380,381)

എഡിറ്റോറിയൽ


# ദൈവത്തിന്റെ ഏകത്വം

ഇസ്‌ലാം മതത്തിന്റെ മൂലപ്രമാണമാണ് തൗഹീദ്. അഥവാ ദൈവത്തിന്റെ ഏകത്വം. സത്തയിലും ഗുണത്തിലും പ്രവർത്തിയിലും യാതൊരു പങ്കാളിയുമില്ലാതെ ദൈവം ഏകനാണ് എന്നതാണ് ഇസ്‌ലാമിക ദൈവ സങ്കൽപ്പം. *'അല്ലാഹു, അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. മുഹമ്മദ് അവന്റെ ദൂതനാണ്'* എന്ന പ്രഖ്യാപനമാണ് ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിസ്ഥാന ശില. ദൈവത്തിന്റെ ഏകത്വത്തെ പ്രഘോഷിക്കുന്ന ദൈവിക ഗുണങ്ങൾ അല്ലാഹു ഖുർആനിൽ നിരവധി വചനങ്ങളിൽ വിവരിക്കുന്നു:

*'സർവ്വലോക പരിപാലകൻ, കൃപാനിധി പരമ ദയാലു വിധിനാളിന്റെ അധിപതി.' (സൂറ: ഫാത്തിഹ)'അവൻ ദൈവം, ഏകനും എല്ലാറ്റിന്നും അവലംബമായവനു മാണ്. അവൻ ജാതനുമല്ല, ജനകനുമല്ല. അവന്ന് തുല്യനായി ആരുമില്ല' (111:1- 5) 'ആരാധനക്കും അനുസരണത്തിന്നും അർഹനായി താനല്ലാതെ മറ്റാരുമില്ലാതെ ഏകനായി രിക്കുന്നവനത്രെ ദൈവം' (59:23)'അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനിൽക്കുന്നവനും (എല്ലാറ്റിനെയും) നിലനിർത്തുന്നവനുമാണ്.' (3:3) 'അജയ്യ പ്രതാപി' (57:6) 'സൃഷ്ടികൾക്ക് സമീപസ്ഥൻ'(2:187) 'ആകാശ ഭൂമികളെ ന്യായമായ ലക്ഷ്യങ്ങളെ മുൻ നിർത്തി സൃഷ്ടിച്ചവനത്രെ അവൻ'(6:73) 'ആകാശ ഭൂമിയികളുടേയും അവക്കിടയിലുള്ള സകലതിന്റേയും നാഥൻ'(19:65) 'അവൻ തന്നെയാണ് ഏക ദൈവം പ്രഭാവത്തിന്റെ ആദരവിന്റെയും ഉടമസ്ഥൻ'(55:28) 'എല്ലാം അറിയുന്നവൻ കേൾക്കുന്നവൻ (2:182) 'അല്ലാഹു എല്ലാ കാര്യത്തിലും കഴിവുള്ള സർവ്വ ശക്തനാകുന്നു.' (2:149) 'പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥന കേൾക്കുകയും ഉത്തരമരുളുകയും ചെയ്യുന്നവൻ' (2:187) 'ദൈവത്തോട് തത്വത്തിലും ഗുണത്തിലും തുല്യത വഹിക്കുന്നതായി ഒരു വസ്തുവുമില്ല.'(42: 12) ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല. എന്നാൽ അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു. (6: 104) അവനിഛിക്കുന്നത് വിധിക്കുന്നു.' (5:2) 'അത്യുദാരൻ അധികമധികം കരുണ ചെയ്യുന്നവൻ'(2:144)*

ഖുർആനിൽ വിവരിക്കപ്പെട്ട ഗുണങ്ങളുള്ള സർവ്വശക്തനും സർവ്വവ്യാപിയും സർവ്വകാലികനുമായ ഒരസ്തിത്വത്തിന് മാത്രമേ സർവ്വ പ്രപഞ്ചത്തെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവം എന്ന് വിളിക്കാൻ അർഹതയുള്ളൂ. ഇസ്‌ലാം മതം മാത്രമല്ല ക്രിസ്തുമതത്തിലും പാവനങ്ങളായ ഭാരതീയ മതങ്ങളിലും ഈ അടിസ്ഥാന യാഥാർത്ഥ്യം ഉള്ളടങ്ങിയ നിരവധി പ്രതിപാദനങ്ങൾ കാണാം. എന്നിട്ടും ബലഹീനനും പരിമിതനും മനുഷ്യവർഗ്ഗത്തിൽപ്പെട്ടവരുമായ മരിച്ചവരു ജീവിച്ചിരിക്കുന്നവരുമായ വ്യക്തികളെ, ദൈവമായോ ദൈവപുത്രനായോ ദൈവത്തിന്റെ അംശമായോ ദൈവത്തിന്റെ അവതാരമായോ മനുഷ്യൻ ആരാധിക്കുന്നു. അതിലുപരി ജീവികളും ജഡവസ്തുക്കൾ പോലും ദൈവമോ അല്ലെങ്കിൽ ദൈവിക ചൈതന്യം ആവഹിക്കുന്നവയോ ദിവ്യത്വമുള്ളവ യോ ആണെന്നു കരുതി ആരാധിക്കപ്പെടുന്നു. എല്ലാ മുഖ്യമതങ്ങളിലും അളവു ഭേദങ്ങളോടെ ഇത്തരക്കാരെ കാണാം. പ്രപഞ്ചം സൃഷ്ടിച്ച് പരിപാലിക്കുന്ന അദൃശ്യനും സർവ്വ ശക്തനും മഹിതവാനുമായ ദൈവമെവിടെ? രോഗ പീഢകൾക്കും വിശപ്പിന്നും മരണത്തിന്നും വിധേയനാകുന്ന ബലഹീനനും ദൈവ സൃഷ്ടിയുമായ മനുഷ്യനെവിടെ? അത് കൊണ്ടാണ് ദൈവത്തിൽ പങ്കുചേർക്കൽ ദൈവ സ്ങ്കൽപ്പത്തിൽ കളങ്കം ചേർക്കലാണെന്ന് പറയുന്നത്. വാസ്തവത്തിൽ മനുഷ്യൻ മറ്റു ഭൗതിക കാര്യങ്ങളിൽ കാട്ടുന്ന വിശകലന ബുദ്ധിയും ചിന്താശേഷിയും യഥാർത്ഥ ദൈവത്തെ അന്വേഷിക്കുന്നതിൽ കാട്ടുന്നില്ല. പഞ്ചേന്ദ്രിയങ്ങളിലൂടെ അറിയുന്ന വസ്തുക്കളുടെ അസ്തിത്വത്തിൽ മാത്രം വിശ്വസിക്കുകയും ദൈവവും അത്തരത്തിലുള്ള ഒരു വസ്തുവോ ശക്തിയോ ആണെന്ന് അവൻ കരുതുകയും ചെയ്യുന്നു. തന്റെ ആത്മീയ ബോധവും ബുദ്ധിയും കർമ്മവും ഉപയോഗിച്ച് അദൃശ്യനും സർവ്വശക്തനുമായ ദൈവത്തെ അന്വേഷിക്കുവാനോ ആത്മീയാനുഭവങ്ങളിലൂടെ ദൈവബോധത്തെ ദൃഢീകരിക്കാനോ മനുഷ്യൻ ശ്രമിക്കുന്നില്ല. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്‌മദ്(അ) ഇസ്‌ലാമിലെ ദൈവസങ്കൽപ്പത്തെ പറ്റി പറയുന്നു:

*'ഇസ്‌ലാമിന്റെ ദൈവം പ്രകൃതി നിയമമാകുന്ന ദർപ്പണത്തിൽ ദൃശ്യമാകുന്നതും പ്രകൃതി ഗ്രന്ഥത്തിൽ തിരിച്ചറിയപ്പെടുന്നതുമായ ദൈവം തന്നെയാണ്. ഇസ്‌ലാം ഒരു പുതിയ ദൈവത്തെയല്ല അവതരിപ്പിക്കുന്നത്. മനുഷ്യന്റെ ഹൃദയ വെളിച്ചത്തിൽ വെളിപ്പെടുന്നതും മനുഷ്യന്റെ അന്ത:പ്രകൃതിയിലുള്ളതും ആകാശത്തിലും ഭൂമിയിലുമുള്ള അതേ ദൈവം. തന്നെയാണത്. (മജ്മുഅ ഇസ്തിഗാറാത്ത്, വാ: 2 പേജ് 310,311)*



ഹദ്റത്ത് അഹ്മദ് (അ)

# യേശുവിനെ സംബന്ധിച്ച അയുക്തിക വിശ്വാസങ്ങൾ

ഹാ കഷ്ടം! മനുഷ്യൻ ഒരു സംഗതി പറഞ്ഞു പോകുകയോ ഏതെങ്കിലുമൊരു വിശ്വാസ സിദ്ധാന്തം കൈകൊള്ളുകയോ ചെയ്തു കഴിഞ്ഞാൽ പിന്നെ ആ സംഗതിയുടെ നേരെയോ ആ സിദ്ധാന്തത്തിന്റെ യുക്തി ഭംഗവും നിരർഥകതയും എത്ര തന്നെ വെളിപ്പെട്ടാലും അതിനെ കൈവെടിയാൻ കൂട്ടാക്കാറില്ല. ഈ നില എത്ര തന്നെ ശോചനീയമായിട്ടുള്ളതാണ്. മോക്ഷപ്രാപ്തിക്കുള്ള അഭിലാഷം സത്യത്തിന് മേൽ അധിഷ്ഠിതമാണെങ്കിൽ അതു ശ്ലാഘ്യം തന്നെ. എന്നാൽ സത്യ പ്രവാചകനായ ഒരു പാവനാത്മാവിന് ദൈവവുമായുള്ള ബന്ധം അറ്റുപോകത്തക്ക അന്യഥാത്വം സംഭവിച്ച് ഏകാഗ്ര ഭക്തിക്കും വിശ്വാസത്തിനും നിഷ്ഠക്കും ഭംഗകരമാം വിധം അദ്ദേഹത്തിനും ദൈവവുമായി അന്യാഥാത്വവും വിരഹവും വിരാഗവും സംജാതമായി അദ്ദേഹത്തിന്റെ ഹൃദയം ദൈവാനുരാഗപ്രഭയ്ക്കു പകരം തമോഭാവത്തിന്റെ ഇരിപ്പിടമായിത്തീർന്നുവെന്നു പറയുന്നതിന് തുല്യമായ തരത്തിലുള്ള ഈ വിശ്വസ സിദ്ധാന്തത്തെ കൈകൊള്ളുകയും അങ്ങനെ ഒരു സത്യത്തെ അറുകൊല ചെയ്യുകയും ചെയ്തുകൊണ്ടുള്ള മോക്ഷാഭിലാഷത്തിന് എന്ത് അർഥമാണുള്ളത്?


തന്നെയുമല്ല. ഈ വിശ്വാസ സിദ്ധാന്തം യേശു മശീഹായുടെ ദിവ്യമായ പ്രവാചക ദൗത്യത്തിന് സുവിശേഷത്തിൽ ഉടനീളം അദ്ദേഹം അവകാശപ്പെട്ടു കാണുന്ന തന്റെ ശ്രേഷ്ഠതക്കും ദൈവപ്രേമത്തിലും ദിവ്യജ്ഞാന ലബ്ദിക്കുക്കുമെല്ലാം കടകവിരുദ്ധ മായിരിക്കുന്നതാണ്. താൻ ലോകത്തിന്റെ പ്രദീപമാണെന്നും സത്യ മാർഗദർശകനാണെന്നും തനിക്കു ദൈവവുമായി അത്യുൽക്കൃഷ്ടമായ തരത്തിലുള്ള പാവനമായൊരു സ്നേഹ ബന്ധമുണ്ടെന്നും താൻ അവങ്കൽ പാവന ജന്മം പ്രാപിച്ചിരിക്കുന്നുവെന്നും അവന്റെ പ്രിയപുത്രനാണെന്നുമെല്ലാം അദ്ദേഹം അവകാശപ്പെട്ടിട്ടുള്ളതായി സുവിശേഷങ്ങൾ വായിച്ചു നോക്കുന്ന ഏവർക്കും സ്പഷ്ടമായി കാണാവുന്നതാണ് . ഇങ്ങനെ അദ്ദേഹത്തിന് ദൈവവുമായി അവിഭാജ്യമായ ഒരു പാവന പ്രേമബന്ധം നിലനിന്നിരിക്കേ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ ശാപ സംബന്ധിയായ അശുദ്ധാർഥം സാക്ഷാത്ഭവിക്കുന്നതെങ്ങനെ? ഇതു ഒരിക്കലും സംഭവ്യമല്ല തന്നെ. ആകയാൽ അദ്ദേഹത്തെ കുരിശിച്ചു കൊന്നിട്ടില്ല എന്നത് തെളിഞ്ഞ ഒരു വസ്തുതയാണ്. അതായത് കുരിശിന്മേൽ തറക്കപ്പെട്ടുവെങ്കിലും അദ്ദേഹം അതിന്മേൽ മരിച്ചിരുന്നില്ല. എന്തെന്നാൽ കുരിശീകരണത്തിന്റെ ഫലത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ വ്യക്തിത്വം എത്രയും ഉപരിയായിട്ടുള്ളതത്രെ. ഇങ്ങനെ അദ്ദേഹം കുരിശിൽ മരിച്ചിരുന്നില്ല എന്ന് വരുമ്പോൾ ശാപത്തിന്റെ അശുദ്ധമായ അപവിത്രവുമായ ഫലത്തിലും സാഹചര്യത്തിലും നിന്ന് സന്ദേഹമന്യെ അദ്ദേഹത്തിന്റെ ഹൃദയം നിർബാധം സുരക്ഷിതവുമാക്കപ്പെട്ടിരിക്കുന്നു എന്നു സിദ്ധിക്കുന്നു. ഇതിൽ നിന്നും അദ്ദേഹം ആകാശത്തേക്ക് കരേറിപ്പോയിട്ടില്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. എന്തെന്നാൽ അദ്ദേഹത്തിന്റെ ആകാശാരോഹണ സങ്കൽപ്പം കുരിശീകരണ പദ്ധതിയുടെ ഒരു ഘടകവും ശാഖയുമത്രെ. അതിനാൽ അദ്ദേഹം ശാപഗ്രസ്തനല്ലെന്നും മൂന്ന് ദിവസം നരകത്തിലിരുന്നില്ലെന്നും മരത്തിന്മേൽ തൂങ്ങി മരിച്ചിട്ടില്ലെന്നും തെളിഞ്ഞതോടെ അതിന്റെ രണ്ടാമത്തെവശമായ ആകാശാരോഹണവും അവാസ്തവമാണെന്ന് സിദ്ധിച്ചു. ഇതിലേക്ക് സുവിശേഷത്തിൽ നിന്ന് വേറെയും അനേകം പ്രമാണങ്ങൾ ലഭിക്കുന്നുണ്ട്.

*(മസീഹ് ഹിന്ദുസ്ഥാൻ മെ)*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 നവംബർ 18ന് ലണ്ടനിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം.

# കാനഡയിൽ അഹ്മദിയ്യാ ജമാഅത്തിന് അഭൂതപൂർവമായ അംഗീകാരം

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)



കഴിഞ്ഞ ദിനങ്ങളിൽ ഞാൻ കാനഡ പര്യടനത്തിലായിരുന്നു. ഏകദേശം ആറ് ആഴ്ചത്തെ പരിപാടിയായിരുന്നു. അല്ലാഹുവിന്റെ കൃപയാൽ എല്ലാ രീതിയിലും ഈ പര്യടനം അനുഗൃഹീതമായിരുന്നു. കാനഡ ദേശീയ വാർഷിക സമ്മേളനത്തിന് ശേഷം അവിടെത്തെ ജൽസയെ സംബന്ധിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും സംഘടനാപരമായ കാര്യങ്ങളും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കുള്ള നന്ദിയും ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിരുന്നു.

അല്ലാഹുവിന്റെ കൃപയാൽ കാനഡയിലെ ജമാഅത്തും ലോകത്തെ ധാരാളം മറ്റു ജമാഅത്തുകളെപ്പോലെ ആത്മാർഥതയിലും കൂറിലും മുന്നോട്ടു ചുവടുവയ്ക്കുന്ന ജമാഅത്തുകളിൽപ്പെട്ടതാണ്. പ്രത്യേകിച്ചും പ്രസ്സിന്റേയും മീഡിയകളുടേയും രംഗത്ത് യുവാക്കൾ ധാരാളം പ്രവർത്തിക്കുന്നു. വിപുലമായ രീതിയിൽ ജമാഅത്തിനെ പരിചയപ്പെടുത്താൻ ശ്രമിച്ചു. അല്ലാഹു അവരുടെ ഈ ശ്രമങ്ങൾക്ക് ഫലവും നല്കി. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവർ തുടക്കം കുറിച്ചു. അല്ലാഹു അതിൽ അതിരറ്റ അനുഗ്രഹം ചൊരിഞ്ഞു. തങ്ങളുടെ പ്രതീക്ഷയെക്കാളധികം പരിഗണന തങ്ങൾക്കു കിട്ടിയെന്ന് ഈ യുവാക്കൾ, ഈ ജോലിയെടുത്ത ചെറുപ്പക്കാർ തന്നെ സമ്മതിക്കുന്നു.

അല്ലാഹുവിന്റെ കൃപയാൽ അവിടെ മൂന്നു പുതിയ മസ്ജിദുകൾ നിർമിച്ചു. രണ്ടെണ്ണത്തിന്റെ ഉദ്ഘാടനം മറ്റുള്ളവരെ ക്ഷണിച്ചുകൊണ്ടുള്ളതായിരുന്നു. പാർലമെന്റിലും ഒരു പരിപാടി നടന്നു. York യൂണിവേഴ്സിറ്റിയിലും പ്രസംഗിച്ചു. ടൊറോൻഡോ (Toronto) യിൽ പീസ് സിംപോസിയം ഉണ്ടായി. കാൽഗരിയിലും പീസ് സിംപോസിയം നടന്നു. ഇതിൽ മറ്റുള്ളവരുടെ മുമ്പിൽ ഇസ്‌ലാമികാധ്യാപനങ്ങൾ സമർപിക്കാനുള്ള അവസരം കിട്ടി. അല്ലാഹുവിന്റെ കൃപയാൽ എല്ലായിടത്തും ഇസ്‌ലാമികാധ്യാപനങ്ങളുടെ മനോഹാരിത ആളുകൾ അംഗീകരിച്ചു. ആദ്യം ഞാൻ ഹ്രസ്വമായി ടൊറോൻഡോ (Toronto) യിലെ മാധ്യമ കവറേജിനെക്കുറിച്ച് പറയുകയാണ്. ടൊറോൻഡോ (Toronto) യിൽ മൂന്നു ഇന്റർവ്യൂകൾ നടന്നു. അതിലൊന്ന് Global News Toronto യുടേതായിരുന്നു. ഈ

ഇന്റർവ്യൂ സംപ്രേഷണം ചെയ്യപ്പെട്ടു. ഏകദേശം മൂന്നു ലക്ഷം ആളുകൾ ഇതുകണ്ടു. ഇപ്രകാരം രണ്ടാമത്തെ ഇന്റർവ്യൂ CBC യുടേതായിരുന്നു. ഇത് അവരുടെ നാഷണൽ ന്യൂസ് ചാനലാണ്. ഏകദേശം അരമണിക്കൂർ ഈ പരിപാടിക്കായി നാഷണൽ ടെലിവിഷനിൽ അനുവദിച്ചു. 10 മില്യൺ കാനഡക്കാരിൽ സന്ദേശമെത്തി. ഇതുപോലെ ഗ്ലോബ് ആൻഡ് മെയിൽ എന്ന ഒരു ദേശീയ പത്രമുണ്ട്. ഇതിൽ വിശദമായ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. യൂട്യൂബ് ചാനലിലും വന്നു. ഇതുമുഖേനയും 10 ലക്ഷം ആളുകളിൽ വാർത്തയെത്തി.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇനി ഞാൻ അടുത്ത പരിപാടിയെക്കുറിച്ച് പറയുകയാണ്. ഇത് ജൽസയ്ക്കുശേഷമുള്ള ആദ്യത്തെ പരിപാടിയായിരുന്നു. ഇവരുടെ തലസ്ഥാനമായ **ഓട്ടവ**യിലെ പാർലമെന്റിലാണ് ഈ പരിപാടി നടന്നത്. അവിടെ ദിവസം മുഴുവൻ തിരക്കിട്ട പരിപാടിയായിരുന്നു. ആളുകളുമായി കൂടിക്കാഴ്ചകൾ നടന്നു. പ്രധാനമന്ത്രിയുമായി പ്രത്യേകം കൂടിക്കാഴ്ചയും നടന്നു. പിന്നീട് അദ്ദേഹത്തിന്റെ കാബിനറ്റിലെ ഏതാനും മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തി. വളരെ നല്ല അന്തരീക്ഷമായിരുന്നു. അവരുടെ സഹകരണം എപ്പോഴും ജമാഅത്തിനുണ്ടായിട്ടുണ്ട്. അതിന് ഞാൻ അവർക്ക് നന്ദിയും പറഞ്ഞു.

അവിടെ പാർലമെന്റ് ഹൗസിന്റെ ഒരു ഹാളിലാണ് പരിപാടി നടന്നത്. അതിൽ കനഡിയൻ സർക്കാറിന്റെ 6 മന്ത്രിമാരും 57 നാഷണൽ പാർലമെന്റംഗങ്ങളും വിവിധ രാജ്യങ്ങളിലെ 11 അമ്പാസിഡർമാരും അമേരിക്കൻ എമ്പസിയുടെ ഫസ്റ്റ് സെക്രട്ടറിയും ലിബിയൻ എമ്പസിയുടെ പ്രതിനിധികളും പങ്കെടുത്തു. ഒന്റാറിയോ സംസ്ഥാനത്തെ മന്ത്രിയും പങ്കെടുത്തിരുന്നു. 30 ൽ അധികം വിശിഷ്ട വ്യക്തികളും പരിപാടിയിൽ പങ്കെടുത്തു. ഇവരിൽ ചീഫ് ഓഫ് സ്റ്റാഫും മന്ത്രിമാരും ഉൾപ്പെടുന്നു. Evangelical Fellowship ന്റെ ഡയറക്ടർ ഉണ്ടായിരുന്നു. കനഡിയൻ റെഡ്ക്രോസിന്റെ ചീഫ് കമ്മ്യൂണിക്കേഷൻ ആഫീസറുമുണ്ടായിരുന്നു. RCMPയുടെ അസിസ്റ്റന്റ് കമ്മീഷണറുണ്ടായിരുന്നു. ഓട്ടവ യൂണിവേഴ്സിറ്റി, കാൾട്ടൺ യൂണിവേഴ്സിറ്റി എന്നിവയുടെ പ്രഫസർമാരും ഉൾപ്പെടുന്നു. ചില Dean മാരും വൈസ് പ്രസിഡന്റുമാരുമുണ്ടായിരുന്നു. കനഡിയൻ കൗൺസിൽ ഫോർ മുസ്‌ലിമിന്റെ ഡയറക്ടറും പങ്കെടുത്തിരുന്നു. യു.എസ്സ്. സർക്കാറിന്റെ പ്രതിനിധികളും ഉയർന്ന നയരൂപീകരണ വിദഗ്ധരും പങ്കെടുത്തിരുന്നു. ലോകകാര്യങ്ങളിൽ വൻ സ്വാധീനം ചെലുത്താൻ ശേഷിയുള്ള ചില പ്രധാന വ്യക്തികളുടെ സാന്നിദ്ധ്യം അവിടെ ഉണ്ടായിരുന്നു. ഈ പരിപടിയിൽ ഇസ്‌ലാമികാധ്യാപനങ്ങൾ വിവരിക്കാൻ അവസരം കിട്ടി. ഇപ്രകാരം അവരുടെ ഇരട്ടത്താപ്പ് നയങ്ങളും ഞാൻ വ്യക്തമാക്കുകയുണ്ടായി. മുസ്‌ലീംകളെ മാത്രം അടച്ചാക്ഷേപിക്കാതെ സ്വന്തം പ്രവർത്തനങ്ങളിലേക്കും ആത്മ പരിശോധന നടത്താനും നിങ്ങൾ കാരണത്താൽ ചിലഘട്ടങ്ങളിൽ ലോകത്തുണ്ടാകുന്ന കലഹങ്ങളെ കുറിച്ച് പരിചിന്തനം ചെയ്യണമെന്നും പറഞ്ഞു:'ഈ പ്രസംഗത്തിന്റെ പ്രതികരണങ്ങൾ ഇപ്രകാരമായിരുന്നു.

ജോഡിസേഗർ, പാർലമെന്റംഗം ഇപ്രകാരം പറഞ്ഞു: 'ജമാഅത്തിന്റെ ഇമാമിന്റെ ഈ പ്രസംഗം നമുക്കെങ്ങനെ മൂന്നാം ലോക മഹായുദ്ധത്തിൽനിന്ന് രക്ഷപ്പെടാമെന്ന ഉപദേശങ്ങളാൽ നിർഭരമായിരുന്നു.' അവർ പറയുന്നു:'ഇപ്പോൾ നല്കപ്പെട്ടിരിക്കുന്ന ഈ സന്ദേശം മുഴുലോകത്തും എത്തിക്കേണ്ട ആവശ്യമുണ്ട്..'

മറ്റൊരു പാർലമെന്റംഗം കിയൂൺവാൺ പറഞ്ഞു:'ചുരുങ്ങിയ വാക്കുകളിൽ ഒരുപാട് വിഷയങ്ങളിൽ വെളിച്ചം വീശി. ജമാഅത്തിന്റെ ഇമാം തന്റെ പ്രസംഗത്തിൽ വിശുദ്ധ ഖുർആനിലെ ധാരാളം ഉദ്ധരണികൾ സമർപ്പിച്ചതിൽ ഞാൻ പ്രത്യേകിച്ചും ആകർഷിതനാണ്.' ഇപ്രകാരംതന്നെ ഇസ്റായേൽ അമ്പാസിഡറും അവിടെ ഉണ്ടായിരുന്നു.അദ്ദേഹം പറയുന്നു:'സമാധാനത്തിന് സുപ്രധാനമായ സന്ദേശമായിരുന്നു. ഇന്ന് ഇസ്‌ലാമിനെക്കുറിച്ചുളള എന്റെ ചിന്താഗതികൾ മാറിപ്പോയി. അതിനോടുളള ആദരവും കൂടി. ഈ പ്രസംഗം പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടുതൽ കൂടുതൽ ആളുകളിൽ എത്തിക്കേണ്ടതാണ്. ജനങ്ങൾ ഈ സന്ദേശത്തെ അനുധാവനം ചെയ്താൽ ലോകത്തെ ഏതു കാഠിന്യമേറിയ പ്രശ്നങ്ങളും പരിഹരിക്കാവുന്നതാണ്. ഈ പ്രസംഗത്തിലെ സഹിഷ്ണുതയുടെ ഭാഗം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. മുസ്‌ലീംകളാവട്ടെ യഹൂദികളാവട്ടെ എല്ലാവരോടുമുളള കടമകൾ നിറവേറ്റേണ്ടതാണ്.'

പാർലമെന്റംഗമായ നെക്കോളാഡി ഓറിയോ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'വളരെ നല്ല പ്രസംഗമായിരുന്നു. ഇതിൽ എല്ലാ ലോകപ്രശ്നങ്ങളേയും ഹ്രസ്വമായി അവതരിപ്പിച്ചു. അവിടന്ന് മതത്തിന്റെ പശ്ചാത്തലത്തിൽ ലോകത്തിന്റെ പ്രശ്നങ്ങളിലും വെളിച്ചം വീശി. അഹ്മദിയ്യാ ജമാഅത്ത് വളരെ ശക്തമായ ഒരു ജമാഅത്താണ്. മതസംഘടനകൾക്ക് ഒരു മാതൃകയാണ്. മതപരമായ കാര്യങ്ങളിൽ സഹിഷ്ണുത പാലിക്കേണ്ടതാണെന്നതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു. ഇതിനെക്കാൾ ഉത്തമമായ ഒരു പ്രസംഗം കേട്ടിട്ടുണ്ടോ എന്നെനിക്ക് അറിയില്ല. അദ്ദേഹം മുഴുലോകവും അഭീമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളിലും വെളിച്ചം വീശി.' പറയുന്നു:'എനിക്ക് ഈ പരിപാടിയിൽ പങ്കെടുത്ത് സമാധാനത്തിനുവേണ്ടി സംസാരിക്കുന്ന ആളുടെ ശബ്ദം കേട്ട് അതിരറ്റ സന്തോഷമുണ്ടായി.'

ജർമൻ അമ്പാസിഡറായ വർണർ വിന്റ് പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഭാവിയുടെ രേഖാചിത്രം വരച്ചിരിക്കുകയാണ്. നമ്മളെല്ലാവരും അത്തരം സമാധാനപൂർണമായ ഭാവിയാണ് ആഗ്ര

ഹിക്കുന്നത്. ഇസ്‌ലാം സമാധാന പൂർണമായ മതമാണെന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്ന് നമുക്ക് അറിയാൻ കഴിഞ്ഞു. യൂറോപ്പിൽ വരുന്നവരുമായി ചേർന്ന് നമുക്കെല്ലാവർക്കും താമസിക്കാൻ കഴിയും. ഈ പ്രസംഗത്തിന്റെ സുപ്രധാന സന്ദേശം ലോകത്തിന്റെ ഉന്നമനത്തിനായി നമ്മളെല്ലാവരുംശ്രമിക്കേണ്ടിവരും എന്നതാണ്. പൊതുജനങ്ങൾക്ക് വ്യക്തിപരമായ നിലയിൽ തങ്ങളുടെ ജീവിതം നയിക്കാൻ അനുവാദമുണ്ടെന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്.'

പാർലമെന്റ് ഹില്ലിന്റെ മീഡിയാ കവറേജ് ഉണ്ടായി. ഒന്ന് ആദ്യം പ്രധാനമന്ത്രി സാഹിബ് തന്നെ തന്റെ ടീറ്റ് അക്കൗണ്ടിലെഴുതി: 'എനിക്കിന്ന് ഓട്ടവയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ മിർസാ മസ്റൂർ അഹ്മദിനെ കണ്ട് സന്തോഷമായി. അദ്ദേഹത്തോടൊപ്പം ഫോട്ടോയും എടുത്തു. ഈ ടീറ്റ് ജനങ്ങൾക്കിടയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നു. പത്രങ്ങൾ മുഖേനയും വിവിധമാർഗങ്ങൾ മുഖേനയും പരിപാടിയുടെ വാർത്ത ഏകദേശം 75 ലക്ഷം ജനങ്ങളിൽ വരെ എത്തി. ഇപ്രകാരം ടൊറൊണ്ടോയിൽ ഐവാനെ ത്വാഹിറിൽ ഒരു പീസ് സിംപോസിയം നടന്നു. ഇതിൽ അനഹ്മദികളും അമുസ്‌ലീംകളും ഉൾപ്പെടെ 614 അതിഥികൾ പങ്കെടുത്തു. ഇവരിൽ വിവിധ പ്രദേശങ്ങളിലെ മേയർമാരും കൗൺസിലർമാരും പത്രപ്രതിനിധികളും ഡോക്ടർമാരും പ്രഫസർമാരും അധ്യാപകരും വക്കീൽമാരും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടവരും പങ്കെടുത്തു.

Presbyterian Church ന്റെ പാതിരി പറയുന്നു:'ഇന്ന് ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം എന്നെ വല്ലാതെ ആകർഷിച്ചു. കാരണം ഈ സന്ദേശം ശാന്തിയുടേയും സ്നേഹത്തിന്റേയും പ്രതീക്ഷയുടേയും സന്ദേശമായിരുന്നു. ഇതിന് വർണമോ വർഗമോ പാശ്ചാത്യമോ പൗരസ്ത്യമോ ഏതെങ്കിലും പ്രത്യേക കാലമോ സ്ഥലമോ ആയിട്ട് ബന്ധമൊന്നുമില്ല. പ്രത്യുത മുഴുവൻ ലോകത്തിനും വേണ്ടിയായിരുന്നു. ഈ പ്രഭാഷണത്തിന് മറ്റൊരു പ്രാധാന്യവുമുണ്ട്. ലോകത്ത് ധാരാളം തെറ്റായധാരണകളും ഭയവും പേടിയും വ്യാപിച്ചിരിക്കുകയാണ്. പക്ഷേ, ഇന്നത്തെ സന്ദേശത്തിൽ ഇക്കാര്യം വ്യക്തമായിരുന്നു; നമ്മുടെ ഇടയിൽ യോജിപ്പുള്ള കാര്യങ്ങളാണ് ഏറെയുള്ളത്. ഭിന്നതയുള്ള കാര്യങ്ങൾ കുറവും. ഇത് വളരെ വലിയ സന്തോഷം നൽകുന്നു. ഇത് ജനങ്ങൾ കേൾക്കേണ്ടതുണ്ട്. ഒരു അതിഥി ഗ്രേഗ് കെന്നഡി-ഇദ്ദേഹത്തിന്റെ സഹോദരി ഈയടുത്ത് ഇസ്‌ലാം സ്വീകരിച്ചിരുന്നു-പറയുന്നു:'ഞാനെന്റെ സഹോദരിയോടൊപ്പമാണ് വന്നിട്ടുള്ളത്. കാരണം അവൾ ഈയടുത്ത് ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങളെന്താണെന്ന് ഞങ്ങൾ കാണാനാഗ്രഹിച്ചിരുന്നു. ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം കേട്ട് എന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. എന്റെ സഹോദരി ഇത്രമാത്രം സ്നേഹിക്കുകയും സഹായിക്കുകയും ജനങ്ങൾക്ക് സേവനം ചെയ്യുകയും ചെയ്യുന്ന ആളുകളിൽ ചേർന്നിരിക്കുന്നു. ഇന്ന് പഠിച്ച കാര്യങ്ങളിൽ ഞാൻ അതീവ സന്തുഷ്ടനാണ്.'

ഒരു മുസ്‌ലിം സഹോദരൻ പാർലമെന്റിലുണ്ടായിരുന്നു. നൈൽ അസോസിയേഷന്റെ പ്രസിഡന്റാണ്. മുഹമ്മദുൽ ഹലാവാജി. അദ്ദേഹം പറയുന്നു:'ഞാൻ പാർലമെന്റിൽ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേട്ടു. പാർലമെന്റിൽ ഈ രീതിയിൽ ഒരു മുസ്‌ലിം നേതാവിന് പ്രഭാഷണം നടത്താൻ കഴിയുമോ എന്നത് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. ഭയത്തിന്റെ ഒരു ലാഞ്ഛനപോലും കാണാൻ കഴിഞ്ഞിരുന്നില്ല. അങ്ങേയറ്റം നിർഭയമായ രീതിയിൽ തന്റെ പ്രഭാഷണം നടത്തി. ഇതുതന്നെയാണ് ഇസ്‌ലാമിന്റെ ശരിയും സത്യസന്ധവുമായ സന്ദേശമെന്ന് ജനങ്ങൾക്ക് ദൃഢവിശ്വാസമായി. നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങൾക്കു പിന്നിൽ കുറച്ചാളുകളുണ്ട്. അവരാണ് അതിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നത്.'

അമീറുൽമുഅ്മിനീൻ പറഞ്ഞു:'മൂന്നാമത്തെ പരിപാടി യോർക്ക് യൂണിവേഴ്സിറ്റിയിലാണ് നടന്നത്. കാനഡയിലെ വലിയ യൂണിവേഴ്സിറ്റികളിൽപെട്ടതാണ്

ഒരു മുസ്‌ലിം സഹോദരൻ പാർലമെന്റിലുണ്ടായിരുന്നു. നൈൽ അസോസിയേഷന്റെ പ്രസിഡന്റാണ്. മുഹമ്മദുൽ ഹലാവാജി. അദ്ദേഹം പറയുന്നു:'ഞാൻ പാർലമെന്റിൽ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേട്ടു. പാർലമെന്റിൽ ഈ രീതിയിൽ ഒരു മുസ്‌ലിം നേതാവിന് പ്രഭാഷണം നടത്താൻ കഴിയുമോ എന്നത് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. ഭയത്തിന്റെ ഒരു ലാഞ്ഛനപോലും കാണാൻ കഴിഞ്ഞിരുന്നില്ല. അങ്ങേയറ്റം നിർഭയമായ രീതിയിൽ തന്റെ പ്രഭാഷണം നടത്തി. ഇതുതന്നെയാണ് ഇസ്‌ലാമിന്റെ ശരിയും സത്യസന്ധവുമായ സന്ദേശമെന്ന് ജനങ്ങൾക്ക് ദൃഢവിശ്വാസമായി. നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങൾക്കു പിന്നിൽ കുറച്ചാളുകളുണ്ട്. അവരാണ് അതിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നത്.'

യാറിക് യൂണിവേഴ്സിറ്റി. അതിൽ 11 ഫാക്കൽറ്റീസു കളുണ്ട്. മെയിൻ കാമ്പസിൽ 53,000 ലധികം വിദ്യാർഥികൾ പഠിച്ചുകൊണ്ടിരിക്കുന്നു. ഈ യൂണിവേഴ്സിറ്റിയിലെ അധ്യാപകരുടെ എണ്ണം ഏഴായിരത്തിനടുത്താണ്. ഈ യൂണിവേഴ്സിറ്റിയിൽനിന്ന് ഇതുവരെ മൂന്നുലക്ഷത്തോളം വിദ്യാർഥികൾ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. കാനഡയിലെ മൂന്നാമത്തെ വലിയ യൂണിവേഴ്സിറ്റിയാണിത്. ഒരു വിദ്യാർഥിനി ശേരൽക്രൈസ് പറയുന്നു:'വളരെ നല്ല അവസരമായിരുന്നു. ഇതിൽ ഞങ്ങൾക്കെല്ലാവർക്കും ഇസ്ലാമിന്റെ ചില യഥാർഥ അധ്യാപനങ്ങളെ കുറിച്ച് അറിയാൻ കഴിഞ്ഞു. ഇപ്പോൾ എനിക്ക് ഇസ്ലാമിന്റെ കുറച്ചു അറിവ് കരസ്ഥമായി.'

പിന്നീട് ഞങ്ങൾ സസ്ക്കാടോണിൽ പോയിരുന്നു. അവിടേയും കുറച്ചു പ്രസ്സ് കോൺഫ്രൻസുകൾ നടന്നു. ജമാഅത്തിന്റെ പരിപാടികളുമുണ്ടായിരുന്നു. റേഡിയോയും പ്രസ്സും മുഖേന മൊത്തത്തിൽ 1.78 മില്യൺ ജനങ്ങൾക്ക് വരെ സന്ദേശമെത്തി. പിന്നീട് നടന്നത് റജായിനായിലെ മസ്ജിദ് മഹ്മൂദിന്റെ ഉൽഘാടനമായിരുന്നു. അവിടേയും ഒരു ഹോട്ടലിൽ റിസപ്ഷൻ നടന്നിരുന്നു. ഇതിൽ 200 അതിഥികൾ പങ്കെടുത്തു. ഇതിൽ സസ്കാടോൺ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയും സഹമുഖ്യമന്ത്രിയും റജായിനാസിറ്റിയുടെ മേയറും പൊതുസുരക്ഷാ മിനിസ്റ്ററും, പ്രതിപക്ഷ ഡപ്യൂട്ടി ഹൗസ് ലീഡറും സമീപ നഗരങ്ങളിലെ ഇപ്പോഴത്തേയും മുമ്പത്തേയും മേയർമാരും സസ്കാചവാൻ യൂണിവേഴ്സിറ്റി(Saskatchewan University) യുടെ പ്രസിഡന്റും വൈസ് പ്രസിഡന്റും റജിനാ യൂണിവേഴ്സിറ്റി (University of Regina ) യിലെ റിലീജിയസ്സ് സ്റ്റഡീസ് ഡിപ്പാർട്ടുമെന്റിന്റെ ഹെഡ് പ്രൊഫസർ, പാതിരിമാർ, പോലീസ് ചീഫുമാർ, മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട അതിഥികളെല്ലാം പങ്കെടുത്തിരുന്നു. ഒരു പ്രൊഫസർ റജായിനായിലെ മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ പ്രഭാഷണം കേട്ടതിനുശേഷം പറഞ്ഞു: 'അങ്ങേയറ്റം ഈശ്വരീയ ജ്ഞാനങ്ങൾ നിറഞ്ഞതും ഹൃദയഹാരിയുമായ പ്രഭാഷണമായിരുന്നു. ആഗോളമതങ്ങളുടെ ഒരു പ്രൊഫസർ എന്ന നിലയിൽ ഞാൻ കേട്ടിട്ടുള്ള പ്രഭാഷണങ്ങളെക്കാളൊക്കെ സുവ്യക്തമായിരുന്നു.'

സസ്കാചവാനിലെ പ്രതിപക്ഷ നേതാവ് ട്രെന്റ് വോദർസ്പൂൺ പറയുന്നു:'ഇന്നത്തെ സമ്മേളനം ഒരു മനോഹരമായ സമ്മേളനമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം ശക്തവും അനിവര്യമായതുമായ സന്ദേശമായിരുന്നു. ഇത് നമ്മുടെ മതങ്ങളിലെ യോജിപ്പുള്ള കാര്യങ്ങൾ അടയാളപ്പെടുത്തി. നമ്മൾ നമുക്കുവേണ്ടി ഇഷ്ടപ്പെടുന്നത് മറ്റുളളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക എന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം നമുക്കെല്ലാം വളരെ പ്രധാനപ്പെട്ടതാണ്. ജമാഅത്തിന്റെ ഇമാം മൂല്യങ്ങൾ അടയാളപ്പെടുത്തി. അതിലൂടെ നമ്മളെല്ലാവരും നടക്കാൻ ശ്രമിക്കേണ്ടതാണ്. ഈ മൂല്യങ്ങൾ നമ്മുടെ നഗരമായ റജായിനായേയോ നമ്മുടെ സംസ്ഥാനമായ സസ്കാചവാനേയോ ശക്തപ്പെടുത്താൻ മാത്രമല്ല മറിച്ച് നമ്മുടെ രാജ്യത്തേയും നമ്മുടെ ലോകത്തേയും ശക്തിപ്പെടുത്തുന്നതിനുള്ളതാണ്.'

റജായിനായിൽ മസ്ജിദ് ഉദ്ഘാടനത്തിനുശേഷം മാധ്യമങ്ങൾ കവറേജ് നല്കി. വിവിധ ടി.വി. ചാനലുകളും പത്രപ്രതിനിധികളുമായി പത്രസമ്മേളനങ്ങളും വ്യക്തിഗതമായ അഭിമുഖങ്ങളും നടന്നു. ടി.വി, റേഡിയോ, പത്രങ്ങളുടെ ഏകദേശം ആറേഴ് പ്രസ്സിന്റെ വിവിധ മാധ്യമങ്ങളുടെ ആളുകളുണ്ടായിരുന്നു. ഇപ്രകാരംതന്നെ റജായിനായിലെ മസ്ജിദിന്റെ ഉദ്ഘാടനം കാരണത്താലും പത്രസമ്മേളനം കാരണത്താലും 1.97 മില്യൺ ജനങ്ങളിൽവരെ ഇസ്ലാമിന്റെ സന്ദേശമെത്തി. ലായിഡ് മിനിസ്റ്ററിൽ ബയ്ത്തുൽഅമാൻ മസ്ജിദിന്റെ ഉദ്ഘാടനം നടന്നു. ഇതൊരു ചെറിയ സ്ഥലമാണ്. അനഹ്മദികളായ 49 അതിഥികൾ പങ്കെടുത്തു. അവിടെത്തെ റിസപ്ഷനിൽ സസ്കാചവാനിലെ അസംബ്ലി അംഗവും പാർലമെന്റിലെ മുൻ അംഗങ്ങളും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട മേയറും അടുത്ത പ്രദേശങ്ങളിൽനിന്നുളള മേയർമാരും ഡപ്യൂട്ടി മേയർമാരും കൗൺസിലർമാരും പ്രൊഫസർമാരും അധ്യാപകരും പത്രപ്രതിനിധികളും മറ്റു വകുപ്പുകളുമായി ബന്ധം വെക്കുന്നവരും പങ്കെടുക്കുകയുണ്ടായി.

ഇമിഗ്രേഷൻ ആന്റ് ഡിഫൻസ് മുൻ മന്ത്രി Jason Kenney- ഇദ്ദേഹത്തിന് ജമാഅത്തുമായി മുമ്പേ മുതലേ ബന്ധങ്ങളുണ്ട്, ഞാനുമായും വ്യക്തിപരമായ ഒരുപാട് ബന്ധമുണ്ട്-പറയുന്നു:'അഹ്മദിയ്യാ ജമാഅത്ത് ഒരു ചെറിയ ജമാഅത്താണ്. പക്ഷേ, അത്യുത്സാഹത്തോടെ പ്രവർത്തിക്കുന്നു. ഇസ്ലാമിന്റെ തെളിമയാർന്ന മുഖം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു.' പറയുന്നു:'ഇന്നത്തെ പ്രഭാഷണത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ജനങ്ങളുടെ മനസ്സുകളിൽ ഇസ്ലാമിനേയും മസ്ജിദിനേയും കുറിച്ചുണ്ടാകാവുന്ന നെഗറ്റീവായ ചിന്തകൾക്കെല്ലാം മറുപടി നല്കിയിരിക്കുന്നു.'

പരിപാടിയിൽ പങ്കെടുത്ത ഒരു അതിഥി ജോൺഗോർമിലെ പറയുന്നു:'എപ്പോൾ ഭീകരസംഭവങ്ങളുണ്ടായാലും അഹ്മദിയ്യാ ജമാഅത്തുതന്നെയാണ് ഏറ്റവുമാദ്യം പരസ്പരമുളള ബന്ധങ്ങൾ വർധിപ്പിക്കുന്നതിനും വിവിധ മതക്കാരെ സംഘടിപ്പിക്കുന്നതിനും ശ്രമിക്കുന്നത്. ദേശത്തോടുളള സ്നേഹം ഈമാന്റെ ഭാഗമാണെന്നും ഇതാണ് ഇസ്ലാമിന്റെ അധ്യാപനമെന്നുമുളള സന്ദേശവും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം നല്കുകയുണ്ടായി.'

അമീറുൽമുഅ്മിനീൻ

പറഞ്ഞു:നവംബർ 11 ന് ജുമുഅയ്ക്കുശേഷം പീസ് സിംപോസിയമായിരുന്നു. ഇതിൽ 644 അതിഥികൾ പങ്കെടുത്തു. ഈ അതിഥികളിൽ കനഡയുടെ മുൻ പ്രധാനമന്ത്രിയും-അദ്ദേഹം കുറച്ചുമാസങ്ങൾക്കുമുമ്പേയാണ് മാറിയത്-പുതിയ പ്രധാനമന്ത്രിയും വന്നിരുന്നു. അൽബർട്ടായിലെ ഹ്യൂമൺ സർവീസസ് മിനിസ്റ്ററും പങ്കെടുത്തിരുന്നു. കൽഗരിയിലെ ഇപ്പോഴത്തേയും മുമ്പത്തേയും മേയർമാർ പങ്കെടുത്തു. മുൻ മന്ത്രി Jason Kenney -ഇദ്ദേഹത്തെ കുറിച്ച് മുമ്പേ പറഞ്ഞതാണ് ഇവിടേയും വന്നിരുന്നു. കൽഗരി യൂണിവേഴ്സിറ്റിയുടെ ഡീനും വൈസ് ചാൻസലറും വന്നിരുന്നു. ചില അടുത്ത പ്രദേശങ്ങളിലെ മേയർമാരും ഡപ്യൂട്ടിമേയർമാരും പങ്കെടുത്തു. റെഡ്ഡിയർ കോളേജിന്റെ പ്രസിഡന്റ്, Legislative Assembly യുടെ അംഗങ്ങളും വിവിധ വകുപ്പുകളുമായി ബന്ധം വെക്കുന്നവരും പങ്കെടുത്തു. 600 ലേറെയായിരുന്നു ഹാജർനില.

കാനഡയുടെ മുൻ പ്രധാനമന്ത്രി Stephen Harper ഇവിടെ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം പല സ്ഥലങ്ങളിലും പ്രസംഗിക്കുന്നതു കേട്ടിട്ടുണ്ട്. അദ്ദേഹം എപ്പോഴും ഇസ്‌ലാമിന്റെ സമാധാന നിർഭരമായ സന്ദേശം ലോകത്ത് എത്തിച്ചു. ഇത് ഒരു മഹത്തായ സന്ദേശമാണ്. അത് അദ്ദേഹത്തിന്റെ ജമാഅത്തിലെ എല്ലാ അംഗങ്ങളുടേയും പ്രതിച്ഛായയുമാണ്. ഇമാം ജമാഅത്തിന്റെ അഭിപ്രായങ്ങൾ വളരെ ആവശ്യവും സുപ്രധാനവുമാണ്. എല്ലാവരും അത് കേൾക്കേണ്ട ആവശ്യമാണുള്ളത്. ഇസ്‌ലാമിന്റെ ഉദ്ദേശ്യംതന്നെ സമാധാനമാണെന്ന് ഖലീഫത്തുൽമസീഹ് പറഞ്ഞു. ഇസ്‌ലാമിന്റെ ഉദ്ദേശ്യം അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള സ്നേഹമാണ്. ജമാഅത്തിന്റെ ഇമാം എല്ലാ പ്രശ്നങ്ങളിലും പ്രത്യേകിച്ചും പശ്ചിമേഷ്യൻ രാജ്യങ്ങൾ എന്ന വിഷയത്തിൽ അങ്ങേയറ്റം യുക്തി നിർഭരമായ വെളിച്ചം വീശി. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേട്ടിട്ടില്ലാത്തവർ തീർച്ചയായും അതു കേൾക്കണമെന്ന് ഞാൻ ഉപദേശിക്കുകയാണ്.'

കീലേ സാഹിബ പറയുന്നു:'ഇത്രമാത്രം വലിയൊരു സമ്മേളനത്തിൽ പങ്കെടുക്കാനാണ് പോകുന്നതെന്ന് എനിക്കൊരിക്കലും ചിന്തിക്കാനേ കഴിഞ്ഞിരുന്നില്ല. തീർച്ചയായും പങ്കെടുക്കണമെന്ന് പറഞ്ഞ് എന്നെ ക്ഷണിച്ച എന്റെ ഒരു സുഹൃത്തിനെ സന്തോഷിപ്പിക്കാൻവേണ്ടി ഞാൻ വന്നതാണ്. പക്ഷേ, വന്നതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു. ഞാനൊരിക്കലും ഇത്തരം പരിപാടി കണ്ടിട്ടില്ല. ഇവിടെ എല്ലായിടത്തും പോസിറ്റീവായിട്ടുള്ള ചിന്താഗതികളാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം അത്യുന്നതമാണ്. എന്നെപ്പോലുള്ള അറിവു കുറഞ്ഞവർക്കും ഇസ്‌ലാം എല്ലാ ജനതയേയും വംശത്തേയും മതത്തേയും സ്വാഗതം ചെയ്യുന്ന മതമാണെന്ന കാര്യം നല്ലവണ്ണം മനസ്സിലായി. നമ്മളൊരിക്കലും ഇസ്‌ലാമിനെ ഭയപ്പെടേണ്ട ആവശ്യമില്ല. മുസ്‌ലീംകളെ നല്ലവണ്ണം അറിയാൻ ശ്രമിക്കേണ്ട ആവശ്യമാണുള്ളത്.'

അമീറുൽമുഅ്മിനീൻ പറഞ്ഞു:കൽഗരിയിൽ നടന്ന ഇൻർവ്യൂകളുടേയും പത്രസമ്മേളനങ്ങളുടേയും ഫലമായി മൊത്തത്തിൽ 50 ലക്ഷത്തോളമാളുകൾക്ക് സന്ദേശം എത്തി. കാനഡ പര്യടനത്തിനിടയിൽ മാധ്യമങ്ങളുടെ കവറേജുണ്ടായി. ഇതിൽ 32 ടി.വി.ചാനലുകൾ അഞ്ചുഭാഷകളിൽ വാർത്തകൾ സംപ്രേഷണം ചെയ്തു. ഇതുമുഖേന 40 മില്യൺ ആളുകളിൽ സന്ദേശമെത്തി. 6 ഭാഷകളിൽ വിവിധ റേഡിയോ സ്റ്റേഷനുകളിൽ 30 വാർത്തകൾ പ്രക്ഷേപണം ചെയ്തു. അതുമുഖേന എട്ടു ലക്ഷമാളുകളിൽ സന്ദേശമെത്തി. 227 പത്രങ്ങളിൽ 12 വിവിധ ഭാഷകളിൽ വാർത്തകളും അഭിമുഖങ്ങളും പ്രസിദ്ധീകരിച്ചു. ഇതു മുഖേന 4.8 മില്യൺ ആളുകൾക്ക് സന്ദേശമെത്തി. മൊത്തത്തിൽ 60 മില്യണിലധികം ആളുകളിൽ സന്ദേശമെത്തുകയുണ്ടായി. അൽഹംദുലില്ലാഹ്.

ഇത് അല്ലാഹുവിന്റെ കൃപയാണ്. ഇതിനെ നമ്മൾ വലിമതിക്കേണ്ടതാണ്. ഇതിനെ കാത്തുസൂക്ഷിക്കുകയും വേണം. പ്രത്യേകിച്ചും കാനഡയിലെ അഹ്മദികൾ അല്ലാഹുവിന്റെ കൃപ വർധിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ എല്ലാ ജോലിയിലും അഹ്മദിയ്യത്തിന്റേയും ഇസ്‌ലാമിന്റേയും സന്ദേശമെത്തിക്കണമെന്നുള്ള നിയ്യത്ത് അഥവാ മനോഭവം ഉണ്ടാകേണ്ടതാണെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. തൗഹീദ് ലോകത്ത് സ്ഥാപിക്കുന്നതിനുള്ള നിയ്യത്തുണ്ടായിരിക്കേണ്ടതാണ്. നബി(സ)തിരുമേനിയുടെ പതാക ലോകത്ത് പറത്തണമെന്ന നിയ്യത്തുണ്ടായിരിക്കേണ്ടതാണ്. ഇതുണ്ടെങ്കിൽ അല്ലാഹു നമ്മുടെ ജോലികളിൽ അനുഗ്രഹവും ഇടുന്നതാണ്. അല്ലാഹു നമുക്കതിന് തൗഫീഖും നല്കുമാറാകട്ടെ. ഇനി ഞാൻ പീസ് വില്ലേജിലെ അഹ്മദികളോടും പറയുകയാണ്, അഹ്മദിയ്യാ അന്തരീക്ഷം നിങ്ങൾ അവിടെ ഉണ്ടാക്കുക. സ്ഥാപിക്കുക. ശരിയായ ഇസ്‌ലാമിക മാതൃക സ്ഥാപിക്കുന്നതിന് കഴിവിന്റെ പരമാവധി ശ്രമിക്കുക. എന്റെ സാന്നിധ്യത്തിൽ നിങ്ങൾ ഖിലാഫത്തിനോടു എത്തരത്തിലുള്ള സ്നേഹവും ആത്മാർഥതയുമാണോ പ്രകടിപ്പിച്ചിരുന്നത് ഇനിയും അത് വർധിപ്പിക്കുന്നവരാകുക. വർധിപ്പിച്ചുകൊണ്ടേ പോകുക. നിങ്ങളുടെ യഥാർഥ ഉദ്ദേശ്യം മറക്കാതിരിക്കുക. നമ്മൾ അല്ലാഹുവുമായുള്ള ബന്ധമുണ്ടാക്കണം. അവനെ ആരാധിക്കുന്നതിൽ നമ്മളൊരിക്കലും മടി കാണിക്കാതിരിക്കേണ്ടതാണ്. അല്ലാഹു അവർക്കും നിങ്ങൾക്കും എനിക്കും എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

**വിവ: മുഹമ്മദ് ഇസ്മായിൽ ആലപ്പി**

# മുഹമ്മദ് നബി (സ): അതുല്യ ജീവിതം

സകല ജീവിത സന്ദർഭങ്ങളിലും ധാർമികതയുടെ പൂർണ മാതൃകയായിരുന്നു റസൂൽ തിരുമേനി(സ). കാരുണ്യ സാഗരമായിരുന്ന അവിടുത്തെ അതുല്യമായ അദ്ധ്യാത്മിക കാന്തിയായിരുന്നു ജനഹൃദയങ്ങളെ കീഴടക്കിയത്.

എ. ജി. സൂഫി

ഇസ്‌ലാം മതസ്ഥാപകനായ റസൂൽ(സ) തിരുമേനി ദിവംഗതനാകുമ്പോൾ അവിടുത്തെ പ്രായം 63 വയസ്സായിരുന്നു. നാൽപ്പതാമത്തെ വയസ്സിൽ പ്രവാചകനായി തെരഞ്ഞെടുക്കപ്പെട്ട അവിടുത്തെ ജീവിതം സമ്പൂർണമായും ദൈവിക ദൗത്യ പ്രേഷണത്തിനാണ് സമർപ്പിക്കപ്പെട്ടത്. ദരിദ്രാവസ്ഥയിൽ ഒരനാഥ ബാല നായി ജനിച്ച റസൂൽ തിരുമേനി (സ) സർവാധികാരങ്ങളാലും വിഭൂഷിതനായ രാജാവായിട്ടായിരുന്നു ദിവംഗതനായത്. പക്ഷേ അവിടുന്ന് യാതൊരു സമ്പത്തും അനന്തര സ്വത്തായി അവശേഷിപ്പിച്ചിരുന്നില്ല. ജീവിതത്തിലൊരിക്കലും അവിടുന്ന് വയർ നിറയെ ആഹാരം കഴിച്ചിരുന്നില്ല. ഒരു സന്ദർഭത്തിൽ പോലും വിലകൂടിയ വസ്ത്രങ്ങൾ ധരിച്ചിരുന്നില്ല. അവിടുത്തെ വസതി ദൈവത്തിന്റെ ആരാധനാലയമായിരുന്നു. ചെളി കട്ട കൊണ്ട് നിർമിച്ച ആ ചെറ്റക്കുടിലിലെ ചെളികൊണ്ടു മെഴുകിയ തറയായിരുന്നു അവിടുത്തെ രാജധാനിയും സിംഹാസനവും. അവിടുത്തെ ശയ്യ വൈക്കോൽ കൊണ്ടുണ്ടാക്കിയതായിരുന്നു. തലയണയാകട്ടെ തന്റെ തന്നെ കൈവെള്ളയും. പ്രവാചക ഗൃഹത്തിലെ അടുക്കളയിൽ നിന്ന് മാസങ്ങളോളം പുക ഉയർന്നില്ല. കാരണം അവിടെ യാതൊന്നും പാചകം ചെയ്യാനുണ്ടാകുമായിരുന്നില്ല. ആ പരിശുദ്ധ കുടുംബം അൽപ്പം കാരക്കയും ആട്ടിൻ പാലും കൊണ്ട് ജീവിച്ചു പോന്നു. അതുമില്ലാത്തപ്പോൾ മുഴുപ്പട്ടിണിയും. അവിടുത്തെ പത്നിമാർക്ക് വീട്ടു വേലക്കാരില്ലായിരുന്നു. ഏറ്റവും വിലകുറഞ്ഞതായിരുന്നു അവർ ധരിച്ച വസ്ത്രങ്ങൾ. സേവകരോ, പട്ടും പണ്ടങ്ങളോ അവർക്കില്ലായിരുന്നു. അവരുടെ വസ്ത്രങ്ങൾ അവരുടെ പരിമിത വിഭവത്തിനനുസൃതമാം വിധം വളരെ ലളിതമായിരുന്നു. പ്രവാചകൻ ഒരിക്കലും സ്വർണമോ വെള്ളിയോ സൂക്ഷിച്ചിരുന്നില്ല. തനിക്ക് ലഭിച്ചതെല്ലാം പാവങ്ങൾക്ക് അദ്ദേഹം ദാനം നൽകി. അവിടുന്ന് ദിവംഗതനാകുമ്പോൾ കുറച്ച് ബാർലി ധാന്യം ഒഴികെ അദ്ദേഹത്തിന്റെ വീട്ടിൽ മറ്റൊന്നും ഉണ്ടായിരുന്നില്ല.

പ്രവാചകൻ മദ്ധ്യനിലയിൽ ഉയരമുള്ളയാളായിരുന്നു. അവിടുത്തേത് ഉറച്ച ശരീരവും സുന്ദരമായ വദനവും ഉയർന്ന വീതിയേറിയ നെറ്റിത്തടവുമായിരുന്നു. ഒഴുകി താഴേക്ക് നീണ്ടുനിൽക്കുന്ന മുടിയും നീണ്ട മൂക്കും അതീവ കാന്തിയുള്ള കറുത്ത കണ്ണുകളും നീണ്ട കൺപുരികങ്ങളുമായിരുന്നു അദ്ദേഹത്തിന്റേത്. നടത്തത്തിൽ വേഗതയും സംസാരത്തിൽ സാവകാശവുമായിരുന്നു പ്രവാചകനുണ്ടായിരുന്നത്. ഒരാളെ കണ്ടാൽ അയാളെ ആദ്യം അഭിസംബോധന ചെയ്യുന്നത് അവിടുന്നായിരിക്കും. സ്നേഹിതന്മാരേയും അപരിചിതരേയും ചെറു പുഞ്ചിരിയോടെയാണ് അദ്ദേഹം സ്വീകരിക്കുക. അന്യരെ ക്ഷമാപൂർവം കേൾക്കും. ആരെങ്കിലും സഹായത്തിനായി സമീപിച്ചാൽ ഒരിക്കലും മുഖം തിരിക്കാറില്ലായിരുന്നു. ആരെങ്കിലും ഹസ്തദാനം ചെയ്താൽ ആദ്യം കൈ പിൻവലിക്കുന്നയാൾ അവിടുന്നായിരിക്കില്ല. അവിടുത്തെ സ്വഭാവം വളരെ ലളിതവും പെരുമാറ്റം അതീവ ഹൃദ്യവുമായിരുന്നു. സദാസമയവും മാപ്പ് നൽകാൻ സന്നദ്ധനായിരുന്നു അദ്ദേഹം. ശിക്ഷിക്കുന്നത് മാപ്പു കൊടുക്കുന്നതിനേക്കാൾ നല്ലതാണെന്ന് കണ്ടെങ്കിൽ മാത്രമേ അദ്ദേഹം ശിക്ഷിക്കാനൊരുങ്ങാറുള്ളൂ. പൊറുത്തുകൊടുക്കാൻ വേണ്ടിയായിരുന്നു അദ്ദേഹം സദാസമയവും നിലകൊണ്ടിരുന്നത്. അവിടുത്തെ ചിന്തയും വാക്കും പ്രവർത്തിയും ദൈവത്തിന് വേണ്ടിയുള്ളതായിരുന്നു. ഇതല്ലാതെ ജീവിതത്തിൽ അദ്ദേഹത്തിന് മറ്റു യാതൊരു ലക്ഷ്യവും ഇല്ലായിരുന്നു. ദൈവ

ത്തിന്റെ തൃപ്തി മാത്രമേ അദ്ദേഹം കാംക്ഷിച്ചുള്ളൂ. ഹുദൈബിയായിൽ സമാധാനക്കരാറിൽ പ്രവാചകൻ ഒപ്പ് വെച്ചത് ദൈവപ്രീതിക്ക് വേണ്ടിയായിരുന്നു. കരാറിലെ വ്യവസ്ഥകൾ അദ്ദേഹത്തിന്റെ ചില അനുചരന്മാർക്ക് അസഹനീയവും കഠിനവുമായിരുന്നിട്ടുകൂടി ദൈവ ത്തിന് വേണ്ടി അദ്ദേഹം അതിൽ ഉറച്ചുനിന്നു. മക്കയിലേക്ക് പതിനാ യിരത്തോളം അനുചരന്മാരോടൊ പ്പം വിജയശ്രീലാളിതനായി അദ്ദേ ഹം വന്നു. മക്ക അവിടുത്തോട് വളരെ ക്രൂരമായിട്ടായിരുന്നു പെരുമാറിയിരുന്നത്. അവസാനം മക്കാ പട്ടണം റസൂൽ തിരുമേനി (സ)യുടെ മുന്നിൽ കീഴടങ്ങി. മക്കക്കാർ അദ്ദേഹത്തോട് കരുണ ക്ക് വേണ്ടി യാചിച്ചു. കാരുണ്യ സാഗരമായിരുന്ന അവിടുന്ന് മക്കക്ക് മാപ്പ് നൽകാൻ എന്നേ സന്നദ്ധനായിരുന്നു. ദൈവത്തിന്റെ അഭീഷ്ടവും അതായിരുന്നു. മക്കക്കാർ തന്റെ അനുചരന്മാരിൽ ചിലരെ അതിഭീകരമായി ഭേദ്യം ചെയ്തത് അവിടുത്തേക്ക് നല്ലത് പോലെ അറിയാമായിരുന്നു. ആഫ്രി ക്കക്കാരനായ ബിലാൽ അവരി ലൊരാളായിരുന്നു. ബിലാലി(റ)നോട് ക്രൂരമായിട്ടായിരുന്നു മക്കക്കാർ പെരുമാറിയത്. ജ്ഞാനിയായ പ്രവാചകൻ ആ ബിലാലി (റ) നെയായിരുന്നു ഇസ്ലാമിന്റെ സമാധാനത്തിന്റെ പതാക വഹി ക്കാൻ തെരഞ്ഞെടുത്തത്.

അബൂജഹലിന്റെ പുത്രനായ ഇക്രിമ ഇസ്ലാമിന്റെ കഠിന ശത്രുവായിരുന്നു. അദ്ദേഹം മക്ക യിൽ നിന്ന് രക്ഷപ്പെട്ട് അബിസീനി യായിലേക്ക് രക്ഷപ്പെടാനുള്ള തത്രപാടിലായിരുന്നു. ഇക്രിമയുടെ ഭാര്യയാകട്ടെ മനസ്സുകൊണ്ട് മുസ്ലിമായിരുന്നു. അവർ പ്രവാച കനോട് ചോദിച്ചു: അല്ലയോ റസൂൽ തിരുമേനി(സ), ഇക്രിമക്ക് അങ്ങ് മാപ്പ് കൊടുക്കില്ലേ? അതെ എന്ന് അവിടുന്ന് പ്രതിവചിച്ചു. തുടർന്ന് അവർ ചോദിച്ചു അമുസ്ലിമായി ക്കൊണ്ട് മക്കയിൽ ജീവിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു താങ്കൾ അതനുവദിക്കില്ലേ? അതെ, അദ്ദേഹ ത്തിന് അതിന് അനുവാദമുണ്ടാ യിരിക്കും. അനന്തരം അവർ തന്റെ ഭർത്താവിനടുത്തേക്ക് ഓടിപ്പോയി. പ്രവാചകൻ തന്നെ പറ്റി പറഞ്ഞ തെല്ലാം തന്റെ ഭാര്യയിൽ നിന്ന് ഗ്രഹിച്ച ഇക്രിമ അതെല്ലാം പ്രവാചകനിൽ നിന്നു തന്നെ കേൾക്കണമെന്ന് ആഗ്രഹിച്ചു. അങ്ങനെ അദ്ദേഹം പ്രവാചക സവിധം പൂകി. ഇക്രിമ പ്രവാച കനോട് പറഞ്ഞു: 'എനിക്ക് പോലും താങ്കൾ മാപ്പരുളിയതായി എന്റെ ഭാര്യയിൽ നിന്നും ഞാൻ ഗ്രഹിച്ചു.' 'അതെ ഇക്രിമ' അവിടുന്ന് മൊഴിഞ്ഞു. തന്റെ മേൽ മുണ്ട് ഇക്രിമക്ക് മുകളിൽ പിടിച്ചു കൊണ്ട് പ്രവാചകൻ (സ) പറഞ്ഞു: 'ഏതൊരുവൻ മുസ്ലിമായി ക്കൊണ്ട് നമ്മുടെ അടുക്കൽ വരുന്നുവോ അയാൾ എന്നോടൊപ്പ മായിരിക്കും. എന്റെ വീട് അയാളുടേതായിരിക്കും. പ്രവാചക പുത്രി സൈനബിന്റെ മരണത്തിന് കാരണമായ ഹബ്ബാർ ഇറാനിലേക്ക് പലായനം ചെയ്യുകയായിരുന്നു. പക്ഷേ അയാൾ തിരിച്ചു വന്ന് റസൂൽ തിരുമേനി(സ)യോട് മാപ്പു ചോദിക്കുകയുണ്ടായി. അദ്ദേഹ ത്തിനും അവിടുന്ന് മാപ്പ് നൽകി. പ്രവാചകന്റെ പ്രിയങ്കരനായ അമ്മാവനെ വധിച്ചതിന് ശേഷം അംഗംവിഛേദം നടത്തിയ അബൂ സുഫിയാന്റെ ഭാര്യ ഹിന്ദിനും വഹ്ശി എന്ന അടിമക്കും അവിടു ന്ന് മാപ്പ് നൽകി. ശൈബ, ഹവാസി നിൽ വെച്ച് പ്രവാചകനുമായി യുദ്ധം ചെയ്ത വ്യക്തിയായിരുന്നു. മുഴുത്ത വിദ്വേഷവുമായി അദ്ദേഹം പടക്കളത്തിൽ പടവാളുമായി മുന്നേറുകയായിരുന്നു. അയാൾക്ക് ഒരു ചിന്ത മാത്രമേ ഉണ്ടായിരുന്നു ള്ളൂ. പ്രവാചകനെ വധിക്കണം! ആ ശൈബയാണ് ഇപ്പോൾ പ്രവാചക

---

ഒരാളെ കണ്ടാൽ അയാളെ ആദ്യം അഭിസംബോധന ചെയ്യുന്നത് അവിടുന്നായിരിക്കും. സ്നേഹിതന്മാരേയും അപരിചിതരേയും ചെറു പുഞ്ചിരിയോടെയാണ് അദ്ദേഹം സ്വീകരിക്കുക. അന്യരെ ക്ഷമാപൂർവം കേൾക്കും. ആരെങ്കിലും സഹായത്തിനായി സമീപിച്ചാൽ ഒരിക്കലും മുഖം തിരിക്കാറില്ലായിരുന്നു. ആരെങ്കിലും ഹസ്തദാനം ചെയ്താൽ ആദ്യം കൈ പിൻവലിക്കുന്നയാൾ അവിടു ന്നായിരിക്കില്ല. അവിടുത്തെ സ്വഭാവം വളരെ ലളിതവും പെരുമാറ്റം അതീവ ഹൃദ്യവുമായിരുന്നു. സദാസമയവും മാപ്പ്നൽകാൻ സന്നദ്ധനായിരുന്നു അദ്ദേഹം. ശിക്ഷിക്കുന്നത് മാപ്പു കൊടുക്കുന്നതിനേക്കാൾ നല്ലതാണെന്ന് കണ്ടെങ്കിൽ മാത്രമേ അദ്ദേഹം ശിക്ഷിക്കാനൊരുങ്ങാറുള്ളൂ. പൊറുത്തുകൊടുക്കാൻ വേണ്ടിയായിരുന്നു അദ്ദേഹം സദാസമയവും നില കൊണ്ടിരുന്നത്. അവിടുത്തെ ചിന്തയും വാക്കും പ്രവർത്തിയും ദൈവത്തിന് വേണ്ടിയുള്ളതായിരുന്നു. ഇതല്ലാതെ ജീവിതത്തിൽ അദ്ദേഹത്തിന് മറ്റു യാതൊരു ലക്ഷ്യവും ഇല്ലായിരുന്നു. ദൈവത്തിന്റെ തൃപ്തി മാത്രമേ അദ്ദേഹം കാംക്ഷിച്ചുള്ളൂ.

നെ സമീപിക്കുന്നത്. അയാൾ ഒരു ശബ്ദം കേട്ടു: 'ഓ ശൈബാ വരൂ, അരികെ വരൂ....... പ്രവാചകന്റെ തിരുമൊഴികൾ കേട്ടപ്പോൾ അദ്ദേഹം അതനുസരിച്ചു. പ്രവാചകൻ അവിടുത്തെ തൃക്കരങ്ങൾ ശൈബയുടെ നെഞ്ചിൽ വെച്ചു. ശൈബ അപ്പോഴേക്കും ഒരു പുതിയ മനുഷ്യനായി മാറിയിരുന്നു. ശൈബക്ക് അപ്പോൾ ഒരേയൊരു ചിന്തയേ ഉണ്ടായിരുന്നുള്ളൂ. തന്റെ ജീവൻ പ്രവാചകന് സമർപ്പിക്കണമെന്ന്.

റസൂൽ തിരുമേനി(സ)യുടെ വിയോഗത്തിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് അവിടുന്ന് തന്റെ അനുചരരോടായി പറഞ്ഞു : 'ഞാൻ ആരോടെങ്കിലും എന്തെങ്കിലും തെറ്റ് ചെയ്തെങ്കിൽ അവർക്ക് എന്നോട് പ്രതികാരം ചോദിക്കാം.' പ്രവാചകന്റെ ഈ വചനം കേട്ടപ്പോൾ എല്ലാവരും കണ്ണീർപൊഴിച്ചു. ആ സന്ദർഭത്തിൽ ഒരു മനുഷ്യൻ മുന്നോട്ട് വന്നു അയാൾ പറഞ്ഞു: 'ഒരിക്കൽ പ്രവാചകൻ എന്നെ മുട്ടിയിട്ടുണ്ട്. പ്രവാചകൻ കടന്നുപോയപോൾ അവിടുത്തെ കൈമുട്ട് എന്റെ ശരീരത്തിന്റെ ഒരു വശത്ത് മുട്ടിയിട്ടുണ്ട്.' എല്ലാവരും നിശബ്ദരായി. പ്രവാചകൻ തന്റെ പുറത്തെ ശരീരഭാഗത്തെ വസ്ത്രം നീക്കി ഞാൻ താങ്കളെ എപ്രകാരം വേദനിപ്പിച്ചുവോ അപ്രകാരം താങ്കൾക്ക് എന്നെ വേദനിപ്പിക്കാം എന്ന് പറഞ്ഞു. ആ അനുചരൻ പ്രവാചകന്റെ നേരെ കുനിഞ്ഞു. വിവസ്ത്രമാക്കിയ പ്രവാചകന്റെ ആ ശരീര ഭാഗത്ത് ആ അനുചരൻ മുത്തമിടുകയായിരുന്നു. എല്ലാവരും അത്ഭുതപരതന്ത്രരായി. റസൂൽ തിരുമേനി(സ) തന്റെ അനുചരന്മാർക്കിടയിൽ ദീർഘകാലമുണ്ടാകില്ല എന്ന് അവർക്കറിയാമായിരുന്നു. അതിനാൽ തിരുമേനി(സ)യെ അഗാധ മായി സ്നേഹിച്ചിരുന്ന ആ അനുചരൻ പ്രവാചകന്റെ പുമേനിയിൽ മുത്തമിടാനുള്ള തന്റെ അഭിലാഷം ഇങ്ങനെ സാദ്ധ്യമാക്കുകയായിരുന്നു.

വസ്ത്രധാരണത്തിലും ശരീരത്തിലും വീട്ടിലും പള്ളിയിലും തെരുവിലും അവിടുന്ന് ശുചിത്വം ഇഷ്ടപ്പെട്ടു. അദ്ദേഹം ഭക്ഷണത്തിന് മുമ്പും ശേഷവും കൈകഴുകി വൃത്തിയാക്കുമായിരുന്നു. പ്രാർഥനക്ക് മുമ്പും ശരീരാംഗങ്ങൾ ശുചിയാക്കുമായിരുന്നു. പ്രവാചകൻ എല്ലാവർക്കും സുഖകരമായ ഒരു സാന്നിദ്ധ്യമായിരുന്നു. ശത്രുവും മിത്രവും ഒരുപോലെ അദ്ദേഹത്തിന്റെ കാരുണ്യം അനുഭവിച്ചു. അനുചരന്മാർ, ബന്ധുക്കൾ, അയൽപക്കക്കാർ, അപരിചിതർ എല്ലാവരേയും പരിഗണിച്ച് കൊണ്ട് അവിടുന്ന് ഹൃദ്യമായി പെരുമാറി. തന്റെ അതിഥികളുടെ കാര്യങ്ങൾ അവിടുന്ന് നേരിട്ട് തന്നെ നോക്കി. പാവങ്ങളുടെ ആവശ്യങ്ങൾ വീഴ്ച്ച കൂടാതെ നിറവേറ്റിക്കൊടുത്തു. ഒരിക്കൽ പ്രാകൃതരായ ഒരു അറബി ഗോത്രത്തിന്റെ തലവൻ റസൂൽ തിരുമേനി(സ)യെ സന്ദർശിച്ചു. അവിടെ വലിയ ഒരു കൂട്ടം ആടുകൾ മേയുന്നുണ്ടായിരുന്നു. ആ ഗോത്രത്തലവൻ ആട്ടിൽ കുട്ടത്തെ അല്ലാഹുവിന്റെ ദൂതന്റെ ഒരു സമ്മാനമെന്ന നിലക്ക് തനിക്ക് തരുമോ എന്ന് ആരായുകയുണ്ടായി. അദ്ദേഹത്തിന് അത് നൽകപ്പെട്ടു. അദ്ദേഹം തന്റെ ഗോത്രത്തിൽ ആട്ടിൻ പറ്റവുമായെത്തി അവരോട് പറഞ്ഞു: 'മുഹമ്മദിന് തന്റെ ദൈവത്തിൽ ദൃഢബോദ്ധ്യമുണ്ട് അദ്ദേഹം ദാരിദ്ര്യത്തെക്കുറിച്ച് തീരെ ഭയപ്പെടുന്നില്ല.' പ്രവാചകൻ തന്റെ വാക്കുകൾ പ്രാവർത്തികമാക്കുകയും കരാറുകൾ നിറവേറ്റുകയും ചെയ്തു. ഖൈബർ യുദ്ധത്തിന് ശേഷം ജൂത പ്രമാണിയുടെ ആടിനെ മേയ്ച്ചു കൊണ്ടിരുന്ന ഒരു ഇടയ ബാലൻ ഇസ്ലാം മതം സ്വീകരിക്കുകയുണ്ടായി. എനിക്ക് എന്റെ ജനതയിലേക്ക് തിരിച്ചു പോകാൻ സാദ്ധ്യമല്ല. എന്റെ യജമാനന്റെ ആട്ടിൻ പറ്റങ്ങളുമായി ഞാൻ എന്തു ചെയ്യാനാണ്? പ്രവാചകൻ പറഞ്ഞു: നീ ആട്ടിൻ പറ്റത്തെ ഖൈബറിന്റെ നേരെ തിരിച്ചുവിടുക. അവ അവരുടെ യജമാനന്റെയടുത്ത് എത്തിച്ചേരുന്നതാണ്.

അവിടുത്തെ ശത്രുക്കൾപ്പോലും ഉന്നതമായ അദ്ദേഹത്തിന്റെ ധർമനിഷ്ഠയെക്കുറിച്ച് സംസാരിക്കാറുണ്ടായിരുന്നു. ബൈസാന്റിയൻ ചക്രവർത്തിയായിരുന്ന ഹിർക്കലിന് റസൂൽ തിരുമേനി (സ)യുടെ കത്ത് ലഭിച്ചപ്പോൾ നഗരത്തിൽ വല്ല അറബ് യാത്രാസംഘവും ഉണ്ടോ എന്ന് അദ്ദേഹം ആരാഞ്ഞു. മക്കൻ നേതാവായിരുന്ന അബൂ സുഫിയാൻ അപ്പോൾ നഗരത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തെ ചക്രവർത്തി കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. ചക്രവർത്തി ചില ചോദ്യങ്ങൾ അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. ആ സംഭാഷണ ശകലം ഇപ്രകാരമായിരുന്നു.

**ഹിർക്കൽ ചക്രവർത്തി**: ഒരു പ്രവാചകനാണെന്ന് വാദിക്കുന്ന ഈ വ്യക്തിയെക്കുറിച്ച് താങ്കൾ അറിയുമോ? അദ്ദേഹം ഏത് കുടുംബത്തിൽ പെട്ടയാളാണ്?

**അബൂ സുഫിയാൻ**: അദ്ദേഹം വളരെ കുലീനമായ ഒരു കുടുംബത്തിൽ പിറന്നയാളാണ്.

**ഹി: ചക്രവർത്തി**: ഏതെങ്കിലും ഒരറബി ഇതിന് മുമ്പ് ഇത്തരം വാദം പുറപ്പെടുവിച്ചിട്ടുണ്ടോ?

**അ: സുഫിയാൻ**: ഇല്ല.

**ഹി: ചക്രവർത്തി**: അദ്ദേഹത്തിന്റെ പൂർവ പിതാക്കളിൽ ആരെങ്കിലും രാജാക്കന്മാർ ഉണ്ടായിരുന്നോ?

**അ: സുഫിയാൻ**: ഇല്ല

**ഹി: ചക്രവർത്തി**: അദ്ദേഹത്തിന്റെ അനുയായികൾ സമ്പന്നരും ശക്തന്മാരുമാണോ?

**അ: സുഫിയാൻ**: അവരിൽ ഭൂരിപക്ഷവും ദരിദ്രരും എളിയവരുമാണ്.

**ഹി: ചക്രവർത്തി**: അവരുടെ എണ്ണം കൂടുകയാണോ കുറയുകയാണോ?

**അ: സുഫിയാൻ**: കൂടുകയാണ്.

**ഹി: ചക്രവർത്തി**: അദ്ദേഹം എപ്പോഴെങ്കിലും കരാർ ലംഘിച്ചിട്ടുണ്ടോ?

**അ: സുഫിയാൻ**: ഇല്ല ഇതേവരെ ഇല്ല.

**ഹി: ചക്രവർത്തി:** അദ്ദേഹം എന്താണ് പഠിപ്പിക്കുന്നത്?

**അ: സുഫിയാൻ:** ' നാം ഏകനായ ദൈവത്തെ മാത്രമേ ആരാധിക്കാൻ പാടുള്ളു. അവന് പങ്കാളികളെ ചേർക്കാൻ പാടില്ല. നാം സത്യമേ പറയാൻ പാടുള്ളൂ. തിന്മയും ദുരാചാരങ്ങളും ഉപേക്ഷിക്കുകയും മറ്റുള്ളവർക്ക് നന്മചെയ്യുകയും വേണം. കരാർ വാഗ്ദാനങ്ങൾ പാലിക്കണം. '

അവസാനം ഹിർക്കൽ ചക്രവർത്തി പറഞ്ഞു:

ഞാൻ താങ്കളോട് ആദ്യം അദ്ദേഹത്തിന്റെ കുടുംബത്തെ കുറിച്ച് ചോദിച്ചു. താങ്കൾ പറഞ്ഞു, അദ്ദേഹം ഉന്നത കുലജാതനായ ഒരു കുടുംബത്തിൽ നിന്ന് വരുന്ന യാളാണെന്ന്. പ്രവാചകന്മാർ എപ്പോഴും ഉന്നതകുലത്തിൽനിന്ന് വരുന്നവരാണ്. പിന്നീട് ഞാൻ ചോദിച്ചത്, അദ്ദേഹത്തിന് മുമ്പ് ആരെങ്കിലും ഇത്തരം വാദം പുറപ്പെടുവിച്ചിട്ടുണ്ടോ എന്നാണ്?. താങ്കൾ പറഞ്ഞു . 'ഇല്ല '

ഞാൻ ഈ ചോദ്യം ചോദിക്കാൻ കാരണം ആരെങ്കിലും അത്തരത്തിൽ വാദിച്ചിട്ടുണ്ടെങ്കിൽ ആ പാത അദ്ദേഹം പിന്തുടരുന്നതാകാം. അദ്ദേഹം എപ്പോഴെങ്കിലും കളവ് പറയുകയുണ്ടായിട്ടുണ്ടോ എന്ന് ഞാൻ ആരായുകയുണ്ടായി. താങ്കൾ പറഞ്ഞു: 'ഒരിക്കലുമില്ല' എന്ന്. മനുഷ്യനോട് കളവ് പറയാത്തവൻ ദൈവത്തിന്റെ പേരിൽ കളവ് പറയില്ല എന്ന് എനിക്കുറപ്പാണ്. താങ്കളോട് ചോദിച്ചു അദ്ദേഹത്തിന്റെ പൂർവപിതാക്കന്മാരിലാരിലെങ്കിലും രാജാക്കന്മാർ ഉണ്ടായിരുന്നോ എന്ന്. താങ്കൾ പറഞ്ഞു. 'ഇല്ല'

ഇതിൽ നിന്ന് ഞാൻ മനസ്സിലാക്കിയത് പൂർവികമായ എന്തെങ്കിലും സാമ്രാജ്യം വീണ്ടെടുക്കാനുള്ള ശ്രമമല്ല അദ്ദേഹം നടത്തുന്നതെന്നാണ്. ഞാൻ പിന്നീട് ചോദിച്ചത് അദ്ദേഹത്തിന്റെ അനുയായികൾ സമ്പന്നരും ശക്തരുമാണോ എന്നായിരുന്നു. താങ്കൾ പറഞ്ഞു അവരിൽ മിക്കപേരും പാവങ്ങളും എളിയവരുമാണെന്ന്. പ്രവാചകന്മാരുടെ അനുയായികൾ മിക്കപ്പോഴും അങ്ങനെ തന്നെയാണ്. ഞാൻ പിന്നീട് ചോദിച്ചത് അദ്ദേഹത്തിന്റെ അനുയായികൾ കൂടുകയാണോ കുറയുകയാണോ ചെയ്യുന്നത്? താങ്കൾ പറഞ്ഞു: 'അവർ വർധിക്കുകയാണെന്ന്'. പ്രവാചകന്മാരുടെ അനുയായികൾ എപ്പോഴും വർധിക്കുകയാണ് ചെയ്യുക. ഞാൻ ചോദിച്ചു അദ്ദേഹം എപ്പോഴെങ്കിലും കളവ് പറഞ്ഞിരുന്നുവോ? എന്ന്. താങ്കൾ പറഞ്ഞു: ' ഇല്ല ' എന്ന്. ഇതാണ് സച്ചരിതരുടെ മാർഗം. അദ്ദേഹം ഒരു സത്യ പ്രവാചകനാണെന്നാണ് ഇതെല്ലാം കാണിക്കുന്നത്. നമ്മുടെ ഈ കാലഘട്ടത്തിൽ തന്നെയാണദ്ദേഹം അവതരിക്കുന്നതെന്ന് ഞാനും പാതി പ്രതീക്ഷിച്ചിരുന്നു . പക്ഷേ അദ്ദേഹം ഒരറബിയായിരിക്കുമെന്ന് ഞാൻ നിനച്ചിരുന്നില്ല. താങ്കൾ പറഞ്ഞത് ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ സാമ്രാജ്യം ഈ രാജ്യത്തും വികസിക്കും.

പ്രവാചകൻ ദൈവത്തെ മാത്രമാണ് ഭയപ്പെട്ടിരുന്നത്. അവനിൽ മാത്രമാണ് അവിടുന്ന് വിശ്വാസമർപ്പിച്ചത്. അവിടുത്തെ ദൗത്യത്തിൽ അദ്ദേഹത്തിന് പുർണ വിശ്വാസ മായിരുന്നു. അതിന്റെ സമ്പൂർണ വിജയത്തിൽ ആവേശം കൊണ്ടു. അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും ഓരോ മണിക്കുറും ഓരോ ദിവസവും ദൈവത്തെയാണ് അവിടുന്ന് മനസ്സിൽ ധ്യാനിച്ചത്. നിന്നും നടന്നും കിടന്നും അദ്ദേഹം അവനെ ആരാധിച്ചു. ഉറങ്ങാൻ കിടക്കുന്നതിന് മുമ്പും, നടക്കുമ്പോഴും ഭക്ഷണം കഴിക്കുന്നതിന് മുമ്പും പിമ്പും വീട്ടിലും പള്ളിയിലും പ്രവേശിക്കുമ്പോഴും വീട്ടിൽ നിന്നിറങ്ങുമ്പോഴും, സ്നേഹിതന്മാരെ കണ്ടുമുട്ടുമ്പോഴും വേർപിരിയുമ്പോഴും സദ്വാർത്തകൾ കേൾക്കുമ്പോഴും പുതുവസ്ത്രങ്ങൾ ധരിക്കുമ്പോഴും പ്രകൃതിയുടെ വിളിക്ക് ഉത്തരം നൽകാൻ പോകുമ്പോഴും അത് കഴിഞ്ഞതിന് ശേഷവും ചുരുക്കത്തിൽ ജീവിതത്തിന്റെ സമസ്ത സന്ദർഭങ്ങളിലും പ്രത്യേകമായും സ്ഥിരമായും സുദീർഘമായി അദ്ദേഹം പ്രാർഥിച്ചു. ചിലപ്പോൾ രാത്രി മുഴുവൻ അദ്ദേഹം പ്രാർഥനയിൽ മുഴുകി. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ദൈവത്തോടുള്ള പ്രാർഥനയായിരുന്നു.

പ്രവാചകൻ ദൈവത്തെ മാത്രമാണ് ഭയപ്പെട്ടിരുന്നത്. അവനിൽ മാത്രമാണ് അവിടുന്ന് വിശ്വാസമർപ്പിച്ചത്. അവിടുത്തെ ദൗത്യത്തിൽ അദ്ദേഹത്തിന് പുർണ വിശ്വാസമായിരുന്നു. അതിന്റെ സമ്പൂർണ വിജയത്തിൽ ആവേശം കൊണ്ടു. അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും ഓരോ മണിക്കുറും ഓരോ ദിവസവും ദൈവത്തെയാണ് അവിടുന്ന് മനസ്സിൽ ധ്യാനിച്ചത്. നിന്നും നടന്നും

കിടന്നും അദ്ദേഹം അവനെ ആരാധിച്ചു. ഉറങ്ങാൻ കിടക്കുന്നതിന് മുമ്പും, നടക്കുമ്പോഴും ഭക്ഷണം കഴിക്കുന്നതിന് മുമ്പും പിമ്പും വീട്ടിലും പള്ളിയിലും പ്രവേശിക്കുമ്പോഴും വീട്ടിൽ നിന്നിറങ്ങുമ്പോഴും, സ്നേഹിതന്മാരെ കണ്ടു മുട്ടുമ്പോഴും വേർപിരിയുമ്പോഴും സദ്വാർത്തകൾ കേൾക്കുമ്പോഴും പുതു വസ്ത്രങ്ങൾ ധരിക്കു മ്പോഴും പ്രകൃതിയുടെ വിളിക്ക് ഉത്തരം നൽകാൻ പോകുമ്പോഴും അത് കഴിഞ്ഞതിന് ശേഷവും ചുരുക്കത്തിൽ ജീവിതത്തിന്റെ സമസ്ത സന്ദർഭങ്ങളിലും പ്രത്യേകമായും സ്ഥിരമായും സുദീർഘമായി അദ്ദേഹം പ്രാർഥിച്ചു. ചിലപ്പോൾ രാത്രി മുഴുവൻ അദ്ദേഹം പ്രാർഥനയിൽ മുഴുകി. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ദൈവത്തോടുള്ള പ്രാർഥനയായിരുന്നു. പ്രവാചകൻ അല്ലാഹുവിനെയല്ലാതെ മറ്റൊരാളേയും ഭയപ്പെട്ടില്ല. ഹവാസിൽ യുദ്ധക്കളത്തിൽ മുസ്ലിം സൈന്യം ചിതറിയോടി. പ്രവാചകൻ തന്റെ ഏതാനും അനുചരന്മാരോടൊപ്പം യുദ്ധക്കളത്തിൽ നിലയുറപ്പിച്ചു. ശത്രുക്കൾ ഇരുവശത്ത് നിന്നും അമ്പുകൾ എയ്തുകൊണ്ടിരുന്നു. അബൂബക്കറിനോട് തന്റെ കോവർക്കഴുതയെ മാത്രം വിടുവാൻ പ്രവാചകൻ നിർദേശിച്ചു. കുതിമുള്ളടിച്ചു കൊണ്ട് ആ മൃഗത്തെ പ്രവാചകൻ മുന്നോട്ട് നയിച്ചു. എന്നിട്ടു പറഞ്ഞു: **'ഞാൻ പ്രവാചകനാണ്. ഞാൻ കള്ളനല്ല. ഞാൻ അബ്ദുൽ മുത്തലിബിന്റെ മകനാണ്.'**

ഒരിക്കൽ മദീനയിൽ മുസ്ലിംകൾ വമ്പിച്ച ഒരാക്രമണത്തിന്റെ ഭീതിയിലായിരുന്നു. രാത്രി മുഴുവൻ അവർ ഉറക്കമൊഴിച്ചു കാത്തിരുന്നു. ഒരിക്കൽ മുന്നറിയിപ്പു നൽകുന്ന അപായ വെളിച്ചം പ്രത്യക്ഷപ്പെട്ടു. ഒരു സംഘം ആളുകൾ ആ വെളിച്ചത്തിന്റെ കാരണം അന്വേഷിക്കാൻ അവിടെ എത്തി. പെട്ടെന്ന് തന്നെ ഒരാൾ കുതിരപ്പുറത്ത് വരുന്നതായിക്കണ്ടു. അത് പ്രവാചകനായിരുന്നു. അവിടുന്ന് പറഞ്ഞു: **'പേടിക്കാനൊന്നുമില്ല'.** അപായത്തിന്റെ സൂചന ലഭിച്ചപ്പോൾ ആ ദിശയിലേക്ക് ഉടൻ തന്നെ ഒറ്റക്ക് കുതിരപ്പുറത്ത് ആദ്യം എത്തിയത് റസൂൽ തിരുമേനി(സ)യായിരുന്നു. പാവങ്ങളോട് വളരെ ഹൃദയാലുവായിരുന്നു റസൂലുല്ല. സമ്പന്നരേയും അദ്ദേഹം പരിഗണിക്കാതിരുന്നില്ല. പക്ഷേ അവരുടെ സമ്പത്തിൽ പാവങ്ങൾക്ക് അവരുടെതായ പങ്കുണ്ടെന്ന് എപ്പോഴും അവരെ ഓർമപ്പെടുത്തിക്കൊണ്ടിരുന്നു. പണക്കാർ പണക്കാരായിരിക്കുന്നത് പാവങ്ങൾ കാരണമാണെന്നും അവിടുന്ന് സമ്പന്ന ഓർമപ്പെടുത്താറുണ്ടായിരുന്നു. അദ്ദേഹത്തിന് ലഭിച്ച സ്വർണമോ വെള്ളിയോ യാതൊന്നും തന്നെ അവിടുന്ന് വീട്ടിലേക്ക് കൊണ്ടു പോകുമായിരുന്നില്ല. ആരെങ്കിലും എന്തെങ്കിലും അവിടുത്തേക്ക് നൽകുകയാണെങ്കിൽ അദ്ദേഹം ഉടൻ തന്നെ അത് പാവങ്ങൾക്ക് വിതരണം ചെയ്യുമായിരുന്നു. ഒരിക്കൽ ഒരു ഗോത്രജനത മദീനയിലെത്തി. അവർ വളരെ ദരിദ്രരായിരുന്നു. പട്ടിണിയുടെ കാഠിന്യത്താൽ അവരുടെ മുഖം കരുവാളിച്ചിരുന്നു. ദൈന്യതയും ദാരിദ്ര്യവും അവരുടെ മുഖങ്ങളിൽ പ്രകടമായിരുന്നു. അവിടുന്ന് ആ ജനതയെ കണ്ടപ്പോൾ അത്യധികം ദു:ഖിതനായി. അവിടുന്ന് മുസ്ലിംകളെയെല്ലാം പള്ളിയിൽ വിളിച്ചു കൂട്ടി. കൈയിലുള്ളതെല്ലാം കൊണ്ടുവരുവാൻ കൽപ്പിച്ചു. വസ്ത്രങ്ങൾ, ധാന്യങ്ങൾ, ഈത്തപ്പഴം മുതലായ എന്തു തന്നെയായാലും കയ്യിലുള്ളതെല്ലാം കൊണ്ടു വരുവാൻ പറഞ്ഞു. തുണിത്തരങ്ങൾ, കരുതിവെച്ച ധാന്യങ്ങൾ അങ്ങനെ പല വസ്തുക്കളും കൊണ്ടുവന്നു. അതിലൊരു അനുചരൻ വലിയ ഒരു ഭാണ്ഡത്തിൽ നിറയെ സ്വർണ നാണയങ്ങൾ കൊണ്ടുവന്നു. അവിടുത്തെ മുമ്പിൽ അതെല്ലാം കൂട്ടിയിട്ടു. അവിടുത്തെ മുഖം ചന്ദ്രനെപോലെ സന്തോഷം കൊണ്ട് വെട്ടി തിളങ്ങി. ആ കൂമ്പാരങ്ങളെല്ലാം പാവങ്ങൾക്ക് അദ്ദേഹം ഒരു തരി പോലും ശേഷിക്കാത്ത വിധം വിതരണം ചെയ്തു.

പരസ്പരം സ്നേഹിക്കാൻ അവിടുന്ന് മുസ്ലിംകളോട് എപ്പോഴും ഉപദേശിച്ചു കൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: **'ഏതൊരുവനും താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടിയും ഇഷ്ടപ്പെടണം.'**

ഇതായിരുന്നു ഇക്കാര്യത്തിലുള്ള അദ്ദേഹത്തിന്റെ ഒരു നിർദേശം.

സൂക്ഷിക്കുക ഒരു മുസ്ലിം മറ്റൊരു മുസ്ലിമുമായി യുദ്ധം ചെയ്യുക എന്നത് കുഫ്റാണ്. (അനിസ്ലാമികം). അവനെ ചീത്ത വിളിക്കൽ പാപമാണ്. മൂന്ന് ദിവസത്തിലധികം ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനോട് മിണ്ടാതിരിക്കുന്നത് അനുവദനീയമല്ല. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനെ കണ്ടാൽ സലാം ചൊല്ലി ഹസ്തദാനം ചെയ്യണമെന്നും ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന് ഉപഹാരങ്ങൾ നൽകണമെന്നും ഭക്ഷണത്തിന് ക്ഷണിക്കണമെന്നും രോഗിയായാൽ സന്ദർശിക്കണമെന്നും മരിച്ചാൽ മൃതദേഹ സംസ്കരണത്തിൽ സഹകരിക്കണമെന്നും റസൂൽ തിരുമേനി(സ) ഉപദേശിക്കുകയുണ്ടായി. മാത്രമല്ല മനുഷ്യവംശത്തിന്റെ ശ്രേയസ്സിന് വേണ്ടി തന്റെ ശത്രുവിനോട് പോലും നീതിയോട് കൂടി പെരുമാറണം. തന്റെ ഏറ്റവുമടുത്ത ബന്ധുവിനെതിരായാൽ പോലും സത്യം പറയണം, സമൂഹത്തിൽ ശാന്തി പരത്തണം, പാവങ്ങളുടെ പട്ടിണി അകറ്റണം. പരസ്യമായി നിയമം ലംഘിക്കുന്നവനോടൊഴികെ അവിടുന്ന് ഒരിക്കലും ആരോടും കഠിനമായി പെരുമാറിയിരുന്നില്ല. പാവങ്ങളോടും ദരിദ്രരോടും അവിടുത്തെ ഹൃദയം എപ്പോഴും കരുണാർദ്രമായിരുന്നു.ഒരു ക്ഷാമകാലത്ത് ഇബാദുബ്നു ശാർജിൽ എന്നയാൾ ഒരാളുടെ തോട്ടത്തിൽ നിന്ന് ഒരു

പഴം പറിച്ചു. തോട്ടമുടമ അയാളെ പിടികൂടി മർദിച്ചു. അവനെ വിവസ്ത്രനാക്കി. അവർ ഇരുവരും പ്രവാചകനു മുമ്പിൽ ഹാജരാക്കപ്പെട്ടു.അദ്ദേഹം തോട്ടക്കാരനോട് പറഞ്ഞു: ഈ മനുഷ്യൻ അറിവില്ലാത്തവനാണ്. താങ്കൾ അദ്ദേഹത്തിന് സദ് പെരുമാറ്റം പഠിപ്പിക്കണം. അദ്ദേഹം വളരെ വിശന്നിട്ടുണ്ട്. താങ്കൾ അദ്ദേഹത്തിന്റെ വിശപ്പടക്കണം. അതിന് ശേഷം തോട്ടമുടമ അയാളുടെ വസ്ത്രം തിരിച്ചു നൽകുകയും നഷ്ട പരിഹാരമായി അയാൾക്ക് ഒരളവ് ധാന്യം നൽകുകയും ചെയ്തു. എന്നാൽ പണക്കാരായ കുറ്റവാളികളോട് അവിടുന്ന് ഒരിക്കലും വിട്ട് വീഴ്ച്ച കാട്ടിയിരുന്നില്ല. ഒരിക്കൽ ധനികരും ശക്തരുമായ ഒരു ഗോത്രത്തിലെ ഒരു സ്ത്രീ മോഷണം നടത്തി. നിയമ പ്രകാരം അവരെ ശിക്ഷിക്കാൻ അവിടുന്ന് തീരുമാനിച്ചു. ഉന്നതകുല ജാതയും സമ്പന്നയുമായ അവരെ വിട്ടയക്കണമെന്ന് പലരും പ്രവാചക നോട് അഭ്യർഥിച്ചു. അവിടുന്ന് കോപാകുലനായി പ്രതികരിച്ചത് ഇപ്രകാരമായിരുന്നു: ഇസ്റയേലികൾ നശിപ്പിക്കപ്പെടാൻ കാരണം അവർക്കിടയിലെ പാവങ്ങൾ കുറ്റം ചെയ്താൽ അവർ ശിക്ഷിക്കപ്പെടുകയും ധനികർ കുറ്റം ചെയ്താൽ അവരെ വെറുതെ വിടുകയും ചെയ്യുന്നത് മൂലമായിരുന്നു.

നിത്യവൃത്തിക്കായി അദ്ധ്വാനിച്ച് ജീവിക്കുന്നവനെ റസൂൽ തിരുമേനി(സ) വലിയ തോതിൽ പരിഗണിച്ചിരുന്നു. ഒരാൾ തന്റെ അഭിമാനം സംരക്ഷിക്കാൻ വിറക് പുറത്ത് ചുമന്ന് കൊണ്ട് അങ്ങാടിയിൽ കൊണ്ട് പോയി വിറ്റ് ഉപജീവനം നടത്തുന്നതാണ് യാചനയേക്കാൾ ഉത്തമം. പ്രവാചകൻ ഒരിക്കലും താൻ മറ്റുള്ളവനേക്കാൾ ഉന്നതനാണെന്ന് സ്വയം കരുതിയിരുന്നില്ല. യുദ്ധ സമയത്തും സമാധാന കാലത്തും അവിടുന്ന് ഒരു സാധാരണക്കാരനെ പോലെയോ അവരിലൊരാളെ പോലെയോ പ്രവർത്തിച്ചു. അദ്ദേഹത്തിന് ഇരിക്കാൻ പ്രത്യേക ഇരിപ്പിടം ഒരുക്കിയിരുന്നില്ല. അവരിലൊരാളെ പോലെയായിരുന്നു അവിടുന്ന് അവർക്കിടയിൽ ഇരുന്നിരുന്നത്. തന്റെ അനുയായികൾക്കിടയിൽ റസൂൽ തിരുമേനി(സ) ഇരിക്കുമ്പോൾ ഒരിക്കലും ഒരു അപരിചിതന് അദ്ദേഹത്തെ തിരിച്ചറിയാൻ സാധിക്കുമായിരുന്നില്ല. അവർക്കിടയിലെ നേതാവിനെ തിരിച്ചറിയാൻ കഴിയാത്തവിധം അവർക്കിടയിൽ സാധാരണക്കാരനായി അവിടുന്ന് പെരുമാറി. ഒരിക്കൽ ഒരു യാത്രയിൽ അവിടുത്തെ അനുചരന്മാർക്കിടയിൽ ഓരോ പ്രവർത്തികൾ വീതിക്കപ്പെട്ടു. പ്രവാചകന് ലഭിച്ച ജോലി പാചകത്തിന് വേണ്ടി വിറക് ശേഖരിക്കുക എന്നതായിരുന്നു. അനുചരന്മാർ അദ്ദേഹത്തെകൊണ്ട് ആ പ്രവർത്തി ചെയ്യാൻ അനുവദിച്ചില്ല. അവർ പറഞ്ഞു 'ആ പ്രവർത്തിയെല്ലാം ഞങ്ങൾ ചെയ്യാം അങ്ങ് വിശ്രമിക്കൂ.' അവിടുന്ന് പ്രതിവചിച്ചു: ഞാൻ ഒരിക്കലും ഒരു പ്രത്യേക പരിഗണന ഇഷ്ടപ്പെടുന്നില്ല. തന്നോടൊപ്പമുള്ളവരേക്കാൾ വലിയവനാണെന്ന് കരുതുന്നയാളെ ദൈവം ഇഷ്ടപ്പെടില്ല. ബദർ യുദ്ധ വേളയിൽ മുസ്‌ലിംകളുടെ യുദ്ധസാമഗ്രികൾ തുലോം പരിമിതമായിരുന്നു. മൂന്നുപേർ ഊഴം വെച്ചായിരുന്നു ഒട്ടകപ്പുറത്ത് സഞ്ചരിച്ചിരുന്നത്. തങ്ങളുടെ എല്ലാമായ റസൂൽ തിരുമേനി(സ) ഒട്ടകപ്പുറത്ത് സവാരി ചെയ്യണമെന്നും തങ്ങൾ നടക്കാമെന്നും അനുചരന്മാർ നിർബന്ധിച്ചു. പ്രവാചകൻ പറഞ്ഞു: ' നിങ്ങൾക്ക് എന്നേക്കാൾ വേഗത്തിൽ നടക്കാൻ സാദ്ധ്യമല്ല. അല്ലാഹുവിന്റെ പക്കൽനിന്ന് നിങ്ങളേക്കാൾ പ്രതിഫലം കിട്ടാൻ കൊതിക്കുന്നയാളാണ് ഞാൻ '

അവിടുന്ന് വീട്ടു ജോലികളിൽ ഭാര്യമാരെ സഹായിക്കുമായിരുന്നു. ആയിശ (റ) പറയുന്നു: ഗൃഹ ജോലികളിൽ അവിടുന്ന് പങ്കെടുക്കുമായിരുന്നു. കീറിയ വസ്ത്രങ്ങൾ അദ്ദേഹം തന്നെ സ്വന്തം കൈകൊണ്ട് തുന്നുകയും നിലം അടിച്ചുവാരി വൃത്തിയാക്കുകയും ചെയ്യുമായിരുന്നു. ആടിന്റെ പാൽ കറക്കുകയും അങ്ങാടിയിൽ നിന്ന് സാധനങ്ങൾ വാങ്ങി വരികയും ചെരുപ്പ് തുന്നുകയും, തൊട്ടി നന്നാക്കുകയും ഒട്ടകത്തെ പരിപാലിക്കുകയും അതിന് തീറ്റകുഴക്കുകയും ചെയ്യുമായിരുന്നു. മദീനയിലെ ഏതൊരു അടിമ സ്ത്രീക്കും അദ്ദേഹത്തെ സഹായത്തിനായി വിളിക്കാമായിരുന്നു. ഏറ്റവും താഴെക്കിടയിലുള്ളവർ വിളിച്ചാലും ഏപ്പോഴും അവരെ സഹായിക്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു. റസൂൽ തിരുമേനി(സ)ക്ക് ചെറുപ്പം മുതൽക്കേ അറിയുമായിരുന്ന ഹിന്ദ് ഇബ്നു ഹാല പറയുന്നു: അവിടുന്ന് വളരെ മൃദുല ചിത്തനായിരുന്നു. ഒരിക്കലും കഠിനമായി പെരുമാറിയിരുന്നില്ല. അവിടുന്ന് ആരേയും അപമാനിച്ചില്ല. ചെറിയ ഉപകാരത്തിന് പോലും വളരെയേറെ നന്ദി പ്രകടിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിലുള്ളതെന്തോ അതിൽ നിന്ന് അദ്ദേഹം ഭക്ഷിക്കുമായിരുന്നു. ഒന്നിനേക്കുറിച്ചും കുറ്റം പറയില്ല. സത്യത്തിനെതിരെ നിന്നെങ്കിൽ മാത്രമേ അരോടും അവിടുന്ന് ദേഷ്യപ്പെട്ടിരുന്നുള്ളു. തൻ വ്യക്തിപരമായ കാര്യത്തിന് ഒരിക്കലും ആരോടും ദ്വേഷ്യപ്പെട്ടിരുന്നില്ല. അവിടുന്ന് ഒരിക്കലും ആരോടും പ്രതികാരം ചെയ്തിരുന്നില്ല.

ആയിശ (റ) പറയുന്നു: 'പ്രവാചകൻ ആരെക്കുറിച്ചും ദോഷം പറയുമായിരുന്നില്ല. അവിടുന്ന് തിന്മക്കെതിരെ ഒരിക്കലും തിന്മ ചെയ്തിരുന്നില്ല. അവിടുന്ന് എപ്പോഴും മാപ്പും വിട്ടുവീഴ്ച്ചയും നൽകി. ഏതെങ്കിലും തെരഞ്ഞെടുക്കേണ്ട സന്ദർഭം വന്നാൽ അത് തിന്മയല്ലെങ്കിൽ അവിടുന്ന് ഏറ്റവും എളുപ്പമുള്ളത് തെരഞ്ഞെടുക്കുമായിരുന്നു. അത് പാപമാണെങ്കിൽ മറ്റാരെക്കാളും അതുമായി ദൂരത്തിൽ വർത്തിക്കുന്നത് അവിടുന്നായിരിക്കും. വ്യക്തിപരമായ കാര്യത്തിന് അദ്ദേഹം ആരോടും പ്രതികാര വാഞ്ച കാണിച്ചിരുന്നില്ല.

ആരെങ്കിലും നിയമം ലംഘിച്ചാൽ ദൈവത്തിന്റെ നിയമത്തിനനുസരിച്ച് അദ്ദേഹം വിധികൽപ്പിക്കുമായിരുന്നു. ഒരു മുസ്ലിമിനേയും അദ്ദേഹം ശപിച്ചിട്ടില്ല. അവിടുന്ന് ഒരിക്കലും ത ന്നെ ഒരു അടിമ പുരുഷനേയോ സ്ത്രീയേയോ അദ്ദേഹത്തിന്റെ സേവകനേയോ സേവികയേയോ എന്തിനധികം ഒരു മൃഗത്തെ പോലും അടിച്ചിട്ടില്ല. അനുചിതമായ അഭ്യർഥനയൊഴികെ ആരുടെ അഭ്യർഥനയും അദ്ദേഹം നിരാകരിച്ചില്ല. വീട്ടിൽ എപ്പോഴും പുഞ്ചിരിക്കുന്ന മുഖവുമായിട്ടായിരിക്കും അദ്ദേഹം പ്രവേശിച്ചിരുന്നത്. അനുചരരുടെ കൂടെ ഇരിക്കുമ്പോൾ അവർക്ക് നേരെ ഒരിക്കലും കാൽ നീട്ടി വെക്കുമായിരുന്നില്ല. വളരെ സാവകാശത്തിലായിരുന്നു അവിടുന്ന് സംസാരിച്ചിരുന്നത്. ആർക്കെങ്കിലും അത് ഓർമയിൽ സൂക്ഷിച്ചു വെക്കണമെങ്കിൽ അവർക്ക് അപ്രകാരം ചെയ്യാമായിരുന്നു.

അലി (റ) റസൂൽ തിരുമേനി (സ) യെക്കുറിച്ച് പറയുന്നു:

‘ അവിടുന്ന് സദാ സുസ്മേര വദനനും മൃദുലചിത്തനുമായിരുന്നു. കരുണാർദ്രനായിരുന്ന അവിടുന്ന് സങ്കുചിതമനസ്ക്കനോ കഠിന ഹൃദയനോ ആയിരുന്നില്ല. ഒരിക്കലും അട്ടഹസിച്ചിരുന്നില്ല. കഠിന പദംപോലും ഉച്ചരിച്ചിരുന്നില്ല. ആരുടെ പ്രവർത്തികളിലും കുറ്റമൊന്നും കണ്ടിരുന്നില്ല. ആരെക്കൊണ്ടും കഠിനമായി ജോലി ചെയ്യിച്ചിരുന്നില്ല. അദ്ദേഹത്തിന് ഇഷ്ടപ്പെടാത്ത കാര്യമാണെങ്കിൽ സൗമ്യപൂർവം തന്റെ വിപ്രതിപത്തി പ്രകടിപ്പിക്കുമായിരുന്നു. അവിടുത്തെ നല്ലത് പോലെ അറിയുന്നവർക്ക് അദ്ദേഹത്തിന്റെ നിശബ്ദത എന്താണെന്നറിയുമായിരുന്നു. അവിടുന്ന് മൂന്ന് കാര്യങ്ങൾ സ്വയം ഇഷ്ടപ്പെട്ടിരുന്നില്ല. അനാവശ്യമായ വാദസമർഥനം, വൃഥാ വർത്തമാനം, അദ്ദേഹത്തെ സംബന്ധിക്കാത്ത കാര്യങ്ങളിലുള്ള താൽപര്യം, മറ്റുള്ളവരുടെ കാര്യത്തിൽ അവിടുന്ന് മൂന്ന് കാര്യങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല. അന്യരെക്കുറിച്ച് ഒരിക്കലും കുറ്റം പറഞ്ഞിരുന്നില്ല. അന്യരുടെ സ്വകാര്യതയിലേക്ക് ചുഴിഞ്ഞു നോക്കിയിരുന്നില്ല. ഉപകാരപ്രദമായ കാര്യങ്ങൾ അവിടുന്ന് സംസാരിക്കുമായിരുന്നു. അനുചരന്മാരോട് അദ്ദേഹം സംസാരിക്കുമ്പോൾ അവർ നിശബ്ദത പാലിച്ചിരുന്നു. ഒരു പക്ഷി വന്ന് നിന്നാലെന്ന പോലെ അവരുടെ ശിരസ്സുകളെല്ലാം കുനിഞ്ഞിരുന്നു. അദ്ദേഹം നിശബ്ദനായാൽ മാത്രമേ അവർ സംസാരിച്ചിരുന്നുള്ളൂ. ആരെങ്കിലും അദ്ദേഹത്തോട് സംസാരിക്കുമ്പോൾ അയാൾ സംസാരിച്ചു തീരുന്നത് വരെ അത് ശ്രദ്ധാപൂർവം കേൾക്കുമായിരുന്നു. ആളുകളെന്തെങ്കിലും കേട്ട് ചിരിക്കുകയാണെങ്കിൽ അദേഹം അവരുടെ കൂടെ പുഞ്ചിരിക്കുമായിരുന്നു. പുറത്ത് നിന്ന് ആരെങ്കിലും കഠിനമായി സംസാരിക്കുകയാണെങ്കിൽ അവിടുന്ന് ക്ഷമയോടെ അത് കേൾക്കുമായിരുന്നു. തന്നെ സ്തുതിച്ചു പറയുന്നത് ഒരിക്കലും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ ആരെങ്കിലും എന്തെങ്കിലും ഉപകാരം ചെയ്തതിന്റെ പേരിൽ അദ്ദേഹത്തിന് നന്ദി പറഞ്ഞെങ്കിൽ അത് ഹാർദമായി സ്വീകരിക്കുമായിരുന്നു. ആരെങ്കിലും സംസാരിക്കുമ്പോൾ അദ്ദേഹം ഒരിക്കലും ഇടക്ക് കയറി ഇടപെടാറില്ലായിരുന്നു. സംസാരിക്കുന്നയാൾ നിശബ്ദനായെങ്കിൽ മാത്രമേ അദ്ദേഹം സംസാരം തുടങ്ങുകയുള്ളൂ. അദ്ദേഹം അസാമാന്യമാം വിധം വിശാല ഹൃദയനായിരുന്നു. ഏറ്റവും സത്യസന്ധനുമായിരുന്നു. അങ്ങേയറ്റം കരുണയുള്ളവനും ഏറ്റവും നല്ല സ്നേഹിതനുമായിരുന്നു.

പ്രവാചകന് ധാരാളം കുട്ടികളുണ്ടായിരുന്നു, ഫാത്തിമ യൊകെയുള്ളവരെല്ലാം ചെറുപ്രായത്തിൽ തന്നെ മരിച്ചു പോയി. അവിടുത്തെ മൂത്തമകൾ സൈനബ് ഹിജറ എട്ടാം വർഷത്തിൽ മരിച്ചു. അവർ അബുൽ ആസ് ബിൻ റബിയെ വിവാഹം കഴിച്ചു. മരിക്കുമ്പോൾ അവർക്ക് ഒരു ആൺ കുട്ടിയും ഒരു പെൺകുട്ടിയുമുണ്ടായിരുന്നു. പ്രവാചകൻ അതിരറ്റ് ആ പേരക്കുട്ടികളെ സ്നേഹിച്ചു. പെൺകുട്ടിയുടെ പേര് ഇമാമ എന്നായിരുന്നു. ഫാത്തിമ(റ)യുടെ മരണത്തിന് ശേഷം അലി(റ) യാണ് അവരെ വിവാഹം കഴിച്ചത്. റുക്കിയ്യ ഉമ്മുകുൽസു എന്നീ രണ്ട് പെൺകുട്ടികളെ ഉഥ്മാൻ (റ) യാണ് വിവാഹം കഴിച്ചത്. ഒരാൾ മരണപെട്ടതിന് ശേഷമാണ് മറ്റൊരാളെ വിവാഹം കഴിച്ചത്. ഫാത്തിമ അലിയെ ഹിജ്റ രണ്ടാം വർഷ ത്തിലാണ് വിവാഹം കഴിച്ചത്. റസൂൽ തിരുമേനി(സ)യുടെ വഫാത്തിന് ആറ് മാസം കഴിഞ്ഞതിന് ശേഷമാണ് ഫാത്തിമ ദിവംഗതയാവുന്നത്. ഹസ്സൻ, ഹുസൈൻ എന്നീ രണ്ട് പുത്രന്മാരും സൈനബ്, ഉമ്മുകുൽസു എന്നീ രണ്ട് പുത്രിമാരുമായിരുന്നു അവർക്കുണ്ടായിരുന്നത്.

പ്രവാചകൻ തന്റെ കുടുംബാംഗങ്ങളോട് വളരെ ആദര വായ്പോടെയാണ് പെരുമാറിയിരുന്നത്. അവിടുന്ന് ഒരിക്കലും തന്റെ ആദ്യ പത്നി ഖദീജയെ മറന്നിരുന്നില്ല. അവരായിരുന്നു പ്രവാചകനെ സ്വീകരിച്ച ആദ്യവ്യക്തിയും. അവിടുന്ന് സ്നേഹമുള്ള പിതാവും സ്നേഹമുള്ള ഭർത്താവുമായിരുന്നു. എല്ലാറ്റിനുമുപരിയായി അദ്ദേഹം അല്ലാഹുവിന്റെ സേവകനുമായിരുന്നു. എല്ലാ സ്നേഹവും അവനു വേണ്ടിയായിരുന്നു. അവന്റെ പ്രീതി കാംക്ഷിച്ചു കൊണ്ടുമായിരുന്നു. അവിടുത്തെ കുടുംബാംഗങ്ങളെല്ലാം അവിടുത്തോടൊപ്പം ആ പാത ആത്മാർഥമായി പിന്തുടർന്നു. ഈ ലോകത്തിന്റെ സുഖാഢംബരങ്ങളെല്ലാം അവർ ത്യജിച്ചു. പ്രവാചകന്റെ ജീവിതത്തിലെ എല്ലാ പ്രയാസങ്ങളിലും അവർ പങ്കു കൊണ്ടു. അവിടുന്ന് ഈ ലോകത്തോട് വിടപറയുമ്പോൾ അറേബ്യ മുഴുവൻ പ്രവാചകന് കീഴിലായിരുന്നു.

അവിടുത്തെ കുടുംബത്തിന് വേണ്ടി സ്വർണമോ, സ്വത്തോ പണമോ ഒന്നും തന്നെ ബാക്കി വെച്ചിരുന്നില്ല.

ലോകത്തിന് അദ്ദേഹം നൽകിയത് മനുഷ്യ ജീവിതത്തെ ക്രമീകരിക്കുന്ന ദൈവത്തിൽ നിന്നുമുള്ള അതിമഹത്തായ രണ്ട് സമ്മാനങ്ങളാണ്. വിശുദ്ധ ഖുർആനും അദ്ദേഹത്തിന്റെ തന്നെ വചനങ്ങളും. അവിടുന്ന് സത്യം, വിശ്വസ്തത, ആത്മനിരാസം, കരുണ, നീതി, സ്നേഹ സമ്പന്നമായ അയൽപക്കം, ശാന്തി, ദൈവിശ്വാസം, കഠിനാദ്ധ്വാനം മുതലായ മൂല്യങ്ങൾ ലോകത്തിന് പഠിപ്പിച്ചു. മനുഷ്യനെ അത്യുന്നത മായ സ്ഥാനത്തേക്ക് അദ്ദേഹം ഉയർത്തി. അവിടുന്ന് പറഞ്ഞു: **'ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്'**

അറബികൾ വന്യ സ്വഭാവികളും യുദ്ധപ്രിയരുമായിരുന്നു. അവർ അമിതമായി മദ്യം പാനം ചെയ്തു. കൊള്ളയടിച്ചു, ആളുകളെ അന്യായമായി മർദിച്ചു. എല്ലാവിധ നിന്ദ്യമായ വഴികളിലൂടെയും സഞ്ചരിച്ചു. ആ അറബികളെ അദ്ദേഹം ദൈവഭക്തരുടെയും സാത്വികരുടെയും രക്തസാക്ഷികളുടെയും ജനതയാക്കി മാറ്റി. വിധവകളെ സഹായിക്കുന്നവരും അനാഥകളെ സംരക്ഷിക്കുന്നവരും വ്രതമെടുക്കുന്നവരുമാക്കി. മക്കാ ഖുറൈശികൾക്കിടയിൽ അവിടുന്ന് ആദ്യത്തെ ദൈവവിളി യുയർത്തിപ്പോൾ അവർ അദ്ദേഹത്തിനെതിരെ ചീറിയടുത്തു. അദ്ദേഹത്തെ കൊല്ലാൻ ഗൂഢാലോചന നടത്തി. വിദൂരമായ മദീനയിലേക്ക് ആട്ടിയോടിച്ചു. പക്ഷേ അല്ലാഹു അദ്ദേഹത്തിന് മേൽ അത്യുന്നതമായ അനുഗ്രഹങ്ങൾ ചൊരിയുകയായിരുന്നു. ദിവംഗതനാകുന്നതിന് മുമ്പ് അവർ റസൂൽ തിരുമേനി(സ)യെ തന്നെ മർദിച്ചവരും ബഹിഷ്ക്കരിച്ചവരുമെല്ലാമടങ്ങുന്ന അറേബ്യയുടെ രാജാവാക്കി . മംനുഷ്യവംശത്തിന്റെ തന്നെ വിമോചകനും മാതൃകാ പുരുഷനുമാക്കി. അല്ലാഹു അദ്ദേഹത്തെ അത്യുന്നത സ്ഥാനത്തേക്കുയർത്തി. കോടാനു കോടി സലാമും സ്വലാത്തും അല്ലാഹു റസൂൽ തിരുമേനി(സ)യിൽ വർഷിക്കുമാറാകട്ടെ. ●

# സത്യദൂതന് പുതിയ മാനേജിങ്ങ് കമ്മിറ്റി

സത്യദൂതന് പുതിയ മാനേജിങ്ങ് കമ്മിറ്റിക്ക് നസാറത്ത് നശ്റോ ഇശാഅത്ത് അംഗീകാരം നൽകി നിയമിച്ചിരിക്കുന്നു. കമ്മിറ്റി ഭാരവാഹികൾ.

പി.പി നാസിറുദ്ദീൻ സാഹിബ് (പ്രസിഡന്റ്), സി. ശമീം സാഹിബ് (സെക്രട്ടറി), കെ. അബ്ദുൾ അസീസ് സാഹിബ് (അമീർ, കണ്ണൂർ ജില്ല), ഡോ. സലാഹുദ്ദീൻ സാഹിബ് (അമീർ, കോഴിക്കോട് ജില്ല), ടി കെ അമീറലി സാഹിബ് (അമീർ, മലപ്പുറം ജില്ല), എച്ച്. സുലൈമാൻ സാഹിബ് (അമീർ, പാലക്കാട് ജില്ല), പി. കെ. ശാഹുൽ ഹമീദ് സാഹിബ് (അമീർ, എറണാകുളം ജില്ല), അബ്ദുല്ലാ സാഹിബ് (അമീർ, കൊല്ലം ജില്ല), ബി. ബി. അഹ്മദ് കബീർ സാഹിബ് (പ്രിന്റർ & പബ്ളിഷർ, സത്യദൂതൻ), എച്ച്. അഹ്മദ് ശാഫി സാഹിബ് (മാനേജർ, സത്യദൂതൻ), എ. എം മുഹമ്മദ് സലീം സാഹിബ് (എഡിറ്റർ, സത്യദൂതൻ).

# സത്യദൂതൻ പ്രചാരണം ശക്തിപ്പെടുത്തുക

നവംബർ 20 ന് കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ ചേർന്ന സത്യദൂതൻ മാനേജിംങ്ങ് കമ്മിറ്റി പ്രഥമ യോഗം 2017 വർഷത്തിൽ പൊതുജനങ്ങളിൽ നിന്നും സത്യദൂതന് പുതിയ വരിക്കാരെ ധാരാളമായി ചേർക്കാൻ തീരുമാനിച്ചു. ഈ ഡിസംബർ മാസം സത്യദൂതൻ പ്രചാരണ മാസമായി ആചരിക്കാനും യോഗം തീരുമാനിച്ചു. പൊതുജനങ്ങൾക്കിടയിൽ നിശബ്ദമായി ജമാഅത്തിന്റെ പ്രചാരണം നടത്തുന്ന സത്യദൂതന്റെ പ്രചാരണ മൂല്യം തിരിച്ചറിഞ്ഞു കൊണ്ട് ജമാഅത്തുകൾ പൊതുജനങ്ങൾക്കിടയിൽ വരിക്കാരെ വർദ്ധിപ്പിക്കാൻ പരമാവധി ഉർജ്ജിതമായി പ്രചാരണ പ്രവർത്തനങ്ങൾ നടത്തണമെന്ന് അമീർമാർ അടങ്ങിയ യോഗം തീരുമാനിച്ചു.

സെക്രട്ടറി
സത്യദൂതൻ മാനേജിംങ്ങ്
കമ്മിറ്റി, സെന്റ് ബനഡിക്റ്റ്
റോഡ്, എറണാകുളം.

# യേശു ദൈവത്തിന്റെ പുത്രനോ?
## ശാസ്ത്രീയവും യുക്തിപരവുമായ വിശകലനം

**യേശു അഥവാ ഈസാ നബി (അ) ക്രിസ്ത്യാനികളും മുസ്‌ലിംകളും ആദരിക്കുന്ന ആദരണീയ മതപുരുഷനാണ്. അദ്ദേഹം ദൈവത്തിന്റെ പുത്രനാണ് എന്ന് പറയുമ്പോഴുണ്ടാവുന്ന യുക്തി ഭംഗങ്ങളും അശാസ്ത്രീയതകളും ലേഖകൻ വിശകലനം ചെയ്യുന്നു.**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്‌മദ് (റഹ്)

സ്പഷ്ടമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ദൈവത്തിന് ഒരു ജൈവപുത്രൻ ഉണ്ടാവുക സാധ്യമല്ല. കാരണം പുത്രന് പകുതി പിതാവിന്റേയും പകുതി മാതാവിന്റേയും ക്രോമോസോമുകൾ ലഭിച്ചിരിക്കണം. അപ്പോഴാണ് യേശുവിനെ സംബന്ധിച്ച് മറ്റൊരു പ്രശ്നം കൂടി ഉദിക്കുന്നത്. അതായത് പുത്രൻ പകുതി ദൈവവും പകുതി മനുഷ്യനുമായിരിക്കണം എന്നതാണ് ആ പ്രശ്നം. പക്ഷേ ദൈവത്തിന്റെ അക്ഷരാർഥത്തിലുള്ള പുത്രൻ എന്ന് യേശുവിനെ പറ്റി വിശ്വസിക്കുന്നവർ യേശു പൂർണ മനുഷ്യനും പൂർണ ദൈവവുമാണെന്ന് വാദിക്കുകയും അതിൽ ഊന്നൽ നൽകുകയുമാണ് ചെയ്യുന്നത്.

പകുതി ക്രോമോസോമുകൾ മാത്രമേ ഒരു ശിശു ജനിക്കാൻ ആവശ്യമായി വരുന്നുള്ളുവെങ്കിൽ യാതൊരു പ്രശ്നവുമില്ലായിരുന്നു. പക്ഷേ ഒരു ശിശുവും അങ്ങനെ ജനിക്കുന്നില്ല. ഇനി അങ്ങനെ തന്നെ സംഭവിച്ചുവെന്ന് കരുതുക. എന്നാൽ ആ ശിശു പകുതി മനുഷ്യനായിട്ടായിരിക്കും ഉണ്ടാകുക. ഇവിടെ നഷ്ടപ്പെട്ട ഇരുപത്തിമൂന്നു ക്രോമോസോമുകളെക്കുറിച്ചുള്ള പരാമർശം അവിടെ നിൽക്കട്ടെ. ഒരു ക്രോമോസോമിലെ ഏതെങ്കിലും ഒരു ജീനിന് പോലും തകരാറ് സംഭവിച്ചാൽ അത് ശിശുവിൽ വമ്പിച്ച ജന്മജാത വൈകല്യങ്ങൾ സൃഷ്ടിക്കുമായിരുന്നു. ആ ശിശു അന്ധനോ ബധിരനോ മൂകനോ ആയിത്തീർന്നേക്കാം. അത്തരത്തിലുള്ള ഒരു ദുരന്തം സംഭവിക്കുകയാണെങ്കിൽ അതിന്റെ അനന്തര ഭവിഷ്യത്തുകൾ എണ്ണിയാലൊടുങ്ങാത്തതായിരിക്കും. അതായത് ദൈവം മനുഷ്യന്റെതോ മറ്റേതെങ്കിലും വിധത്തിലുള്ളതോ ആയ ക്രോമസോം വഹിക്കുന്നു എന്ന് സങ്കൽപ്പിക്കാൻ സാധ്യമാവുകയില്ല. ഈയൊരു കാര്യത്തെ പറ്റി ഏതൊരാൾക്കും യാഥാർഥ്യ ബോധമുണ്ടാവേണ്ടതുണ്ട്. അത്കൊണ്ട് ദൈവത്തിന്റെ വ്യക്തിത്വപരമോ കായികപരമോ ആയ ബീജദാനം എന്നത് സംഭവ്യമല്ല. മറിയമിൽ നിന്ന് ഒരു പുത്രൻ ജനിച്ചെങ്കിൽ ആ ശിശു എന്ത്തന്നെ ആയാലും ശരി തീർച്ചയായും അത് ദൈവത്തിന്റെ പുത്രനാണെന്ന് പറയാൻ സാദ്ധ്യമല്ല. ആകെകൂടി വന്നാൽ നിങ്ങൾക്ക് വിശദീകരിക്കാൻ കഴിയുക അർധ മനുഷ്യൻ എന്ന നിലക്ക് അത് പ്രകൃതിയുടെ വിചിത്രമായ ഒരു പ്രതിഭാസ മല്ലാതെ മറ്റൊന്നുമല്ല എന്നാണ്. മറിയമിൽ എങ്ങനെയോ സ്വയം തന്നെ ബീജസങ്കലനം നടന്നു എന്ന് കരുതുകയാണെങ്കിൽ ഒരാൾക്ക് പരമാവധി പ്രതീക്ഷിക്കാൻ കഴിയുക പകുതി മനുഷ്യനായ എന്തോ ഒരു സൃഷ്ടി എന്ന് മാത്രമാണ്. ആ എന്തോ ഒരു സൃഷ്ടിയെ ദൈവപുത്രൻ എന്ന് വിളിക്കുന്നത് ഏറ്റവും നിന്ദാകരമാണ്.

പിന്നെയെങ്ങനെയാണ് ക്രിസ്തു ജനിച്ചത്? പുരുഷന്റെ പങ്കാളിത്തമില്ലാതെ മാതാവിന് മാത്രം എങ്ങനെ ഒരു കുഞ്ഞിന് ജന്മം നൽകാൻ കഴിയും എന്ന കാര്യത്തിൽ വികസിത രാജ്യങ്ങളിൽ ഗവേഷണം നടന്നുകൊണ്ടിരിക്കുന്ന കാര്യം നമുക്കറിയാം. പക്ഷേ ഇതുവരെ കന്യകാ പ്രസവത്തെ സംബന്ധിച്ച് അനിഷേധ്യവും സുനിശ്ചിതവുമായ ഒരു തെളിവ് മനുഷ്യയുക്തിക്ക് ലഭ്യമായിട്ടില്ല.

എന്നിരുന്നാലും അതിനുള്ള എല്ലാ സാദ്ധ്യതകളും തുറന്നു കിടക്കുന്നു.

താഴ്ന്ന ജീവികൾക്കിടയിൽ രണ്ട് വിധത്തിലുള്ള പ്രത്യുൽപാദക പ്രതിഭാസങ്ങൾ ശാസ്ത്രീയമായി സുസ്ഥാപിതമായതാണ്. പാർഥെനോജെനിസിസ് (Parthenogenisis), ഉഭയ ലിംഗത്വം (Hermoproditism) എന്നീ പ്രതിഭാസങ്ങളാണവ.

മറിയം യേശുവിനെ അത്ഭുതകരമായ രീതിയിൽ പ്രസവിച്ചത് ഇത്പോലെയുള്ള പ്രകൃതി നിയമം അനുസരിച്ചായിരിക്കുമെന്ന് കരുതാവുന്നതാണ്. എന്നാൽ അത് തികച്ചും വിരളമായ ഒരു പ്രതിഭാസമായിരിക്കും. അതിന്റെ സൂക്ഷ്മമായ വശങ്ങൾ എപ്പോഴും മനുഷ്യന് പൂർണമായും മനസ്സിലാക്കാൻ സാദ്ധ്യമായിട്ടില്ല. ഇവിടെ പാർഥെനോജെനിസിസിനെ പറ്റിയും ഉഭയലിംഗത്വത്തെ കുറിച്ചും അൽപ്പം വിശദീകരിക്കാം.

## ഉഭയ ലിംഗത്വം (Hermoproditism)

ഒരു പെൺ ശരീരത്തിൽ തന്നെ പുരുഷന്റേയും സ്ത്രീയുടേയും ലൈംഗികാവയവങ്ങളും ആൺ പെൺ ക്രോമോസോമുകളും വഹിക്കുന്നതിന് സാങ്കേതികമായി ഉപയോഗിക്കുന്ന പദമാണ് ഉഭയലിംഗത്വം (Hermoproditism) എന്നത്. ഉഭയ ലിംഗജീവികളായ ചില മുയലുകൾ ഒരു ഘട്ടത്തിൽ മറ്റു മുയലുകളുമായി ഇണചേരുകയും ആണും പെണ്ണുമായി 250 ലധികം മുയലുകളെ പ്രസവിക്കുകയും ചെയ്തു. മറ്റൊരു ഘട്ടത്തിൽ ഇണയില്ലാതെ ആ മുയലിനെ ഒറ്റപ്പെടുത്തിയപ്പോൾ ആൺ പെൺ വർഗത്തിൽ ഏഴ് ആരോഗ്യമുള്ള കുഞ്ഞുങ്ങൾക്ക് ജന്മം നൽകുകയുണ്ടായി. ആ മുയലിന്റെ മൃതദേഹം കീറി പരിശോധിച്ചപ്പോൾ അത് ഗർഭിണിയായ അവസ്ഥയില്ലായിരുന്നുവെന്ന് പ്രവർത്തന ക്ഷമമായ രണ്ട് അണ്ഡാശയങ്ങളും (Ovary) പ്രവർത്തനക്ഷമമല്ലാത്ത രണ്ട് വൃഷണങ്ങളും (Testis) ആ മുയലിൽ കാണപ്പെടുകയുമുണ്ടായി. അത്തരം പ്രതിഭാസങ്ങൾ മനുഷ്യരിലും സാദ്ധ്യമാണെന്ന് അടുത്ത കാലത്തെ പഠനങ്ങൾ ചൂണ്ടികാട്ടുന്നു.

## പാർഥെനൊജെനിസിസ് (Parthenogenisis)

പുരുഷ പങ്കാളികളുടെ സഹായമില്ലാതെ തന്നെ സ്ത്രീയുടെ അണ്ഡാശയം അലൈംഗികമായി (Asexual) ഒരു ശിശുവായി രൂപാന്തരപ്പെടുന്നതിനെയാണ് പാർഥെനോ ജെനിസിസ് എന്ന് പറയുന്നത്. ആഫിഡ് (Aphids-മുഞ്ഞ), മത്സ്യം എന്നീ താഴ്ന്ന തരം ജീവികളിൽ ഈ പ്രതിഭാസം നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വളരെ കുറഞ്ഞതും അപ്രവചിതവുമായ മഴ ലഭിക്കുന്ന സാഹചര്യങ്ങളിൽ ജീവിക്കുന്ന പല്ലികളിൽ പാർഥെനോജെനിസിസ് വിജയകരമായ ഒരു അതിജീവന തന്ത്രമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഒരു പരീക്ഷണ ശാലയിലെ കൃത്രിമ പരിതസ്ഥിതിയിൽ എലിയുടെയും മുയലിന്റേയും ഭ്രൂണങ്ങൾ ഗർഭകാലയളവിന്റെ പകുതി ഘട്ടംവരെ പാർഥെനോജനിസിസ് വഴി വികസിപ്പിച്ചെടുക്കുകയുണ്ടായി. പക്ഷേ അതിന് ശേഷം അത് അലസിപ്പോകുകയാണുണ്ടായത്. കാൽസിയം അയണോഫോർ (Calcium Ionophore) ഒരു രാസത്വരകമായി (Catalyst) ഉപയോഗിച്ചു കൊണ്ട് പാർഥെനൊജെനിസിസ് വഴി മനുഷ്യ ഭ്രൂണത്തെ ചിലപ്പോൾ പ്രവർത്തന ക്ഷമമാക്കാനുള്ള സാദ്ധ്യതയെ പറ്റി ഈയടുത്ത കാലത്ത് ചില ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. മനുഷ്യസ്ത്രീയിലെ ഗർഭ ധാരണത്തിലെ ആദ്യഘട്ടത്തിലുണ്ടാവുന്ന ചില ഗർഭ ഛിദ്രങ്ങൾ പാർഥെനോജെനിസിസിലൂടെ പ്രവർത്തന ക്ഷമമായ ഭ്രൂണങ്ങളായിരിക്കാൻ സധ്യതയുണ്ടെന്ന വസ്തുത ഇത്തരത്തിലുള്ള ഗവേഷണങ്ങൾ ചൂണ്ടികാട്ടുന്നു.

ഈയടുത്ത കാലത്ത് നടന്ന ഒരു പരീക്ഷണ ഗവേഷണത്തിൽ കന്യകാ പ്രസവം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. 1995 ഒക്ടോബറിൽ Natural Genitics റിപ്പോർട്ടിൽ മൂന്നു വയസ്സുകാരനായ ഒരു കുട്ടിയുടെ ശരീരത്തിന്റെ ഒരു ഭാഗം ബീജ സങ്കലനം നടക്കാത്ത അണ്ഡത്തിൽ നിന്ന് വളർന്നു വന്ന സുപ്രധാനമായ ഒരു സംഭവം ചർച്ച ചെയ്യുന്നുണ്ട്. ഗവേഷകന്മാർ കുട്ടിയുടെ രക്തത്തിലും ത്വക്കിലുമുള്ള X ക്രോമോസോമിലെ DNA വിന്യാസം പരിശോധിക്കുകയുണ്ടായി. അവന്റെ കോശത്തിലുള്ള X ക്രോമോസോമുകളെല്ലാം പരസ്പരം തത്സമങ്ങളായിരുന്നു. അതെല്ലാം അവന്റെ അമ്മയിൽ നിന്ന് ലഭിച്ചതായിരുന്നു. അതുപോലെ അവന്റെ രക്തത്തിലെ മറ്റു 22 ക്രോമോസോം ജോഡികളും തത്സമങ്ങളായിരുന്നു. ഈ ക്രോമോ സോം ജോഡികളിലെ ഓരോ അംഗവും അവന്റെ അമ്മയിൽ നിന്നുള്ളതായിരുന്നു.

## എന്താണ് അത്ഭുതങ്ങൾ?

കന്യകാ പ്രസവം വിശാലമായ ഒരു സാധ്യതയാണ്. അത് ഒരിക്കലും അസാധാരണവും പ്രകൃതി നിയമത്തിനെതിരോ അല്ല. യേശുവിന്റെ ജനനത്തെ പറ്റി പ്രകൃതി നിയമങ്ങൾക്ക് അതീതമായ ഒരു വിശദീകരണം തേടേണ്ട ആവശ്യം എവിടെയാണ്? അതിനുമപ്പുറം അതിരു കവിഞ്ഞ നിലയിൽ ദൈവം മനുഷ്യ സ്ത്രീയിലൂടെ തന്റെ ജൈവ സന്താനത്തിന് ജന്മം നൽകി എന്ന് അവിശ്വസിക്കേണ്ട ആവശ്യകതയെന്ത്? നാനാ വിധങ്ങളായ ഈ പ്രതിഭാസമെല്ലാം തന്നെ പ്രകൃതിയിൽ സംഭവിക്കുന്ന യാഥാർഥ്യങ്ങളാണെന്ന് നിരീക്ഷിക്കപ്പെട്ടിരിക്കെ, ദൈവത്തിന്റെ പ്രത്യേകമായൊരു രൂപകൽപ്പന എന്ന നിലക്ക് ചുരുളഴിക്കാൻ കഴിയാത്ത ഒരു പ്രകൃതി പ്രതിഭാസമായി യേശുവിന്റെ ജനനത്തെ പറ്റി വിശ്വസിക്കുന്നതിൽ എന്തുണ്ട് പ്രയാസം? പുരുഷ സ്പർശമേൽക്കാതെ അസാധാരണമായ രീതിയിൽ നടന്ന ഏതോ ഒരു

പ്രകൃതി പ്രതിഭാസം മറിയമിൽ പ്രവർത്തിച്ചിട്ടുണ്ട്. യഥാർഥത്തിൽ ഇത് തന്നെയാണ് സംഭവിച്ചതെന്നാണ് അഹ്മദി മുസ്ലിംകളുടെ വിശ്വാസം. ഞങ്ങളുടെ വാദം അചഞ്ചലമാണ്. കാരണം ഒരു ശാസ്ത്രജ്ഞനും അത് അസംബന്ധമാണെന്ന് പറഞ്ഞ് നിരസിക്കാനോ പ്രകൃതിയുടെ അറിയപ്പെട്ട നിയമങ്ങൾക്ക് എതിരാണെന്ന് പറഞ്ഞ് തള്ളിക്കളയാനോ സാദ്ധ്യമല്ല.

**യേശുവിന്റെ ജനനം പ്രകൃതി നിയമങ്ങൾക്കതീതമായ ഒരു പ്രതിഭാസമാണെന്ന് ആർക്കും വാദിക്കാൻ കഴിയാത്തവിധം ഒരു കാലം സമാഗതമായേക്കാം. അപ്പോൾ വളരെ അപൂർവമായി സംഭവിക്കുന്ന ഒരു പ്രകൃതി പ്രതിഭാസമാണ് യേശുവിന്റെ ജനനം എന്ന് സമ്മതിക്കേണ്ടിവരും. മനുഷ്യന് അപരിചിതമായ അത്യപൂർവമായ സംഭവം!**

ഇസ്‌ലാം അത്ഭുതങ്ങളെ പ്രകൃതിക്ക് വിരുദ്ധമായ സംഭവങ്ങൾ എന്ന നിലക്കല്ല കാണുന്നത്. അത്തരം അത്ഭുതങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അക്കാലത്തെ മനുഷ്യ വിജ്ഞാനത്തിന് അത് വിശദീകരിക്കാൻ കഴിഞ്ഞില്ല എന്ന് മാത്രം. പ്രകൃതി നിയമത്തിന് വിരുദ്ധമായത് സംഭവിക്കുകയാണെങ്കിൽ ദൈവത്തിന്റെ മഹത്വത്തെ സംബന്ധിച്ച് അത് ധാരാളം ചോദ്യങ്ങൾ ഉയർത്തിക്കൊണ്ട് വരുമായിരുന്നു. പ്രകൃതി നിയമം ദൈവം സ്വയം ഉണ്ടാക്കിയതാണെങ്കിൽ അത് ലംഘിക്കാതെ തന്നെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഏർപ്പാടുകളും അവൻ ചെയ്തിട്ടുണ്ടായിരിക്കണം.

എല്ലാ നിയമങ്ങളും മനുഷ്യന് അറിയില്ല. പ്രകൃതി നിയമങ്ങൾ പല വിധത്തിലും പ്രവർത്തിക്കുന്നു. അവ പല വിതാനത്തിലും നിലകളിലുമുള്ളതാണ്. ചിലപ്പോൾ അവയുടെ ഒരു തലം മാത്രമേ മനുഷ്യന് അറിയാൻ സാധ്യമാവൂ. അതിനപ്പുറം ചൂഴ്ന്നു നോക്കാൻ മനുഷ്യന് സാധ്യമല്ല. കാലം കഴിയുന്നതനുസരിച്ച് മനുഷ്യ വിജ്ഞാനം വർധിക്കുന്നു. അതോടൊപ്പം ഇതുവരെ അവന് ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ലാത്ത പ്രകൃതി നിയമങ്ങളിലേക്ക് കൂടതൽ ആഴ്ന്നിറങ്ങുകയും നിരീക്ഷിക്കാനുള്ള കൂടുതൽ കഴിവുകൾ ആർജിക്കുകയും ചെയ്യുന്നു. ശാസ്ത്ര പുരോഗതിയുടെ മറ്റൊരു കാലഘട്ടത്തിൽ അത്തരം നിയമങ്ങളുടെ നാനാവിധ പ്രവർത്തനത്തെ പറ്റി കൂടുതൽ അറിയാൻ കഴിയുന്നു. ആ നിയമങ്ങളുടെ പ്രവർത്തനങ്ങൾ ശാസ്ത്രം നല്ലത് പോലെ ഗ്രഹിക്കുന്നു എന്ന് മാത്രമല്ല മറ്റു നിയമങ്ങളുമായി അത് എങ്ങനെ പ്രതി പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കുകയും ചെയ്യുന്നു.

പഴയകാലത്ത് അത്ഭുതങ്ങളായി കരുതിയിരുന്ന രീതിയിൽ അത്തരം കാര്യങ്ങൾ പിന്നീട് ദീർഘകാലം അത്ഭുതങ്ങളായി നിലനിന്നില്ല. അത്ഭുതം എന്നത് നിശ്ചിത കാലത്തെ മനുഷ്യ വിജ്ഞാനങ്ങളുമായി ബന്ധപ്പെട്ടതാണ്. ദൈവത്തിന്റെ അസാധാരണമായ ഒരു പ്രതിഭാസം പ്രകടിതമാവുമ്പോൾ പത്യക്ഷത്തിൽ ഒരു പ്രകൃതി നിയമം ലംഘിക്കപ്പെട്ടതായി തോന്നും. വാസ്തവത്തിൽ അത് പ്രകൃതി നിയമത്തിന് വിരുദ്ധമോ അതിന്റെ ലംഘനമോ അല്ല. ആ പ്രതിഭാസം പ്രകടിതമാക്കിയ നിയമം ഗുപ്ത രൂപത്തിൽ അവിടെയുണ്ടായിരുന്നു. ദൈവത്തിന്റെ ആജ്ഞ വന്നെത്തിയപ്പോൾ അത് പ്രാവർത്തികമായി എന്ന് മാത്രം. ആ കാലത്തുള്ള ജനതക്ക് ആ നിയമം എന്താണെന്ന് മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. അവർക്ക് അതിൽ യാതൊരു നിയന്ത്രണവും ഇല്ലായിരുന്നു. ഉദാഹരണത്തിന് ഏതാനും സഹസ്രസഹാബ്ദങ്ങൾക്ക് മുമ്പ് കാന്തശക്തിയെക്കുറിച്ച് മനുഷ്യന് അറിവ് ഉണ്ടായിരുന്നില്ല. എങ്കിലും അപ്പോൾ കാന്തം യാദൃച്ഛികമായി കണ്ടെത്തുകയും നഗ്ന ദൃഷ്ടിക്ക് കാണാൻ കഴിയുന്ന അവലംബങ്ങളൊന്നുമില്ലാതെ വസ്തുക്കൾ പൊങ്ങി നിൽക്കുന്ന രീതിയിൽ ഒരു വിദ്യ കണ്ടെത്തിയെന്നുമിരിക്കട്ടെ. ഈ വിദ്യ കാണുമ്പോൾ ഇതാ ഒരത്ഭുതം സാധിച്ചിരിക്കുന്നു എന്ന് പറഞ്ഞ് മറ്റുള്ളവരെ അതിശയിപ്പിക്കാമായിരുന്നു. ഇക്കാലത്ത് പൊതുവേ അത്തരം വിദ്യകൾ നിസ്സാരവും സർവ സാധാരണവുമായി ഗണിക്കപ്പെടുന്നു. അത്കൊണ്ട് അത്ഭുതമായി ഗണിക്കുന്നില്ല. മനുഷ്യന്റെ ജ്ഞാനം പരിമിതമാണ്. എന്നാൽ ദൈവജ്ഞാനം അപരിമിതമാണ്. ഒരു നിയമം പ്രാവർത്തികമാവുകയും മനുഷ്യന്റെ അറിവിന് അത് പിടികിട്ടാത്തതാകുകയും ചെയ്യുമ്പോൾ ആ പ്രതിഭാസം ഒരത്ഭുതമായി പരിഗണിക്കപ്പെടുന്നു. ഭൂതകാല അനുഭവം വെച്ച് നോക്കുമ്പോൾ പ്രകൃതി നിയമങ്ങൾക്ക് അതീതമെന്ന് അക്കാലത്തെ മനുഷ്യർ കരുതിയിരുന്ന പല കാര്യങ്ങളും അവർക്ക് പൂർണമായും ഗ്രഹിക്കാൻ കഴിയാത്ത പ്രകൃതി നിയമങ്ങൾ തന്നെയായിരുന്നുവെന്നും പിൽക്കാലത്ത് മനുഷ്യന് വിജ്ഞാനം ലഭിച്ചപ്പോൾ ബോദ്ധ്യമായിട്ടുണ്ട്. പിതാവിന്റെ ഇടപെടൽ ഇല്ലാതെ മാതാവിൽ നിന്ന് മാത്രമായി ജനനം സംഭവിക്കുന്ന, പ്രകൃതി നിയമങ്ങൾക്ക് വിധേയമായ ഒരു പ്രതിഭാസം യേശുവിന്റെ ജനനത്തിൽ സംഭവിച്ചിരിക്കാമെന്ന് നാം പറയുന്നത് അതുകൊണ്ടാണ്. അക്കാലത്തെ ജനങ്ങൾക്ക് ഈ പ്രതിഭാസത്തിന്റെ പ്രകൃതി നിയമ

ങ്ങളെ കുറിച്ചൊന്നും അറിയാമായിരുന്നില്ല. ആധുനിക കാലത്ത് പോലും ഈ പ്രതിഭാസം എങ്ങനെ സംഭവിക്കുന്നു എന്നതിനെ പറ്റി പൂർണ വിജ്ഞാനം കൈവന്നിട്ടില്ല. ശാസ്ത്രം ആ ദിശയിലേക്ക് കുതിക്കുകയും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. യേശുവിന്റെ ജനനം പ്രകൃതി നിയമങ്ങൾക്കതീതമായ ഒരു പ്രതിഭാസമാണെന്ന് ആർക്കും വാദിക്കാൻ കഴിയാത്ത വിധം ഒരു കാലം സമാഗതമായേക്കാം. അപ്പോൾ വളരെ അപൂർവമായി സംഭവിക്കുന്ന ഒരു പ്രകൃതി പ്രതിഭാസമാണ് യേശുവിന്റെ ജനനം എന്ന് സമ്മതിക്കേണ്ടിവരും. മനുഷ്യന് അപരിചിതമായ അത്യപൂർവമായ സംഭവം!

## യേശു ദൈവത്തിന്റെ പുത്രനോ?

യേശു ക്രിസ്തുവിനെ സംബന്ധിച്ച് ക്രിസ്ത്യാനികളുടെ ധാരണയിൽ അദ്ദേഹത്തിന്റെ പ്രകൃതി, ദൈവവുമായുള്ള ബന്ധം മുതലായ മറ്റു പല പ്രശ്നങ്ങളും അന്തർഭവിച്ചിട്ടുണ്ട്. ക്രിസ്തീയ സിദ്ധാന്തങ്ങൾ വിമർശനാത്മകമായി അപഗ്രഥനം ചെയ്തു പഠിക്കുമ്പോൾ ഒരു പരിപൂർണ മനുഷ്യന്റേയും പരിപൂർണ ദൈവത്തിന്റേയും സവിശേഷ ഗുണങ്ങൾ ഉൾക്കൊള്ളുന്ന ഒരു ദൈവപുത്രനാണ് ഉരുത്തിരിഞ്ഞു വരുന്നത്. ക്രിസ്ത്യാനികളുടെ സിദ്ധാന്ത പ്രകാരമായാൽ പോലും പിതാവ് ഒരിക്കലും പുത്രന് തുല്യമാവുകയില്ല. പിതാവായ ദൈവം പൂർണനായ ദൈവമാണ്. പക്ഷേ സമ്പൂർണനായ മനുഷ്യനല്ല. എന്നാൽ പുത്രൻ സമ്പൂർണനായ ദൈവവും സമ്പൂർണനായ മനുഷ്യപുത്രനും കൂടിയാണ് എന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്. രണ്ട് വ്യത്യസ്ത സ്വഭാവ ഗുണങ്ങളോടു കൂടിയ രണ്ട് വ്യത്യസ്ത വ്യക്തിത്വങ്ങളാണ് ഇവർ രണ്ട് പേരും.

ഈ സ്വഭാവ ഗുണങ്ങൾ പരസ്പരം മാറ്റാൻ സദ്ധ്യമല്ല എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ചില ദ്രവ്യങ്ങളുടെ ഗുണങ്ങൾ പരസ്പരം മാറ്റാൻ സാധിക്കും. ഉദാഹരണത്തിന് സത്തയിലും അതിന്റെ രാസസംയോഗത്തിലും മാറ്റം വരാതെ ജലത്തിന് ഐസാകാനും ജല ബാഷ്പമാവാനും സാധിക്കും. എന്നാൽ യേശുവിന്റേയും ദൈവത്തിന്റേയും ഗുണങ്ങളിൽ വ്യത്യാസങ്ങളുണ്ട്. അവരിൽ ഒരാളുടെ ഗുണങ്ങളിൽ ചിലത് കൂടുതൽ കൂട്ടി ചേർക്കപ്പെട്ടിട്ടുണ്ട്. അവ പരസ്പരം ചേരുകയില്ല. ഒന്നു മറ്റൊന്നായി രൂപാന്തരപ്പെടാനും സാദ്ധ്യമല്ല. ഒന്ന് മറ്റൊന്നിൽ നിന്നും തികച്ചും വ്യതിരിക്തമായി നിൽക്കുന്നു. മറ്റൊരു ഗുരുതരമായ പ്രശ്നം കൂടിയുണ്ട്. യേശു പരിപൂർണ മനുഷ്യൻ എന്നത് പോലെ പരിപൂർണ ദൈവവുമായിരുന്നോ? പരിപൂർണ മനുഷ്യനാകാത്ത പിതാവായ ദൈവത്തിൽ നിന്ന് അദ്ദേഹം തികച്ചും വിഭിന്നനാണ്. പിതാവായ ദൈവം പരിപൂർണ മനുഷ്യൻ പോയിട്ട് അപൂർണ മനുഷ്യൻ പോലുമായിട്ടില്ല. ഇതെന്ത് തരത്തിലുള്ള ബന്ധമായിരുന്നുവെന്ന് മനസ്സിലാവുന്നില്ല. പുത്രൻ പിതാവിനേക്കാൾ വലിയവനായിരുന്നോ? ഈ അധിക ഗുണം പുത്രനെ പിതാവിനേക്കാൾ ഉന്നതനാക്കുന്നില്ലെങ്കിൽ പിന്നെ അതൊരു ന്യൂനഗുണമായിരിക്കണം. അങ്ങനെയാണെങ്കിൽ ന്യൂന ഗുണമുള്ള പുത്രദൈവം ക്രിസ്ത്യാനികളുടെ അവകാശ വാദത്തിനെതിരാണ്. മാത്രമല്ല ദൈവത്തെ പറ്റിയുള്ള സർവാംഗീകൃതമായ ധാരണകൾക്കെതിരായിരിക്കുകുയും ചെയ്യും. ദൈവം യാതൊരു ഏറ്റകുറച്ചിലുകളും വ്യത്യാസവുമില്ലാതെ ഒന്നിൽ മൂന്നാണെന്നും (Three in one) മൂന്നിൽ ഒന്നാണെന്നും (One in three) ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. നാം വിശ്വസിക്കണമെന്ന് പറയുന്ന ക്രിസ്ത്യാനികളുടെ ഈ വൈരുദ്ധ്യാത്മക സിദ്ധാന്തം ഒരാൾക്കെങ്ങനെ ഉൾക്കൊള്ളാനാകും? ഇങ്ങനെ സംഭവിക്കുന്നത്, സത്യ സന്ധമായ വസ്തുതകൾക്ക് പകരം മിഥ്യാ സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തിൽ വിശ്വാസം കെട്ടിപടുത്തതു കൊണ്ടാണ്.

പരിഹരിക്കപ്പെടേണ്ട മറ്റൊരു പ്രശ്നം ദൈവത്തിന്റെ പുത്രനായ യേശു മറിയത്തിന്റെ ഗർഭപാത്രത്തിൽ നിന്ന് ജനിച്ചത് കൊണ്ടാണ് ദൈവ പുത്രനായതെങ്കിൽ അതിന് മുമ്പ് അദ്ദേഹത്തിന്റെ അവസ്ഥയെന്തായിരുന്നു? മറിയത്തിന്റെ ഉദരത്തിലൂടെയുള്ള ജനനമില്ലാതെ തന്നെ അദ്ദേഹം ദൈവത്തിന്റെ അനശ്വരനായ പുത്രനായിരുന്നുവെങ്കിൽ എന്തുകൊണ്ട് അദ്ദേഹത്തിന് മനുഷ്യരൂപത്തിൽ ജന്മം നൽകേണ്ടി വന്നു? നശ്വരത എന്നത് പുത്രനുള്ള ഗുണത്തിന് ആവശ്യമായിരുന്നുവെങ്കിൽ ആ ഗുണം അദ്ദേഹം മനുഷ്യനായി ജനിച്ചതിന് ശേഷം ലഭിച്ച അധിക ഗുണമായിരിക്കും. അദ്ദേഹം ശരീരം ഉപേക്ഷിച്ച് സ്വർഗത്തിലേക്ക് കരേറിയപ്പോൾ പുത്രൻ എന്ന ആദ്യഗുണവും അപ്രത്യക്ഷമായിട്ടുണ്ടാകണമല്ലോ? മനുഷ്യന്റെ സാമാന്യ യുക്തി നിരാകരിക്കുന്ന ഈ വിശ്വാസം നിരവധി സങ്കീർണതകളുയർത്തുന്ന യേശുവിന്റെ ജനനത്തെക്കുറിച്ച് കുറച്ചു കൂടി ആദരണീയവും സത്യസന്ധവുമായ ഒരു വീക്ഷണം സ്വീകരിക്കണമെന്ന കാര്യത്തിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അതായത് പ്രത്യക്ഷത്തിൽ ഒളിഞ്ഞ് കിടക്കുന്ന ചില പ്രകൃതി നിയമങ്ങളുടെ പ്രവർത്തന ഫലമായി പ്രത്യേകമായ ചില സൃഷ്ടി പ്രക്രിയയിലൂടെയാണ് യേശുവിന് ദൈവം ജന്മം നൽകിയത്. യേശു ദൈവത്തിന്റെ ആലങ്കാരികമായുള്ള പുത്രനാണ്. ദൈവം അദ്ദേഹത്തെ പ്രത്യേകമായി സ്നേഹിച്ചു. ഒരുപക്ഷേ അദ്ദേഹം എല്ലാം കൊണ്ടും ഒരു മനുഷ്യൻ മാത്രമായിരുന്നു. യേശുവിനെ ഇതിഹാസ രൂപിയാക്കാൻ പുത്രപദവി മുന്നൂറു കൊല്ലത്തിന് ശേഷം അദ്ദേഹത്തിൽ കൂട്ടിചേർക്കപ്പെട്ടതാണ്. (***Christianity: A Journey from Facts to Fiction***) ●

# ഏക ദൈവസങ്കൽപം പരിണാമസിദ്ധമല്ല

ബഹുദൈവ സിദ്ധാന്തത്തിൽ നിന്ന് പരിണമിച്ചാണ് ഏക ദൈവസിദ്ധാന്തം ഉണ്ടായത് എന്ന സോഷ്യോളജിസ്റ്റുകളുടെ വാദം അയുക്തികവും അസംബന്ധവുമാണ്. എറ്റവും പ്രാചീന ഗോത്രങ്ങളിൽ നിന്നുവരെ ഏകദൈവ വിശ്വാസത്തിന് തെളിവുകൾ ലഭിക്കുകയും പുരാതന വേദഗ്രന്ഥങ്ങളിൽ ഏകദൈവാദ്ധ്യാപനങ്ങൾ മുലപ്രമാണമായി കാണപ്പെടുകയും ചെയ്യുന്നു. ഏക ദൈവ വിശ്വാസം മനുഷ്യന്റെ സ്വച്ഛമായ നൈസർഗിക ബോധത്തിൽ നിന്ന് ആവിർഭവിക്കുന്നതാണെന്ന് സൂക്ഷ്മമായി നോക്കിയാൽ മനസ്സിലാവും. പ്രശസ്ത പണ്ഡിതനും മുൻ സത്യദൂതൻ പത്രാധിപരുമായിരുന്ന എൻ. ഹാമിദ് സാഹിബ് (മർഹൂം) എഴുതിയ ഇസ്‌ലാമും അദ്വൈത ദർശനവും എന്ന കൃതിക്ക് ലേഖകൻ ആമുഖമായെഴുതിയതാണ് ഈ ലേഖനം.

**പ്രൊഫ. എം. മുഹമ്മദ്**

ഈശ്വര സങ്കൽപം മാനവ ചരിത്രത്തിൽ വിവിധ പരിണതികൾക്ക് വിധേയമായിട്ടുണ്ട്. ദൈവത്തെ കുറിച്ചുള്ള മനുഷ്യധാരണ ക്രമാനുഗതമായ ഒരു പരിണാമ പ്രക്രിയയക്ക് വിധേയമായിക്കൊണ്ടു വളർന്നുവന്നു എന്നൊരു സിദ്ധാന്തമുണ്ടല്ലോ. 19-ാം നൂറ്റാണ്ടിലെ നരവംശ ശാസ്ത്രജ്ഞരാണ് ഈ സിദ്ധാന്തത്തിന്റെ പ്രണേതാക്കൾ. അന്ധവിശ്വാസത്തിൽ നിന്നുമാണ് മത വിശ്വാസത്തിന്റെ പ്രാരംഭം എന്നുമവർ ശഠിച്ചു. ആദിമനുഷ്യന്റെ ജിവിത ചുറ്റുപാടുകളിൽ പ്രകൃതി ശക്തികൾ അവനെ ഭയപ്പെടുകയും ഈ ഭയം മൂലം അവൻ ആ ശക്തികളെ ആരാധിച്ചു തുടങ്ങുകയും ചെയ്തു എന്നവർ ചൂണ്ടിക്കാട്ടി. ഇവിടെ അവർ ഈശ്വര സങ്കൽപ്പത്തിന്റെ ആദിരൂപം കാണുന്നു. എന്നാൽ, ഈ സിദ്ധാന്തത്തിനു അടിസ്ഥാന പരമായ ഒരു തെറ്റുപറ്റി. മനുഷ്യരിൽ ഈശ്വര സങ്കൽപത്തിന്റെ വളർച്ചയെ അതു പദാർഥത്തിന്റെ പരിണാമ പ്രക്രിയയിലൂടെയുള്ള വികാസവുമായി സമാനപ്പെടുത്തിയെന്നതാണു തെറ്റ്. ഏക ദൈവ വിശ്വാസം ബഹുദൈവ വിശ്വാസത്തിൽ നിന്നു ക്രമ പ്രവൃദ്ധമായി പരിണമിച്ചുണ്ടായതല്ല. ഡാർവിന്റെ പരിണാമ സിദ്ധാന്തം അന്നു ചിന്താലോകത്ത് അടക്കി വാണിരുന്നതുകൊണ്ടുണ്ടായ അബദ്ധ ധാരണയാണ്. ആ സിദ്ധാന്ത രൂപവത്ക്കരണത്തിന്റെ പിന്നിൽ നാം കാണുത്. 20 ാം നൂറ്റാണ്ടിലെ പ്രഗല്ഭമതികളായ മറ്റു ചില ധിഷണാശാലികൾ അവരുടെ നിഗമനങ്ങൾ പ്രഖ്യാപിച്ചതോടെ ആസ്തിക ബോധം ഒരു തരത്തിലുള്ള പരിണാമപ്രക്രിയയുടേയും

ഫലമല്ലെന്നും അത് മനുഷ്യനിൽ ഉദിച്ചുയർന്ന നൈസർഗിക ബോധമാണെന്നും തെളിഞ്ഞു.

നരവശ ശാസ്ത്രജ്ഞനും അഗാധ പണ്ഡിതനുമായ പ്രൊഫ. ഡബ്ളിയൂ. ഷ്മിറ്റ്സ് എഴുതി: പ്രൊഫ. ഡബ്ളിയു ഷ്മിറ്റ് (W.Smimidt) എഴുതി. ശാസ്ത്ര മണ്ഡലം മുഴുക്കെ പരിശോധിച്ചാൽ പരിണാമ സിദ്ധാന്തത്തിന്റെ പരിമിതികൾ വെളിപ്പെടുത്തുന്ന കാര്യത്തിൽ സംശയമില്ല. മാനവ ചരിത്ര പഠനത്തിൽ നമുക്ക് കൈവച്ചിട്ടുള്ള വിജ്ഞാനത്തിന്റെ പുതിയ രീതികൾ പരിണാമ സിദ്ധാന്തം ആവിഷ്കരിച്ചത് പോലെ അത്ര ലളിതവും ഋജുവുമല്ല എന്ന് മനുഷ്യന്റെ മാനസീകാത്മീയ വളർച്ചകൾ എന്നു നമ്മെ ബോധ്യപ്പെടുത്തുന്നു. മാനവ സംസ്കാരം അതിന്റെ ആദിമ ഘട്ടത്തിൽ പ്രകാശിപ്പിച്ചു നിർത്തിയ ഈശ്വര സങ്കൽപ്പം ഏകത്വത്തിന്റേതായിരുന്നു. ഇതു തെളിയിക്കാൻ നമ്മുടെ മുന്നിൽ അതി പ്രാചീന ഗോത്ര സമൂഹ ങ്ങളുടെ മത വിശ്വാസ സംഹിത രേഖകളുണ്ട്. ജിപ്സി ഗോത്രങ്ങളിലധികവും ഏകദൈവാരാധന നടത്തുന്നു. അതുപോലെ തന്നെ ടിയാറദൽ ഫ്യൂജിയൻസ് വർഗവും പ്രാകൃത ബുഷ്മാൻ, കർനായ്, ജൂലിൻ, യൂഇൻ തുടങ്ങിയ ദക്ഷിണ പൂർവ ആസ്ത്രേലിയൻ വർഗങ്ങളും അതിപുരാതന ചരിത്ര പൈതൃകമുള്ള മനുഷ്യജാതികളത്രെ!. ഇവരും വടക്കെ അമേരിക്കയിലെ ഒട്ടുമിക്കവാറും എല്ലാ ആദിമ ഗോത്രങ്ങളും ഏകദൈവ സങ്കൽപം വെച്ചുപുലർത്തുന്നവരണ്.( The Origin and Growth Of Religious Facts and Theories. 1931 P.8)

ആസ്ത്രേലിയയിലെ കാട്ടുജാതിക്കാരെ സംബന്ധിച്ചും ശാന്ത സമുദ്ര ദ്വീപുവാസികളെ കുറിച്ചും അവിടത്തുകാർ നടത്തുന്ന പഠനങ്ങൾ തെളിയിക്കുന്നത് എല്ലാ ജീവജാലങ്ങളെയും സൃഷ്ടിച്ച ഒരു സൃഷ്ടി കർത്താവിലുള്ള അവരുടെ വിശ്വാസമാണ്. ഈജിപ്തിലെ ആദിമ മതവിശ്വാസവും ഏകദൈവ സങ്കൽപത്തിലധിഷ്ഠിതമത്രെ. അവ ആ പരമോന്നതനെ 'ഒസാരിസ്' എന്നു വിളിക്കുന്നു. ഇറാഖിൽ നടന്ന ഭൂഖനനങ്ങളും തെളിയിച്ചതു അവിടത്തെ പുരാതന ജനപദം ബഹുദൈവാരാധകരായിരുന്നില്ല എന്നു തന്നെയാണ്. അദൃശ്യനും സർവശക്തനും സർവജ്ഞനും സർവാന്തര്യാമിയുമായ ഒരു പരബ്രഹ്മത്തിലായിരുന്നു അവരുടെ ആശ്രയം. മോഹൻജാദാരോവിലേയും ഹാരപ്പയിലെയും ഭൂഖനന ഗവേഷണങ്ങളും ഇതേ സത്യം ഏറ്റുപറഞ്ഞു. ഈ പ്രാചീന സമൂഹങ്ങളൊന്നും തന്നെ ഒരു നൂറുകൂട്ടം ദേവന്മാരെ ആരാധിച്ചിരുന്നില്ല. ഏകനും സർവക്തനുമായ അവരുടെ ആരാധ്യൻ 'എന്നും ഉണർന്നിരിക്കുന്നവൻ' ആയിരുന്നു. മത ചരിത്രത്തിൽ നിന്നും നാമിന്നു പഠിക്കുന്നതിതാണ്. ബഹുദൈവാരാധന ഏക ദൈവ സങ്കൽപ്പത്തിലേക്ക് നയിക്കുകയല്ല ഉണ്ടായത്. മറിച്ച്, ഏകദൈവ സങ്കൽപം ലോപിച്ചു ബഹുദൈവാരാധനയിലേക്ക് അധഃപതിക്കുകയാണുണ്ടായത്. മാനവ സമൂഹത്തിനു ലഭിച്ച ആദ്യ വെളിപാട് ഏക ദൈവത്തെ കുറിച്ചുള്ളതായിരുന്നു. ബഹുദൈവാരാധനയിലേക്ക് പതിച്ചു പോയ മാനവരാശിയെ ഏക ദൈവാരാധനയിലേക്ക് വീണ്ടെടുക്കാനായിരുന്നു ദൈവിക പ്രവാചകന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആവിർഭവിച്ചു കൊണ്ടിരുന്നത്. വിശുദ്ധ ഖുർആൻ ഈ സത്യം പ്രഖ്യാപിക്കുന്നു:

ഈശ്വര സങ്കൽപത്തിന്റെ ഉദാത്തവും സ്വഛവുമായ ചില ഭാവങ്ങൾ ഹിന്ദുദർശനത്തിലും കാണാം. ഉപനിഷദ്പാഠങ്ങളുടെ സമുച്ചയമായ വേദാന്ത ചിന്ത ഏകദൈവതത്വത്തെ പ്രബോധിച്ചുവെന്ന കാര്യത്തിൽ ഒട്ടും സംശയമില്ല ''വേദോപനിഷത്തുകൾക്കൊപ്പം ബ്രാഹ്മണം ശ്രുതി പ്രസ്ഥാനത്തിൽ പെടുന്നുവെന്നു വിവേചന രഹിതമായും തത്വത്തിനെതിരായും ചിലർ ഇന്നാട്ടിൽ ധരിച്ചുവശായിട്ടുണ്ടെന്നു തോന്നുന്നു. ഈ വിവേചനമില്ലായ്മയിൽ നിന്നാണ് ഭാരതീയരുടെ ആത്മീയ ബോധം ആദ്യമായി പാളം തെറ്റി വീണുപോയത് എന്നാണ് എന്റെ അഭിപ്രായം''. ഇതു പറയുന്നത് 'തത്വമസി' യുടെ കർത്താവായ ഡോ. സുകുമാർ അഴീക്കോടാണ്. ('യജ്ഞം ആർഷ സംസ്കാരത്തിൽ' മാതൃഭൂമി, ഓണപ്പതിപ്പ്, 1984). വേദാന്തത്തിന്റെ ആഴമോ ഔന്നത്യമോ അറിയാത്ത് ഒരു കൂട്ടം സ്വാർഥമതികളുടെ കൈയിൽ കിട്ടിയപ്പോൾ ഹിന്ദുമതം ആസകലം അലങ്കോലപ്പെട്ടു. മുപ്പതു മുക്കോടി ദേവന്മാരെ പൂജിക്കുന്ന മതമാണെന്ന അബദ്ധ ധാരണ പരന്നു. വേദശബ്ദത്തിന്റെ അർഥം വിവരിച്ചുകൊണ്ട് പണ്ഡിതനായ ഗ്രന്ഥകർത്താവ് ചൂണ്ടിക്കാട്ടുന്നതു പോലെ വേദാംശമെന്നതു പരമാവധിയിലുള്ള ജ്ഞാനമത്രെ. ആ ജ്ഞാനം പകർന്നു തരുന്ന പവിത്ര ഗ്രന്ഥങ്ങളായി വിശുദ്ധ ഖുർആനും ഭഗവദ് ഗീതയും നിലനിൽക്കേ ഇന്ത്യയെ ഏകീകരിക്കുന്ന ആത്മീയ സ്രോതസ്സുകളായി നാമിവയെ അംഗീകരിക്കേണ്ടതുണ്ട്, പഠിക്കേണ്ടതുണ്ട്.

വിശുദ്ധ ഖുർആനിൽ നാം ഇങ്ങനെ വായിക്കുന്നു: ***'പറയുക, ഗ്രന്ഥാനുസാരികളെ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ യോജിപ്പുള്ള ഒരാശയത്തിലേക്ക് വരുവിൻ. അതായത്, അല്ലാഹുവിനെ അല്ലാതെ മറ്റൊന്നിനെയും നാം വണങ്ങുകയില്ലെന്നും അവനോട് ഒരു വസ്തുവിനെയും പങ്കുചേർക്കുകയില്ലെന്നും" (3:46)*** ഇസ്ലാം മറ്റു മതാനുയായികളുടെ നേരെ നീട്ടിയ ഈ സൗഹാർദ ഹസ്തമാണു വിശുദ്ധ ഖുർആനും നബി ചര്യകളും. ഇതിൽ നിന്നുമകന്നു പോയ മുസ്ലിംകളാണു ഇവിടെ രാഷ്ട്രീയകളി നടത്തുന്നവരും മതമൗലിക വാദം പരത്തുന്നവരും. മത സഹവർത്തിത്വത്തിന്റെയും സഹകരണത്തിന്റെയും മാർഗ്ഗം വിശുദ്ധ ഖുർആൻ തുറന്നിരിക്കുന്നു. ●

ലേഖനം

ഭാഗം – 2

# ഹദ്റത് ബിലാൽ (റ) പറഞ്ഞ കഥ

**'ഞങ്ങളുടെ യജമാനനായ ബിലാൽ'**(റ) എന്ന ആദരണീയമായ അഭിധാനത്താൽ മുസ്‌ലിം ജനകോടികൾ പതിനാലു നൂറ്റാണ്ടുകളായി വാഴ്ത്തിക്കൊണ്ടിരിക്കുന്ന ഇസ്‌ലാമിന്റെ അനർഘമായ ശ്യാമ മൗക്തികം ഹദ്റത്ത് ബിലാൽ (റ) നെ പറ്റിയുള്ള ലേഖന പരമ്പര.

**ഇബ്നു വഫ, കോഴിക്കോട്**

അവരെന്നെ എത്രനേരം വരെ ചാട്ടവാർ കൊണ്ട് പ്രഹരിച്ചു എന്നെനിക്കറിയില്ല. ഞാൻ അബോധാവസ്ഥയിൽ അന്ന് പകൽ മുഴുവനും രാത്രിയും ചുട്ടുപൊള്ളുന്ന മണലിൽ കിടന്നു എന്നാണ് തോന്നുന്നത്. പിറ്റേ ദിവസം സൂര്യന്റെ ശക്തിയായ കിരണം എന്റെ മുഖത്തടിച്ചപ്പോൾ എന്റെ കൺപോളകൾക്ക് നേരിയ ഇളക്കമുണ്ടായി. നേരിയ ബോധമുണ്ടായി. അപ്പോൾ ഞാൻ ചെറുതായി എന്തോ ഒരു വിലപേശൽ കേട്ടു. അതിലൊരു കർക്കശ ശബ്ദം എന്റെ യജമാനൻ ഉമയ്യയുടേതാണ്. മറ്റേ ശബ്ദം എനിക്ക് പരിചയമില്ല. വളരെ മൃദുലവും തേനൂറുന്നതുമായ ശബ്ദം. ദിർഹമിന് വേണ്ടിയുള്ള വിലപേശലാണ് നടക്കുന്നത് എന്ന് എനിക്ക് മനസ്സിലായി. മക്കക്കാരുടെ ജീവിതം തന്നെ ദിർഹമിന്റെ ചുറ്റുമാണല്ലോ കറങ്ങുന്നത്. അവർക്ക് എല്ലാം പണമാണ്. ഞാൻ മെല്ലെ കണ്ണ് തുറക്കാൻ ശ്രമിച്ചു. കത്തിക്കാളുന്ന സൂര്യൻ എന്റെ കണ്ണുകൾ അടപ്പിച്ചു. അല്ലെങ്കിലും എനിക്ക് ഇത്തരം യാതൊരു സംസാരത്തിലും താൽപര്യമില്ല. എന്റെ എല്ലാ താൽപര്യങ്ങളും ആഗ്രഹങ്ങളും അവസാനിച്ചിരിക്കുന്നു. മുമ്പും എനിക്ക് ആഗ്രഹങ്ങളില്ലായിരുന്നു. ഒരടിമക്ക് എന്താഗ്രഹം. അവന്റെ യജമാനനിൽ നിന്നുള്ള ക്രൂരത കുറഞ്ഞ് കിട്ടേണമേ എന്ന ആഗ്രഹം മാത്രമേ സാധാരണ ഉണ്ടാവുകയുള്ളൂ. ഞാൻ ഇനി എന്നന്നേക്കുമായി ഉറങ്ങാൻ ആഗ്രഹിക്കുകയാണ്. ക്രൂരന്മാർക്കും അക്രമികൾക്കും ഒരിക്കലും എന്നെ വിളിച്ചുണർത്താൻ സാധിക്കാത്ത തരത്തിലുള്ള ഉറക്കത്തിലേക്ക് വഴുതി വീഴാൻ മനസ്സ് വെമ്പൽ കൊള്ളുകയാണ്.

ഞാൻ ആഗ്രഹിക്കാതിരുന്നിട്ടും മൂന്നാമതായി വേറൊരു ശബ്ദം കേട്ടു. അബൂസുഫിയാന്റെ ശബ്ദമാണത്. അയാൾ പറയുകയാണ്, "ശിക്ഷ നടപ്പിൽ വരുത്തുന്നതിനിടയിൽ കച്ചവടം ഉറപ്പിക്കുന്നത് മക്കയിലെ സമ്പ്രദായമനുസരിച്ച് തെറ്റാണ്''. അബൂസുഫിയാന്റെ വാക്കുകൾ മുഴുമിക്കുന്നതിന് മുമ്പ് തന്നെ ഉമയ്യ ചാടി വീണു കൊണ്ട് പറഞ്ഞു.

''എനിക്ക് ഈ കച്ചവടം സമ്മതമാണ്. മാത്രവുമല്ല അവന് ജീവനില്ല. ചത്തിരിക്കുന്നു. അതുകൊണ്ട് അത് നിയമ വിരുദ്ധമൊന്നുമല്ല. അബൂബക്കറിന് വേണമെങ്കിൽ നൂറ് ദിർഹം തന്നു കൊണ്ട് അവന്റെ ശവം കൊണ്ട് പോയ്ക്കോട്ടെ''. അതോടെ സംസാരവും വിലപേശലും അവസാനിച്ചു. ഒരാൾ എന്റെ അടുക്കൽ വന്ന് എന്റെ പേര് വിളിച്ചു. ബിലാൽ.. എന്തൊരു മാധുര്യമേറിയ ശബ്ദം. ജീവച്ഛവമായ എന്നിൽ ആ ശബ്ദം പുതിയ ഉണർവുണ്ടാക്കി. എനിക്ക് പരിചയമില്ലാതിരുന്ന ആ ശബ്ദം ഹദ്റത്ത് അബൂബക്കർ(റ)ന്റേതായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) വിളിച്ചപ്പോൾ എന്റെ മുഖത്തുണ്ടായിരുന്ന ചെറിയൊരു ഭാവ വ്യത്യാസം ഉമയ്യ കണ്ടു. അയാൾ എന്റെ അരികിൽ വന്ന് അക്രോശിച്ചു.

എടാ കറുപ്പാണ്ടി, കാട്ടു മൃഗമേ ശ്വാസം വലിക്കടാ, എന്ന് പറഞ്ഞ് കൊണ്ട് എന്നെപിടിച്ച് ശക്തിയായി കുലുക്കി. ജീവന്റെ തുടിപ്പുകൾ ശരീരത്തിൽ ബാക്കി ഉണ്ടായിരുന്നത് കൊണ്ട് എന്റെ കൺപോളകൾ ചെറുതായൊന്ന് ഇളകി. അത് കണ്ടപ്പോൾ ഉമയ്യയുടെ മുഖം തിളങ്ങി. ജീവൻ എന്റെ ശരീരം വിട്ടുപോയിട്ടില്ല എന്ന് മനസ്സിലാക്കിയ ഉമയ്യയുടെ ഭാവവും ശബ്ദവും മാറി. ഞാൻ ചത്തു എന്ന് കരുതി, ശവത്തിനായിരുന്നു നൂറ് ദിർഹം വില പറഞ്ഞത്. അതിൽ ഇപ്പോൾ ജീവന്റെ അംശം ബാക്കിയുണ്ട്.

ഉമയ്യ പറഞ്ഞു,"അബൂബക്കർ, ഇവൻ ചത്തിട്ടില്ല. ജീവനുണ്ട്. അതുകൊണ്ട് എനിക്ക് ദിർഹം ഇരുന്നൂറ് കിട്ടണം. എന്നിട്ട് ഇവനെ കൊണ്ട്പോയ്ക്കൊള്ളൂ".

ഹദ്റത്ത് അബൂബക്കർ(റ) എന്ത് മറുപടി പറഞ്ഞു എന്നെനിക്കറിയില്ല. പലപ്പോഴും എന്റെ ബോധം നശിക്കുന്നുണ്ട്. പക്ഷേ ഒരു കാര്യം എനിക്ക് മനസ്സിലായി. മരണത്തോടടുത്ത് നിൽ ക്കുന്ന ഞാൻ വീണ്ടും വിൽക്കപ്പെട്ടിരിക്കുന്നു. ഞാൻ മനസ്സിൽ പറഞ്ഞു, ''ബിലാൽ നീ വീണ്ടും വിൽക്കപ്പെട്ടിരിക്കുന്നു. എന്തൊരു വിധി. ഞാനെന്തൊരു ഹതഭാഗ്യൻ".

അൽപ സമയത്തിന് ശേഷം എന്നെ വരിഞ്ഞ് കെട്ടിയിരിക്കുന്ന കയറുകൾ അയഞ്ഞതായി എനിക്ക് മനസ്സിലായി. എന്റെ നെഞ്ചിൽ കയറ്റി വെച്ചിരിക്കുന്ന ഭാരിച്ച കരിങ്കൽ പാളികൾ നീക്കം ചെയ്യപ്പെട്ടു. ഒരിറ്റ് ദാഹജലത്തിനായി വലഞ്ഞ് നിൽക്കുന്ന എനിക്ക് സംസാരിക്കാൻ വയ്യ. എങ്കിലും ഞാൻ എല്ലാം അറിയുന്നുണ്ട്. ശരീരത്തിന്റെ പലഭാഗങ്ങളിൽ നിന്നും ചാട്ടവാർ അടി കൊണ്ടുണ്ടായ മുറിവിൽ നിന്നും രക്തം ഇപ്പോഴും ഒലിക്കുന്നുണ്ട്. അത് മണ്ണോടു കൂടി ചേർന്ന് കൊണ്ട് ശരീരത്തിൽ ഒട്ടിനിൽപ്പുണ്ട്. ഒരു ചെറുപ്പക്കാരൻ എന്നെ താങ്ങി എഴുന്നേൽപ്പിച്ചു. ഞാനയാളെ ഒന്നു നോക്കി. തിരിച്ചറിയാൻ സാധിച്ചില്ല. അത് റസൂൽ(സ) ന്റെ വളർത്തു മകൻ സൈദ് ആയിരുന്നുവെന്ന് പിന്നീട് ഞാനറിഞ്ഞു. ഞാനൊരു വിൽപന ചരക്കാണല്ലോ. ഞാൻ വിൽക്കപ്പെട്ടിരിക്കുന്നു. പുതിയ യജനാനന്റെ താവളത്തിലേക്ക് എന്നെ കൊണ്ടുപോവുകയാണെന്നെനിക്ക് മനസ്സിലായി. ഇനിയുള്ള കഷ്ടപ്പാടുകളും ദുരിതങ്ങളും നിറഞ്ഞ ജീവിതം അവിടെ ആയിരിക്കാം എന്നും ഞാൻ തെറ്റിദ്ധരിച്ചു.

അനന്തരം ഹദ്റത്ത് അബൂബക്കർ(റ)വും സൈദും എന്നെ താങ്ങി എടുത്ത് യാത്രയായി. ഉമയ്യ വളരെ സന്തോഷവാനായിരുന്നു. അയാൾ അബൂബക്കർ(റ)നെ കബളിപ്പിച്ചു എന്ന നിലയിൽ പൊട്ടിച്ചിരിക്കുന്നുണ്ടായിരുന്നു. എന്നിട്ട് പണം എണ്ണി കൊണ്ട് അബൂബക്കർ(റ)നോട് പറഞ്ഞു.

"എടൊ അബൂകുഹാഫയുടെ മകനെ, നിനക്ക് കച്ചവടം ചെയ്യാനറിയില്ല. നീ നിർബന്ധം പിടിച്ചിരുന്നുവെങ്കിൽ ഞാൻ ആദ്യം സമ്മതിച്ച നൂറ് ദിർഹമിന് തന്നെ ജീവന്റെ അംശം മാത്രം ബാക്കിയുള്ള ഈ ശവത്തിനെ നിനക്ക് കൊണ്ടുപോകാമായിരുന്നു".

ഹദ്റത്ത് അബൂബക്കർ(റ)നെ ഞാനൊന്ന് നോക്കി. എന്തൊരു തിളങ്ങുന്ന മുഖം. പ്രകാശം ഇറ്റി വീഴുന്ന ഒരു വിളക്കാണെന്ന് തോന്നും കണ്ടാൽ. അദ്ദേഹം വളരെ ശാന്തനായി കൊണ്ട് ഉമയ്യയോട് പറഞ്ഞു,

''ഉമയ്യാ, നിനക്ക് കച്ചവടം ചെയ്യാനറിയാമെന്നായിരുന്നു ഞാൻ ഇത്വരെയും ധരിച്ചത്. നിനക്ക് തെറ്റുപറ്റിയിരിക്കുന്നു. യമൻ രാജാവിന്റെ അതേ വിലയുള്ള ഈ അടിമക്ക് നീ ആയിരം ദിർഹം വില ആവശ്യപ്പെട്ടിരുന്നുവെങ്കിൽ അത് തരാനും ഞാൻ തയ്യാറായിരുന്നു. ഇതുകേട്ട ഉമയ്യ അന്ധാളിച്ചിട്ടുണ്ടാകാം. അയ്യോ എന്ന് പറഞ്ഞ് വിരൽ കടിച്ചിട്ടുണ്ടാവാം.

രണ്ട് പേരും ചേർന്ന് എന്നെ താങ്ങിയെടുത്ത് ഹദ്റത്ത് അബൂബക്കർ(റ)ന്റെ വീട്ടിൽ കൊണ്ടുവന്നു. അവിടെ കിടത്തി അവർ എന്നെ ശുശ്രൂഷിച്ചു. ശരീരം മൊത്തം മുറിവുകളാണ്. ചിലയിടങ്ങളിൽ നിന്ന് മാംസം മുറിഞ്ഞ് പോയിരിക്കുന്നു. ശരീരത്തിന്റെ പുറം ഭാഗം ചുട്ടുപൊള്ളുന്ന മണൽ കാരണം നന്നായി പൊള്ളിയിട്ടുമുണ്ട്. കുറേ ദിവസങ്ങളോളം ഞാൻ ജീവിതത്തിനും മരണത്തിനുമിടയിൽ കഴിച്ചു കൂട്ടി. ഞാനൊന്നും അറിഞ്ഞില്ല. കൂടുതൽ സമയവും ഞാൻ അബോധാവസ്ഥയിലായിരുന്നു. എന്റെ മുറിവിൽ അവർ എന്തൊക്കെ മരുന്നുകളാണ് പുരട്ടിയത്. എനിക്കറിയില്ല. അവരെന്നെ സ്വന്തമെന്ന നിലക്ക് ശുശ്രൂഷിച്ചു. പരിപാലിച്ചു. ഒരിക്കൽ എന്റെ കിടക്കക്കരികിൽ ഒരാൾ ദുആയിൽ വ്യാപൃതനായിരിക്കുന്നത് അബോധാവസ്ഥയിൽ ഞാൻ കണ്ടു. ആളെ മനസ്സിലായില്ല.

കുറേ ദിവസത്തെ തീവ്രപരിചരണത്തിന് ശേഷം എനിക്ക് ബോധം വന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ സന്തോഷം ഒന്നു കണേണ്ടത് തന്നെയായിരുന്നു. അദ്ദേഹം എന്നെ താങ്ങി യെടുത്ത് ശുദ്ധ വായു ലഭിക്കുന്നതിനായി പുറത്ത് വരാന്തയിൽ കിടത്തി. സ്വന്തം കൈകൊണ്ട് ആടിനെ കറന്ന് എന്നെ പാൽ കുടിപ്പിച്ചു. എന്നിട്ട് പറഞ്ഞു,

'ബിലാൽ', അല്ലാഹുവിന്റെ റസൂൽ ഇവിടെ നിന്റെ അരികിൽ തുടർച്ചയായി മൂന്ന് ദിവസം ഉണ്ടായിരുന്നു. നിനക്ക് വേണ്ടി നിന്റെ ആരോഗ്യത്തിനും ദീർഘായുസ്സിനുമായി അല്ലാഹുവിനോട് കേണപേക്ഷിക്കുകയായിരുന്നു. നിന്റെ പനി വിട്ട് മാറുകയും അപകടനില തരണം ചെയ്തു എന്ന് മനസ്സിലാവുകയും ചെയ്ത ശേഷമാണ് അല്ലാഹുവിന്റെ റസൂൽ ഇവിടെ നിന്നും പോയത്. എന്റെ ജീവിതത്തിൽ നിന്നെപോലെ ഇത്രമാത്രം വലിയൊരു ഭാഗ്യവാനെ ഞാൻ കണ്ടിട്ടില്ല. നമുക്ക് താമസിയാതെ അല്ലാഹുവിന്റെ റസൂലിന്റെ അടുക്കൽ പോകണം".

ഞാൻ എന്നെ കുറിച്ചോർത്തു. ഇസ്ലാമിൽ പ്രവേശിച്ച ആദ്യകാല 9 പേരിൽ ഒരാളാണ് ഞാൻ. അല്ലയോ സർവശക്തനായ അല്ലാഹുവേ, ഞാൻ നിന്നോട് എങ്ങനെയാണ് നന്ദി പറയേണ്ടത്. ആർക്കും വേണ്ടാത്ത എല്ലാവരാലും ദ്രോഹിക്കപ്പെട്ട എന്നെ പോലുള്ള ഒരു പാഴ്വസ്തുവിനെ നീ ഉയർത്തി. അങ്ങ് വാനോളം. എന്നെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും സഹായിക്കാനും ഇന്ന് ഇവിടെ ആളുകൾ ഉണ്ട്. ഞാൻ ഇന്ന് അടിമയല്ല. സ്വതന്ത്രനാണ്. ഉമയ്യത്തിബ്നു

ഖലഫിനെ പോലുള്ള ഫിർഔന്റെ കരാള ഹസ്തത്തിൽ നിന്ന് എനിക്ക് മോചനം ലഭിച്ചിരിക്കുന്നു. എന്നാൽ എന്റെ ഹൃദയം മുഹമ്മദ്(സ)ന്റെ അടിമയായി മാറികഴിഞ്ഞിരിക്കുന്നു. ആ അടിമത്തത്തിനായി പതിനായിരം സ്വാതന്ത്ര്യങ്ങൾ ത്യജിക്കാൻ ഞാൻ തയ്യാറാണ്. യഥാർഥത്തിൽ മുഹമ്മദ് (സ)ന്റെ അടുക്കൽ എത്തിയവരെല്ലാം തന്നെ അദ്ദേഹത്തിന്റെ അടിമകളായി മാറുകയാണ് ചെയ്യുന്നത്. എന്റെ സ്ഥിതിയും മറ്റൊന്നായിരുന്നില്ല. ഞാനും ആ പുണ്യപൂമാന്റെ കാൽപാദത്തിങ്കൽ ജീവി തമവസാനിപ്പിക്കാൻ വെമ്പൽ കൊണ്ടു. ഞാൻ ഇന്ന് ഇസ്‌ലാമിന്റെ അടിമയാണ്. ഞാൻ മുഹമ്മദ് (സ)ന്റെ അടിമയാണ്. ഞാൻ സർവശക്തനായ നാഥന്റെ അടിമയാണ്.

ദിവസങ്ങളും ആഴ്ചകളും കടന്നുപോയി. ഞാൻ ഏറെകുറെ ആരോഗ്യം കൈവരിച്ചപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) എന്നേയും കൂട്ടി അല്ലാഹുവിന്റെ റസൂലിനെ കാണാൻ ചെന്നു. ഞാൻ തിരുമേനിയെ മുമ്പ് കണ്ടിട്ടുണ്ടെങ്കിലും ഇത്ര അടുത്ത് നിന്ന് കാണുന്നത് ആദ്യമായാണ്. ഹുസൂറിന്റെ വിശാലമായ നെറ്റിത്തടവും തിളങ്ങുന്ന കണ്ണുകളും ഞാൻ നോക്കിയിരുന്നു. വശ്യ സുന്ദരമായ ആ മുഖത്ത് നിന്ന് കണ്ണെടുക്കാൻ എനിക്ക് സാധിച്ചില്ല. ഹുസൂർ വളരെ സ്നേഹാവേശത്തോടെ എന്റെ കൈ പിടിച്ചു. അത്യധികമായ സ്നേഹത്തോടെ എന്നോട് സംസാരിച്ചു. ഹദ്റത്ത് അബൂബക്കർ(റ)നോട് എല്ലാ കാര്യങ്ങളും തിരക്കി. ഹദ്റത്ത് അബൂബക്കർ(റ) ചെയ്ത ഈ എല്ലാ ഉപകാരങ്ങൾക്കും പകരമായി അല്ലാഹുവിന്റെ റസൂൽ ഹദ്റത്ത് അബൂബക്കർ (റ)വിന് വേണ്ടി കുറേ ദുആ ചെയ്തു. എന്നിട്ട് എന്നെ സമാധാനിപ്പിച്ച് കൊണ്ടിരുന്നു.

ഇസ്‌ലാമിനെ കുറിച്ച് എനിക്ക് കൂടുതലായി ഒന്നും അറിയില്ലായിരുന്നു. അൽപം ചില കാര്യങ്ങൾ മാത്രമേ എനിക്കറിയാവൂ. അത് മനസ്സിലാക്കിയ അല്ലാഹുവിന്റെ റസൂൽ എന്റെ തോളിൽ കൈ വച്ച് കൊണ്ട് വളരെ സ്നേഹത്തോടെ പറഞ്ഞു, ''നോക്കൂ ബിലാൽ, അല്ലാഹു ജനങ്ങൾക്കായി തൃപ്തിപ്പെട്ട മതമാണ് ഇസ്‌ലാം. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനെയാണ് യഥാർഥത്തിൽ ഇസ്‌ലാം എന്ന് പറയുന്നത്. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. അവന് പിതാവില്ല. പുത്രനില്ല. വർണമോ വർഗമോ വംശമോ നോക്കാതെ അല്ലാഹുവിന്റെ സൃഷ്ടികൾക്ക് നന്മ ചെയ്യൽ ഒരു മുസ്‌ലിമിന്റെ കടമയാണ്. മാത്രവുമല്ല ഇസ്‌ലാമിൽ എല്ലാവരും തുല്യരാണ്. ഇസ്‌ലാം എന്താണെന്ന് എനിക്ക് ഏറെകുറെ മനസ്സിലായി. ഇനി ഇപ്പോൾ ഇസ്‌ലാമാണ് എന്റെ മതം. മുഹമ്മദ് (സ) ആണ് എന്റെ യജമാനൻ, എന്റെ നേതാവ്, എന്റെ പ്രഭു. ഇസ്‌ലാം സ്വീകരിച്ചതിലൂടെ എനിക്ക് പുതിയ ആകാശവും പുതിയ ഭൂമിയും കൈവന്നിരിക്കുകയാണ്.

> അല്ലാഹു ജനങ്ങൾക്കായി തൃപ്തിപ്പെട്ട മതമാണ് ഇസ്‌ലാം. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനെയാണ് യഥാർഥത്തിൽ ഇസ്‌ലാം എന്ന് പറയുന്നത്. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. അവന് പിതാവില്ല. പുത്രനില്ല. വർണമോ വർഗമോ വംശമോ നോക്കാതെ അല്ലാഹുവിന്റെ സൃഷ്ടികൾക്ക് നന്മ ചെയ്യൽ ഒരു മുസ്‌ലിമിന്റെ കടമയാണ്. മാത്രവുമല്ല ഇസ്‌ലാമിൽ എല്ലാവരും തുല്യരാണ്.

എന്റെ താമസം ഹദ്റത്ത് അബൂബക്കർ(റ)വിന്റെ വീട്ടിൽ തുടർന്നു. അദ്ദേഹം മക്കയിലെ പ്രമാണിമാരിൽ ഒരാളായിരുന്നു. വളരെ സൗമ്യശീലനും ശാന്തപ്രകൃതനുമായ അദ്ദേഹം മക്കയിലെ അറിയപ്പെട്ട കച്ചവടക്കാരിൽ ഒരാളായിരുന്നു. എന്നാൽ മക്കയിലെ മറ്റ് നേതാക്കളെപ്പോലെ തന്റെ ധനം ചൂതാട്ടത്തിലും മദ്യപാനത്തിലും മറ്റ് അസാന്മാർഗിക പ്രവർത്തികൾക്കുമായി ചിലവാക്കാറില്ല. അദ്ദേഹം ഒരു സാധാരണക്കാരനെ പോലെയാണ് ജീവിതം നയിച്ചിരുന്നത്. ദാനധർമിഷ്ഠനായ അദ്ദേഹം ഇസ്‌ലാം മതത്തിൽ പ്രവേശിക്കുന്ന നിസ്സഹായരും നിരാലംബരുമായ അടിമകളെ അവരുടെ അതിക്രമികളും ക്രൂരന്മാരുമായ യജമാന്മാരിൽ നിന്ന് പണം നൽകി മോചിപ്പിക്കാറുണ്ടായിരുന്നു.പ്രായത്തിൽ ചെറുപ്പമായിരുന്ന അദ്ദേഹം തിരുമേനിയുടെ കുട്ടിക്കാലത്തെ കൂട്ടുകാരനായിരുന്നു. റസൂലുല്ലാഹ്(സ) പ്രവാചകത്വവാദം പുറപ്പെടുവിച്ചു എന്നറിഞ്ഞ ആ നിമിഷം ഈ മഹാനുഭാവൻ ഇസ്‌ലാം മതം സ്വീകരിച്ചു.

ഒരിക്കൽ അദ്ദേഹം എനിക്ക് വേണ്ടി പാൽ കൊണ്ടുവന്നു. ഉമയ്യ ഏൽപിച്ച മുറിവുകൾ അന്ന് പൂർണമായും ഉണങ്ങിയിരുന്നില്ല. അബൂബക്കർ(റ) എന്നോട് കാണിക്കുന്ന സ്നേഹം കണ്ട് എന്റെ ഹൃദയം വിങ്ങി. ഞാൻ അദ്ദേഹത്തോട് പറഞ്ഞു,''ഞാൻ അങ്ങയോട് ജീവിതകാലം മുഴുവൻ കടപ്പെട്ടവനാണ്. അങ്ങെനിക്ക് മോചനം നൽകി. എന്നെ ശുശ്രൂഷിക്കുന്നു. എന്നെ സഹായിക്കുന്നു. എന്റെ ആവശ്യം അറിഞ്ഞ് വേണ്ടത് ചെയ്യുന്നു. ഇതിന് പകരം എനിക്കെന്താണ് അങ്ങേക്ക് വേണ്ടി ചെയ്യാൻ സാധിക്കുക?'' അദ്ദേഹത്തിന്റെ മറുപടി കേട്ട് ഞാൻ ആശ്ചര്യപ്പെട്ടു. അദ്ദേഹം പറഞ്ഞു, ''ബിലാൽ, ഞാൻ നിന്നോടാണ് നന്ദി പറയേണ്ടത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുള്ള അവസരം നീയാ

ണ് എനിക്ക് നൽകിയത്. കാരണം അടിമയെ മോചിപ്പിക്കൽ അല്ലാഹുവിന്ന് ഏറ്റവും ഇഷ്ടപ്പെട്ട സൽകർമ്മങ്ങളിൽ ഒന്നാണെന്ന് അല്ലാഹുവിന്റെ റസൂൽ പറയാറുണ്ട്."

എന്നിട്ട് പറഞ്ഞു, 'ബിലാൽ' നിനക്ക് ഞാനൊരു ജോലി കണ്ടെത്തിയിട്ടുണ്ട്. അത് നീ അടിമയായിരുന്ന കാലത്ത് ചെയ്ത ജോലിയേക്കാൾ അൽപം ഭാരിച്ചതായിരിക്കാം. എന്താ ചെയ്യുകയില്ലേ?'' ഞാൻ പറഞ്ഞു,''ഓ യജമാനരെ ഞാൻ ചെയ്തോളാം." എന്റെ ഉത്തരം കേട്ട് അദ്ദേഹത്തിന്റെ മുഖത്തിന്റെ നിറം മാറി. ഞാൻ എന്തോ അരുതാത്തത് പറഞ്ഞതുപോലെ എനിക്ക് തോ ന്നി. ഞാൻ എന്റെ യജമാനനായി രുന്ന ഉമയ്യയോട് ബഹുമാന പുരസ്സരം അങ്ങനെ മാത്രമേ പറയാറുണ്ടായിരുന്നുള്ളൂ. എനിക്ക് അങ്ങനെ മാത്രമേ പറയാൻ അറിയാവൂ.

അദ്ദേഹം പാൽ പാത്രം താഴെ വെച്ചു. എന്നിട്ട് തന്റെ രണ്ട് കൈകൾ കൊണ്ട് എന്റെ രണ്ട് ചെവിയും പിടിച്ച് എന്റെ നെറ്റി അദ്ദേഹത്തിന്റെ നെറ്റിയുമായി ചെറുതായി കൂട്ടിയിടിച്ച് കൊണ്ട് പറഞ്ഞു, "ബിലാൽ, നീ ഇപ്പോൾ സ്വതന്ത്രനാണ്. നിന്റെ യജമാനനായി ഇവിടെ ആരും തന്നെ ഇല്ല. അത്കൊണ്ട് ഒരു പരിപൂർണ സ്വതന്ത്ര ജീവിതം നയിക്കാൻ ശീലിക്കൂ. നീ ഇപ്പോൾ ആരുടേയും അടിമയല്ല.'' ഞാൻ ധൈര്യം കൈവരിച്ച് കൊണ്ട് മേലിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുമെന്ന് ഉറപ്പ് നൽകിയപ്പോൾ അദ്ദേഹം ചിരിച്ചു കൊണ്ട് എന്റെ ചെവി വിട്ടു. ആ സമയം ഒരു പൂച്ച ഹദ്റത്ത് അബൂബക്കറിന്റെ കാലിൽ തന്റെ ശരീരം ഉരച്ചുകൊണ്ട് സ്നേഹം കാണിക്കുകയും മ്യാവൂ മ്യാവൂ എന്ന് കരഞ്ഞുകൊണ്ട് പാൽ ചോദിക്കാൻ തുടങ്ങി. ഹദ്റത്ത് അബൂബക്കർ അതിന് മറ്റൊരു പാത്രത്തിൽ കുറച്ച് പാലൊഴിച്ച് കൊടുത്തു. അത് വളരെ സന്തോഷത്തോടെ പാൽ കുടിക്കാൻ തുടങ്ങി. എനിക്കിത് വളരെ അത്ഭുതകരമായി തോന്നി. കാരണം പൂച്ച കരഞ്ഞു വന്നാൽ ഞാനെപ്പോഴും അടിച്ച് ഓടിക്കാറാണ് പതിവ്. അപ്പോൾ ഒരു യഥാർഥ മുസ്ലിം ആകണമെങ്കിൽ ഇനിയും ധാരാളം പഠിക്കേണ്ടതുണ്ട് എന്നെനിക്ക് മനസ്സിലായി. പൂച്ചയുടെ ഈ സംഭവം ഞാൻ വിവരിച്ചപ്പോൾ പിൽകാലത്ത് ഉണ്ടായ ഒരു സംഭവമാണ് ഞാൻ ഓർത്തത്. പതിനായിരം പേരടങ്ങുന്ന സംഘത്തോടൊപ്പം മക്ക കീഴടക്കാനായി റസൂൽ(സ) മദീനയിൽ നിന്ന് പുറപ്പെട്ടു. ഞാനും കൂടെയുണ്ട്. വഴിയിൽ ഒരിടത്ത് ഒരു നായ പ്രസവിച്ച് തന്റെ ചെറിയ ചെറിയ മക്കളോടൊപ്പം കിടക്കുന്നത് റസൂലുല്ലായുടെ ശ്രദ്ധയിൽപെട്ടു. ആ വഴിയിലൂടെയാണ് മുസ്ലിം സൈന്യം കടന്ന് പോകേണ്ടത്. റസൂലുല്ലാഹ്(സ) ആ നായക്കും അതിന്റെ കുട്ടികൾക്കും യാതൊരു ബുദ്ധിമുട്ടും ഇല്ലാതിരിക്കാനായി സഹാബാക്കളോട് ആ വഴി മാറി വേറൊരു വഴിയിലൂടെ കടന്ന് പോകാൻ കൽപിക്കുകയുണ്ടായി. മൃഗങ്ങളോട് പോലും എത്ര ദയാവായ്പോടെയാണ് റസൂലുല്ലാഹ്(സ) പെരുമാറിയിരുന്നത്. മനുഷ്യരോട് മാത്രമല്ല മൃഗങ്ങളോട് പോലും സഹാനുഭൂതിയോടെ മാത്രമേ പെരുമാറാവൂ എന്ന് അല്ലാഹുവിന്റെ റസൂൽ പഠിപ്പിച്ചിട്ടുണ്ട്. നിങ്ങൾ ദാഹിച്ച് വലഞ്ഞ ഒരു മൃഗത്തിന് വെള്ളം കൊടുക്കുകയാണെങ്കിൽ അതിന് പകരം അല്ലാഹു നിങ്ങൾക്ക് സ്വർഗം നൽകുമെന്നും അതുപോലെ അതിനെ ദ്രോഹിക്കുന്നത് അല്ലാഹു വിന്റെ അനിഷ്ടത്തിന് പാത്രമാകാൻ കാരണമാകുമെന്നും അല്ലാഹുവിന്റെ റസൂൽ(സ) ഞങ്ങളെ ഉപദേശിക്കാറുണ്ട്.

ഹോ.. ഞാൻ പറഞ്ഞ് പറഞ്ഞ് കാട് കയറി എവിടെയോ എത്തിയല്ലോ. ഹദ്റത്ത് അബൂബക്കറിന്റെ കാര്യമായിരുന്നു പറഞ്ഞു കൊണ്ടിരുന്നത്. ഞാൻ സ്വതന്ത്രനാണെന്നും ഒരു സ്വതന്ത്ര ജീവിതം നയിക്കാനായി വല്ല തൊഴിലും ചെയ്യണമെന്ന് എന്നെ ഓർമിപ്പിക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹം പറഞ്ഞു, "ഞാൻ നിനക്ക് എഴുതാനുള്ള പേന ഉണ്ടാക്കിത്തരാം. എന്നിട്ട് നിന്നെ എഴുത്തും വായനയും പഠിക്കാൻ സഹായിക്കാം. എന്റെ സ്വതന്ത്ര ജീവിതത്തിലെ അമൂല്യ നിമിഷങ്ങളായിരുന്നു അത്. ഞാൻ പിന്നീട് ഹദ്റത്ത് അബൂബക്കറിന്റെ സഹായത്തോടെ എഴുത്തും വായനയും പഠിക്കാൻ ആരംഭിച്ചു. മൃഗത്തൊലിയിലും മരത്തൊലിയിലുമാണ് എഴുതാൻ പരിശീലിക്കാറ്. അതിന് വേണ്ടിയുള്ള മഷിയും പേനയും ഉണ്ടാക്കുവാനും ഹദ്റത്ത് അബൂബക്കർ എനിക്ക് പറഞ്ഞുതന്നു. ഞാൻ ചിലപ്പോൾ നനഞ്ഞ മണ്ണിലും, ഉറച്ച സ്ഥലത്ത് വെണ്ണീർ വിതറികൊണ്ട് അവിടെ എഴുതി തുടങ്ങി. പഠിക്കാനുള്ള ആവേശത്തിൽ ഞാൻ വിരൽ കൊണ്ട് അന്തരീക്ഷത്തിലും വായുവിലും എഴുതാറുണ്ടായിരുന്നു. മക്കയിലെ അറിയപ്പെടുന്ന പല പ്രമാണിമാർക്കും എഴുത്തും വായനയും അറിയില്ല. ഞാൻ എഴുതുന്നതിലെ തെറ്റുകൾ ഹദ്റത്ത് അബൂബക്കർ തിരുത്തിത്തന്നുകൊണ്ടിരുന്നു.

ആയിടയ്ക്ക് ഒരു സംഭവമുണ്ടായി. ഒരിക്കൽ എഴുതാനുള്ള മഷി തീർന്നത് കാരണം ഞാൻ മഷി ഉണ്ടാക്കുകയായിരുന്നു. ആ സമയം പുറത്ത് പോയിരുന്ന ഹദ്റത്ത് അബൂബക്കർ കയറി വന്നപ്പോൾ ഞാൻ മഷി ഉണ്ടാക്കുന്നതാണ് അദ്ദേഹം കണ്ടത്. സന്തോഷം കൊണ്ട് അദ്ദേഹത്തിന്റെ മുഖം തിളങ്ങി. അദ്ദേഹം എന്റെ അരികിൽ വന്ന് മഷി പുരണ്ട എന്റെ കൈകൾ തന്റെ കയ്യിൽ എടുത്ത് കൊണ്ട് അൽപനേരം നോക്കി ഇരിക്കുകയും, പിന്നീട് മഷി പുരണ്ട എന്റെ കൈകളെ ചുംബിക്കുകയും ചെയ്തു. എന്നിട്ട് എന്റെ അരികിൽ ഇരുന്നുകൊണ്ട് പറഞ്ഞു, "പണ്ഡിതന്റെ കയ്യിൽ പുരണ്ട മഷി ശഹീദി(രക്തസാക്ഷി)ന്റെ രക്തത്തേ

ക്കാളും വിലയുള്ളതാണ് എന്ന് അല്ലാഹുവിന്റെ റസൂൽ(സ) പറയാറുണ്ട്." അൽപ സമയത്തിന് ശേഷം അദ്ദേഹം വീണ്ടും പുറത്തേക്ക് പോയി. ഞാൻ മഷി ഉണ്ടാക്കാനുള്ള പാത്രത്തിനരികിൽ തന്നെ ഇരുന്ന് കൊണ്ട് മഷി പുരണ്ട എന്റെ കൈകളെ നോക്കിയിരുന്നു. പല ചിന്തകളും എന്റെ ഓർമയിലൂടെ മിന്നിമറഞ്ഞു. ഞാൻ ആലോചിക്കുകയായിരുന്നു ഈ മുഹമ്മദ്(സ) എന്തൊരു മനുഷ്യനാണ്. അദ്ദേഹം എന്നെ എവിടേക്കാണ് ഉയർത്തിയിരിക്കുന്നത്. എന്റെ കൈകൾ ചുംബിച്ചത് അബൂബക്കറാണ്. അദ്ദേഹം ആരാണ്? മക്കയിലെ അറിയപ്പെടുന്ന പ്രമാണി. ഞാനോ? ആർക്കും വേണ്ടാത്ത സകലരുടേയും ആട്ടും തുപ്പും സഹിച്ച് ദിനങ്ങൾ തള്ളി നീക്കിയ കറുത്തവനായ അടിമ. പലതും ഓർത്തുകൊണ്ട് എന്റെ ഹൃദയം തേങ്ങി. കണ്ണുകളിലൂടെ കണ്ണുനീർ ധാര ധാരയായി ഒലിച്ചിറങ്ങി.

ഞാൻ അക്കാലത്തെ കാര്യങ്ങൾ വളരെ ചുരുക്കിയാണ് നിങ്ങളോട് പറയുന്നത്. പറയാനാണെങ്കിൽ ധാരാളമുണ്ട്. ശത്രുക്കളെ ഭയന്ന് കൊണ്ട് ആ സമയത്ത് വളരെ രഹസ്യമായിട്ടായിരുന്നു ഇസ്‌ലാമിക പ്രചരണം നടന്നിരുന്നത്. ഇസ്‌ലാമിനെ കുറിച്ച് അറിയാൻ ആഗ്രഹം പ്രകടിപ്പിക്കുന്നവരെ അല്ലാഹുവിന്റെ റസൂൽ വീട്ടിനകത്ത് വെച്ചും അല്ലെങ്കിൽ മക്കക്ക് വെളിയിൽ ഏതെങ്കിലും ഒരു സ്ഥലത്ത് വെച്ച് മാത്രമേ കണ്ടുമുട്ടാറുണ്ടായിരുന്നുള്ളൂ. അത്‌വരെ ഇസ്‌ലാം സ്വീകരിച്ചവ ർ വിരലിലെണ്ണാവുന്നവർ മാത്രമാണ് ഉണ്ടായിരുന്നത്. ആ നാളുകളിൽ ഇസ്‌ലാം എന്നാൽ ഏകദൈവവിശ്വാസം എന്നത് മാത്രമായിരുന്നു. വുളു, നമസ്കാരം മുതലായവ ഹദ്റത്ത് ജിബ്‌രീൽ അല്ലാഹുവിന്റെ റസൂലിനെ പഠിപ്പിച്ചിട്ടുണ്ടെങ്കിലും ഇന്നത്തേതിൽ നിന്നും അൽപം വ്യത്യാസമുണ്ടായിരുന്നു. അന്ന് നോമ്പില്ല. നോമ്പും കുറെ കഴിഞ്ഞാണ് വന്നത്. നമസ്കാരം ഈ രണ്ട് പേർ വീട്ടിനകത്ത് നിന്നോ അല്ലെങ്കിൽ വിജനമായ കുന്നിൻ ചെരുവിൽ നിന്നോ വളരെ രഹസ്യമായിട്ടായിരുന്നു അനുഷ്ഠിച്ചിരുന്നത്.

ആയിടയ്ക്ക് അർക്കം എന്ന് പേരായ ഒരാൾ ഇസ്‌ലാം മതം സ്വീകരിച്ചു. അദ്ദേഹത്തിന്റെ വീട് മക്കക്ക് വെളിയിൽ അൽപം ദൂരത്തായിരുന്നു. അത് കാരണം ഞങ്ങൾ മുസ്‌ലിമീങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ ഒത്തുചേരാനും ഒരുമിച്ച് നമസ്കരിക്കാനും തുടങ്ങി. അല്ലാഹുവിന്റെ റസൂലും അവിടെ വരികയും ഞങ്ങൾക്ക് ഇസ്‌ലാമിനെ കുറിച്ച് പറഞ്ഞ് തരികയും ചെയ്യാറുണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ അർക്കമിന്റെ വീടിനെ 'ദാറുൽ ഇസ്‌ലാം' എന്ന് രഹസ്യമായി വിളിക്കാൻ തുടങ്ങി.

(അപൂർണ്ണം)


**കടപ്പാട് & അവലംബം**

1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം എ (റ)

2. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്‌വ.

3. ഹദ്റത്ത് ബിലാൽ (റ) By ഹസൻ മുഹമ്മദ് ഖാൻ സാഹിബ് ങ്ങഅ റബ്‌വ.

4. സീറത്ത് സ്വഹാബാ റസൂലുല്ലാഹ് By മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്‌വ

5. താരീഖുൽ അമ്പിയാ, വ സ്വഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.

6. അൽ ഫസൽ ഉറുദു ദിന പത്രങ്ങൾ റബ്‌വ


## ആകാശത്ത് നിന്നാരും വരില്ല

വാഗ്ദത്ത മസീഹിന്റെ ആകാശത്ത് നിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്നാരും ഇറങ്ങി വരുന്നതല്ലെന്ന് നല്ലവണ്ണം ധരിച്ചു കൊള്ളുവീൻ. ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലവർക്കും ആകാശത്ത് നിന്ന് മറിയമിന്റെ മകൻ യേശു (ഈസബ്നു മറിയം) ഇറങ്ങി വരുന്നതായി കാണാൻ സാദ്ധിക്കുന്നതല്ല. അതിന്ന് ശേഷം അവരുടെ സന്താനങ്ങളും ഈസാനബിയെ കാണാതെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഇറക്കും. കാരണം അന്ന് കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞു പോകുകയും ലോകം ഒരു നവീന ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും (തദ്കിറത്തു ശ്ശഹാദത്തൈൻ)

മനുഷ്യ ഭാഷ: ഒരു നിഗൂഢയാഥാർഥ്യം - 4

# ഭാഷയും സമൂഹവും

സാമൂഹിക ജീവിയായ മനുഷ്യനെ രൂപ പ്പെടുത്തുന്നതിൽ ഭാഷക്കുള്ള പങ്ക് ഏറ്റവും നിർണായകമാണ്. മത്സ്യത്തിന് ജലം പോലെയാണ് ഭാഷക്ക് സമൂഹം. വ്യക്തിക്കും സമൂഹത്തിനും പങ്കു വെക്കാവുന്ന ബോധമണ്ഢലം സൃഷ്ടിക്കുന്നതും ഭാഷയാണ്.

എ. എം. മുഹമ്മദ് സലീം

ഭാഷ ഒരു സാമൂഹിക വ്യവഹാരമണ്. മീനിന് വെള്ളം പോലെയാണ് ഭാഷക്ക് സമൂഹം. സമൂഹത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ ഭാഷക്ക് നിലനിൽപ്പുള്ളൂ. സമൂഹത്തെ ഒരു ബോധമണ്ഢലമായി നിലനിർത്തുന്നത് ഭാഷയാണ്. സമൂഹമില്ലാതെ ഭാഷയില്ല. ഒരു സമൂഹത്തെ ഒരു ദേശീയ ജനവിഭാഗമായി കെട്ടുറപ്പോടെ നിലനിർത്താൻ ഭാഷക്കുള്ള ഉദ്ഗ്രഥന ശേഷി മറ്റൊന്നിനുമില്ല. മിക്കവാറും ഒരേ ഭാഷ സംസാരിക്കുന്നവരാണ് ഒരു സമൂഹമായോ ഗോത്രമായോ ദേശീയ ജനവിഭാഗമോ ആയി നിലനിന്നത്. ആ സമൂഹങ്ങളിൽ നിന്നും ആ ജനതയുടെ ഭാഷ സംസാരിക്കുന്നയാളായിരുന്നു പുരാതനകാലം മുതൽ ഒരോ ജനതക്കും പ്രവാചകന്മാരായി ദൈവം നിയോഗിച്ചു കൊണ്ടിരുന്നത്. പ്രവാചകന്മാർ തങ്ങളുടെ ജനങ്ങൾക്ക് ആത്മീയ തത്ത്വങ്ങളും ജീവിതപാഠങ്ങളും നൽകിയത് അവരുടെ മാതൃ ഭാഷയിൽ തന്നെയായിരുന്നു. സമൂഹത്തിന്റെ ഭാഷയും ജനങ്ങളുടെ ജീവിതവും തമ്മിലുള്ള ബന്ധം അത്രമാത്രം അഭേദ്യമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു:

*'നാം ഒരു ദൂതനെയും അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയിലല്ലാതെ അയച്ചിട്ടില്ല. അവർക്ക് സന്ദേശം വിവരിച്ചു കൊടുക്കുന്നതിന് വേണ്ടി.'( 14:5)*

### ഭാഷാർജനവും വ്യാപനവും

മനുഷ്യന് ആശയവിനിമയത്തിന് യോഗ്യമായ സംസാരഭാഷ ഇല്ലാത്ത ഒരു കാലഘട്ടമുണ്ടായിരുന്നുവെന്ന് നരവംശശാസ്ത്രം പറയുന്നു. പ്രാകൃതമനുഷ്യന് ഭാഷണകല ദൈവം പഠിപ്പിച്ചതാണെന്ന് ഖുർആൻ പറയുമ്പോൾ ഭാഷണശേഷിയും ഭാഷയും ദൈവം സൃഷ്ടിച്ചതാണെന്ന് വരുന്നു. ഭാഷണ സിദ്ധി ജനിതകപരമായി ഉൾചേർത്ത് സൃഷ്ടിച്ച മനുഷ്യന് ഭാഷണകല പ്രകടമാകണമെങ്കിൽ ഭാഷയും കൂടി വേണം. രക്തം ചിന്തി കുഴപ്പക്കാരനായി ജീവിച്ച പ്രാകൃത മനുഷ്യന് ദൈവം വെളിപാടു മുഖേന ഭാഷ നൽകുകയും ഭാഷണകല അഭ്യസിപ്പിക്കുകയും ചെയ്യുകയാണുണ്ടായത്. പ്രാകൃതമനുഷ്യനിൽ നിന്നും ദൈവത്തിന്റെ പ്രതിനിധിയെ തിരഞ്ഞെടുത്ത് അവൻ ഭാഷ അഭ്യസിപ്പിക്കുന്ന രംഗം ഖുർആൻ വിവരിക്കുന്നത് കാണുക.

*'ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കുവാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം. അവർ പറഞ്ഞു 'അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിശ്ചയിക്കുകയാണോ? ഞങ്ങളാകട്ടെ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു'. അവൻ (അല്ലാഹു) പറഞ്ഞു: നിശ്ചയമായും നിങ്ങളറിയാത്തത് ഞാനറിയുന്നുണ്ട്. അവൻ ആദമിന് എല്ലാ നാമങ്ങളും പഠിപ്പിച്ചുകൊടുത്തു. അനന്തരം അവൻ അവയെ മലക്കുകളുടെ മുമ്പിൽ വച്ചുകാട്ടി. എന്നിട്ട് അവൻ പറഞ്ഞു. നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ എന്നോടു പറയുക." (2:31, 32)*

പുരാതനകാലം മുതൽക്കേ ദൈവം മനുഷ്യന് ജ്ഞാനം പകരുന്നത് ദിവ്യവെളിപാടുകളിലൂടെയാണ്. രക്തം ചിന്തിയും കുഴപ്പക്കാരനുമായിക്കഴിഞ്ഞ മനുഷ്യന് വെളിപാടുകളിലൂടെ ഭാഷ നൽകി

ഇവിടെ 'ഇസ്മ്'എന്ന പദത്തിന്റെ ബഹുവചനരൂപമാണ് 'അസ്മാഅ്'. നാമം, നാമവിശേഷം എന്നൊക്കെയാണ് അർഥം. വസ്തുവും അതിന്റെ ഭാഷയിലെ ആവിഷ്കാരമായ നാമവും തമ്മിൽ അറബിയിലുള്ളതുപോലെ തികവുറ്റത്തും യുക്തിയുടെ പാരമ്യത്തിലുള്ളതുമായ ബന്ധം മറ്റു ഭാഷകളിൽ ദൃശ്യമല്ല.

ഭാഷണകല അഭ്യസിപ്പിക്കുകയാണ് ദൈവം ആദ്യം ചെയ്തത്. ആ പ്രഥമഭാഷ അറബിയായിരുന്നു. ഇവിടെ 'ഇസ്മ്'എന്ന പദത്തിന്റെ ബഹുവചനരൂപമാണ് 'അസ്മാഅ്'. നാമം, നാമവിശേഷം എന്നൊക്കെയാണ് അർഥം. വസ്തുവും അതിന്റെ ഭാഷയിലെ ആവിഷ്കാരമായ നാമവും തമ്മിൽ അറബിയിലുള്ളതുപോലെ തികവുറ്റത്തും യുക്തിയുടെ പാരമ്യത്തിലുള്ളതുമായ ബന്ധം മറ്റു ഭാഷകളിൽ ദൃശ്യമല്ല. അറബി ഭാഷയിൽ കാണുന്ന അവികലമായ പദഘടനയും, നിരുക്തങ്ങളും, മറ്റു ഭാഷകളിൽ കാണുവാൻ സാധ്യമല്ല. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) അറബി ഭാഷയുടെ മാതൃപദവിയെക്കുറിച്ചും ദൈവവാണി എന്ന നിലക്ക് അതിന്റെ വൈശിഷ്ട്യത്തെക്കുറിച്ചും സർവ ഭാഷാ പടുക്കളുടേയും ആധുനിക ഭാഷാപണ്ഡിതന്മാരെയും വെല്ലുവിളിച്ചുകൊണ്ട് ഇതുസംബന്ധിച്ച് 'മിനനൂർ റഹ്മാൻ' എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഇത് വെറും ഒരവകാശവാദമല്ല, ഭാഷയെ സംബന്ധിച്ച് എല്ലാ ശാസ്ത്രീയ യുക്തികളോടും കൂടി സമർപ്പിച്ച ഒരു വെല്ലുവിളിയാണിത്. വിയോജിപ്പുള്ളവർക്ക് വേണമെങ്കിൽ അവരുടെ വാദമുഖങ്ങളുമായി ഈ മഹൽഗ്രന്ഥത്തെ സമീപിച്ചുനോക്കാം. മറ്റു ഭാഷകളെല്ലാം അറബിഭാഷയിൽ നിന്നു പിരിഞ്ഞുപോയതാണെന്നാണ് ഹദ്റത്ത് അഹ്മദ് (അ) ഈ ഗ്രന്ഥത്തിൽ സമർഥിച്ചിരിക്കുന്നത്. പക്ഷേ, പാശ്ചാത്യ പണ്ഡിതന്മാർ ഇസ്‌ലാമിനോടും അറബി ഭാഷയോടുമുള്ള അവഗണനയും മുൻവിധിയും തുടരുന്നതുകൊണ്ട് തുറന്ന ഹൃദയത്തോടെ ഈ വെല്ലുവിളി അവർ ശ്രദ്ധിക്കുന്നില്ല.

### ഭാഷയുടെ വ്യാപനം

ഭാഷയും സംസ്ക്കാരവും ആശയങ്ങളും കണ്ടുപിടുത്തങ്ങളുമെല്ലാം ഒരു സ്ഥലത്ത് നിന്ന് ഉദ്ഭവിക്കുകയും മറ്റിടങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നതിനെ സാംസ്കാരിക നരവംശ ശാസ്ത്രത്തിൽ (Cultural Anthropology) അതിവ്യാപന സിദ്ധാന്തം (Diffusion Theory) എന്നാണ് പറയുക. ഇരുപതാം നൂറ്റാണ്ടിലെ ഒരു നരവംശ പഠന ശാഖയാണ് സാംസ്കാരിക നരവംശ ശാസ്ത്രം. ഭാഷയും സംസ്കാരവും വികസിച്ചത് സ്വതന്ത്രമായിട്ടല്ല, മറിച്ച് അതിപുരാതന കാലം മുതൽക്കുള്ള കുടിയേറ്റങ്ങൾ, ഇടപഴകൽ, കൂടിക്കഴിയൽ സമ്പർക്ക വിനിമയങ്ങൾ എന്നിവയിലൂടെയാണ് വികസിച്ചത് എന്നാണ് അതിവ്യാപന സിദ്ധാന്തം പറയുന്നത്. വിവിധ ഭാഷകൾ തമ്മിലുള്ള വൈവിധ്യവും വ്യത്യാസവും വളരെയാണെങ്കിലും അവ തമ്മിലുള്ള സാമ്യവും സമാനതയും പ്രകടവും അനിഷേധ്യവുമാണ്. ഭാഷകൾ ഒരു പ്രാഗ് മൂലഭാഷയിൽ (Proto-Language) നിന്ന് ഉദ്ഭവിച്ചതാണെന്ന സിദ്ധാന്തത്തിനാണ് ഭാഷാശാസ്ത്രത്തിൽ പ്രാബല്യം കൈവന്നിരിക്കുന്നത്. ലോകത്ത് ഇന്ന് 5000 മുതൽ 7000 വരെ ഭാഷകൾ ഉണ്ട് എന്ന് കണക്കാക്കപ്പെടുന്നു. പല ഭാഷകളും മരിച്ചു കഴിഞ്ഞു. ചിലത് ഉന്മൂലനത്തിന്റെവക്കിലാണ്.

ഒരു മൂല ഭാഷയിൽ നിന്ന് ആവിർഭവിച്ച അംഗഭാഷകളെയാണ് ഭാഷാകുടുംബം എന്ന് പറയുന്നത്. ലോക ഭാഷകളെ 14 ഗോത്രങ്ങളായി തരംതിരിക്കാം. പ്രധാന ഭാഷാ ഗോത്രങ്ങൾ ഇവയാണ്.

1. സെമിറ്റിക്ക് ഗോത്രം
2. ഇൻഡോ യൂറോപ്യൻ ഗോത്രം
3. ഹെമറ്റിക് ഗോത്രം
4. യൂറാൽ അൾട്ടായിക് ഗോത്രം
5. ചീനി (ഏകാക്ഷര ഗോത്രം)
6. ദ്രാവിഡ ഗോത്രം
7. മലായ് പോളിനേഷ്യൻ ഗോത്രം

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) അറബി ഭാഷയുടെ മാതൃപദവിയെക്കുറിച്ചും ദൈവവാണി എന്ന നിലക്ക് അതിന്റെ വൈശിഷ്ട്യത്തെക്കുറിച്ചും സർവ ഭാഷാ പടുക്കളുടേയും ആധുനിക ഭാഷാപണ്ഡിതന്മാരെയും വെല്ലുവിളിച്ചുകൊണ്ട് ഇതുസംബന്ധിച്ച് 'മിനനൂർ റഹ്മാൻ' എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഇത് വെറും ഒരവകാശവാദമല്ല, ഭാഷയെ സംബന്ധിച്ച് എല്ലാ ശാസ്ത്രീയ യുക്തികളോടും കൂടി സമർപ്പിച്ച ഒരു വെല്ലുവിളിയാണിത്. വിയോജിപ്പുള്ളവർക്ക് വേണമെങ്കിൽ അവരുടെ വാദമുഖങ്ങളുമായി ഈ മഹൽഗ്രന്ഥത്തെ സമീപിച്ചുനോക്കാം.

9. ബുഷ്മാൻ ഗോത്രം

10. സുഡാനീ ഗോത്രം

11. ഓസ്ട്രേലിയൻ പാപുവാൻ ഗോത്രം

12. റെഡ് ഇന്ത്യൻസ് ഗോത്രം

13. കാകേഷ്യസ് ഗോത്രം

14. ജപ്പാനി കൊറിയായി ഗോത്രം

## ബാബേൽ ഗോപുരവും ഭാഷാവൈവിധ്യങ്ങളും

മനുഷ്യരെല്ലാം ഒരു കാലത്ത് ആശയ പ്രകടന ശേഷിയുള്ള ഒരേ ഭാഷ സംസാരിച്ചിരുന്ന ഒരു ജനവിഭാഗമായി ലോകത്തുണ്ടായിരുന്നു എന്നും ദൈവം പിന്നീട് അവരുടെ ഭാഷ കലക്കികളഞ്ഞുവെന്നുമുള്ള ഒരു കഥ ബൈബിളിലെ ഉൽപത്തിയിൽ വിവരിക്കുന്നുണ്ട്. ബാബേൽ ഗോപുര നിർമാണത്തിന്റെ ഈ കഥ ഒരു മൂലഭാഷയിൽ നിന്ന് ഭാഷാവൈവിധ്യങ്ങളുണ്ടായതിന്റെ ദൈവിക പദ്ധതിയെപറ്റിയുള്ള സൂചനയാണ് നൽകുന്നത്.

നോഹയുടെ പ്രളയത്തിന് ശേഷം മനുഷ്യർ ഒരുമിച്ചു ജീവിച്ചിരുന്ന കാലത്ത് ഒരു പൊതുഭാഷയായിരുന്നു സംസാരിച്ചിരുന്നത്. അക്കാലത്ത് മനുഷ്യൻ നിർമിക്കാൻ ശ്രമിച്ച ബാബേൽ എന്ന മഹാഗോപുരത്തെപ്പറ്റിയും ഭാഷ മാറ്റിമറിച്ചുകൊണ്ട് ദൈവം അത് പരാജയപ്പെടുത്തിയതിനെ സംബന്ധിച്ചുമുള്ളതാണ് കഥ. പ്രതീകാത്മകമായ ഈ ബൈബിൾ കഥ ഒരു ഒരു മൂല ഭാഷ സംസാരിച്ചിരുന്ന ജനത പല ഭാഷകൾ സംസാരിക്കുന്ന വിവിധ ജനവിഭാഗങ്ങളായി മാറി എന്ന ചിന്തകൾക്ക് വഴിമരുന്നിടുന്നു, ആ കഥയിൽ ലോകത്തുള്ള എല്ലാ മനുഷ്യരും ഒരു സ്ഥലത്ത് താമസിച്ചിരുന്നതായാണ് പറയുന്നത്. ബാബേൽ ഗോപുരം പണിയാൻ ശ്രമിച്ച ശിനാർ പട്ടണം യൂഫ്രട്ടീസ് ടൈഗ്രീസ് നദികൾക്കിടയിലെ മെസപെട്ടോമിയയിലെ (ഇറാഖ്) പുരാതന പ്രസിദ്ധമായ ബാബിലോണിയ ആണ്. ലോകത്ത് അന്ന് പല സ്ഥലങ്ങളിലായി ജനതകൾ വസിച്ചിരുന്നിരിക്കണം. അക്കൂട്ടത്തിൽ ആശയ പ്രകാശനശേഷിയുള്ള പൂർണഭാഷ സംസാരിച്ചിരുന്ന നാഗരികമായി പുരോഗമിച്ച ഒരു വിഭാഗമായിരിക്കാം ബാബേൽ ഗോപുരം പണിത് ദൈവത്തെ വെല്ലുവിളിക്കാൻ ശ്രമിച്ച ബൈബിൾ കഥയിലെ ജനത. അവർ നല്ല അർഥപുഷ്ടിയുള്ള ഭാഷ സംസാരിച്ചിരുന്നവർ ആയിരിക്കാം. അവരല്ലാതെ ഭൂമിയിലെ മനുഷ്യരെല്ലാം ഇവിടെയാണ് താമസിച്ചിരുന്നത് എന്ന അർഥത്തിലായിരിക്കില്ല. മറ്റുള്ളവർ പ്രാകൃത ഭാഷ സംസാരിക്കുന്ന അപരിഷ്കൃതരായിരിക്കാം. ബൈബിൾ കഥ ഇപ്രകാരമാണ്.

*'അക്കാലത്ത് ഭൂമിയിൽ ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു. എന്നാൽ അവർ കിഴക്കോട്ടു കൂടി പുറപ്പെട്ടു വന്നപ്പോൾ ശിനാർ ദേശത്ത് ഒരു സമതല ഭൂമി കണ്ടു. അവിടെ പാർത്തു. അവർ പരസ്പരം പറഞ്ഞു. 'വരുവിൻ നമുക്ക് ഇഷ്ടിക ഉണ്ടാക്കി നന്നായി ചുട്ടെടുക്കാം.' അങ്ങനെ അവർ കല്ലിനുപകരം ഇഷ്ടികകളും കുമ്മായത്തിനുപകരം പശമണ്ണും ഉപയോഗിച്ചു. വരുവിൻ, നാം ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിക്കാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക; നമുക്കു ഒരു പേരുണ്ടാക്കുക എന്നു അവർ പറഞ്ഞു. മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിനു യഹോവ ഇറങ്ങി വന്നു. അപ്പോൾ യഹോവ: ഇതാ, ജനം ഒന്ന്. അവർക്കെല്ലാവർക്കും ഭാഷയും ഒന്ന്, ഇതും അവർ ചെയ്തുതുടങ്ങുന്നു. അവർ ചെയ്‌വാൻ നിരൂപിക്കുന്നതൊന്നും അവർക്ക് അസാധ്യമാകയില്ല. വരുവിൻ, നാം ഇറങ്ങിച്ചെന്നു അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളയുക എന്ന് അരുളി ചെയ്തു. അങ്ങനെ യഹോവ അവരെ അവിടെ നിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചു. അവർ പട്ടണം പണിയുന്നതു വിട്ടുകളഞ്ഞു. സർവഭൂമിയിലെയും ഭാഷ യഹോവ അവിടെവെച്ചു കലക്കികളകയാൽ അതിനു ബാബേൽ എന്നു പേരായി. യഹോവ അവരെ അവിടെ നിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചു. അവർ പട്ടണം പണിയുന്നതു വിട്ടുകളഞ്ഞു. സർവഭൂമിയിലെയും ഭാഷ യഹോവ അവിടെ വെച്ചു കലക്കി കളകയാൽ അതിനു ബാബേൽ എന്നു പേരായി. യഹോവ അവരെ അവിടെ നിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചു കളഞ്ഞു." (ഉല്പത്തി 11:1-10)*

ഖുർആന്റെ പ്രസ്താവനയെ പരോക്ഷമായി ദൃഢീകരിക്കുന്ന ഈ കഥയിൽ നിന്ന് മൂന്നു കാര്യങ്ങൾ നമുക്ക് നിഗമിച്ചെടുക്കാം. ഒന്നാമതായി, മനുഷ്യൻ ഒരുകാലത്ത് ലോക ജനതകൾക്കിടയിൽ പൂർണമായും നല്ല ഭാഷ സംസാരിച്ചിരുന്ന ഒരു ജന വിഭാഗമുണ്ടായിരുന്നു. രണ്ടാമതായി ഒരേ ഭാഷയായിരുന്നു അവർ സംസാരിച്ചിരുന്നത്. മൂന്നാമതായി ഭൂമിയിലെ നാലുഭാഗത്തേക്കും ആ ജനത ചിന്നിച്ചിതറിപ്പോയി.

## വരമൊഴിയും വാമൊഴിയും

ഭാഷാ ശാസ്ത്രത്തിൽ എഴുത്തിനേക്കാൾ പ്രാധാന്യം സംസാരത്തിനാണ്. അതായത് വരമൊഴിയേക്കാൾ പ്രാധാന്യം വാമൊഴിക്കാണ്. പരമ്പരാഗത വ്യാകരണ പണ്ഡിതന്മാർ വരമൊഴിക്കാണ് പ്രാധാന്യം നൽകുന്നത്. എന്നാൽ ആധുനിക ഭാഷാ ശാസ്ത്രം ഇതിന് കടക വിരുദ്ധമായ നിലപാടാണ് സ്വീകരിക്കുന്നത്. ഭാഷാ ശാസ്ത്രം വാമൊഴിക്ക് പ്രാധാന്യം നൽകാനുള്ള കാരണങ്ങൾ വിവരിക്കാം.

1. ഭാഷയുടെ ഏറ്റവും ഉപയോഗപ്രദമായ രൂപം വാമൊഴിയാണ്

2. വാമൊഴി ഉണ്ടായതിന്ന് ശേഷം വളരെ കഴിഞ്ഞാണ് വരമൊഴി ആവിർഭവിക്കുന്നത്.

3. വാമൊഴി മനുഷ്യന്റെ ജൈവികാവയവങ്ങളുമായി സ്വാഭാവികമായി ചേർന്നുനിൽക്കുന്നു.

4. പല ഭാഷകൾക്കും വരമൊഴി അഥവാ അക്ഷര രൂപമില്ല. എന്നാൽ വാമൊഴിയില്ലാത്ത വരമൊഴി മാത്ര മുള്ള ഭാഷ ലോകത്ത് ആരും ഉപയോഗിക്കുന്നില്ല.

5. ഭാഷയുടെ മൂലരൂപം വാമൊഴിയാ ണ്. വരമൊഴി അഥവാ അക്ഷര രൂപം വാമൊഴിയുടെ പ്രതീക ചിഹ്നം മാത്രമാണ്. അവ പലപ്പോ ഴും മാറിക്കൊണ്ടിരിക്കും.

6. വാമൊഴിയിൽ വരമൊഴിയുടെ പല അംശങ്ങളും ചോർന്നുപോവും ഭാഷയുടെ ഈണം, പദങ്ങളുടെ ഊന്നൽ, വാക്താവിന്റെ വികാരം, മുഖഭാവം, മറ്റ് ആംഗ്യങ്ങൾ മുതലാ യവ വരമൊഴിയിൽ പ്രകടിപ്പിക്കാൻ സാദ്ധ്യമല്ല.

വരമൊഴിയെക്കുറിച്ച് ഫാർബ് പീറ്റർ എന്ന ഭാഷാ വിദഗ്ധൻ പറഞ്ഞത് ശ്രദ്ധേയമാണ്. ***'ഈ ലോകത്തിലെ അക്ഷരാഭ്യാസ മുള്ളവർക്ക് ലിഖിത പദത്തിൽ അഗാധ വിശ്വസമാണ്. എന്നാൽ അപൂർണമായ ഒരു ആശയ വിനിമയ സംവിധാനമാണ് വര മൊഴി. വാമൊഴിയുടെ ഒരു ബദൽ സംവിധാനം മാത്രമാണ്എന്ന് കരുതപ്പെടുന്ന വരമൊഴി വാമൊഴി യുടെ വിളറിയ ഒരു പ്രതിഫലനം മാത്രമാണ്.' (Farb Peter- Word Play, Jonath Cape Ltd,London)***

റസൂൽ തിരുമേനി(സ) യെ നിരക്ഷരൻ ***'ഉമ്മി'***എന്ന് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ചതിന്റെ സാംഗത്യം ആധുനിക ഭാഷാ ശാസ്ത്രത്തി ന്റെ വെളിച്ചത്തിൽ വ്യക്തമാണ്. ഭാഷയുടെ കേവലം പ്രതീകം മാത്രമാണ് അക്ഷരങ്ങൾ. അക്ഷര വിദ്യ എന്നത് നാം പഠിച്ച വിജ്ഞാനം രേഖപ്പെടുത്തി വെക്കുന്ന ഒരു സാങ്കേതിക വിദ്യ മാത്രമാണ്. മാത്രമല്ല അക്ഷരം കുറിച്ചു വെക്കാനും അത് വിനിമയം ചെയ്യപ്പെടാനും എല്ലും കല്ലും തോലും പോലെ വളരെ പരിമിതമായ സാമഗ്രികൾ പോലുമില്ലാത്ത പണ്ട് കാലത്ത് അക്ഷരാഭ്യാസം എന്നത് വൈജ്ഞാ നിക നിലവാരത്തിന്റെ ഒരു

ഏറ്റവും പുരാതനമായ നാഗരികതയും, സംസ്കാ രവും അഥവാ ആത്മീയതയും മക്കാപട്ടണത്തിൽ സംഗമിക്കുന്നു. മരുഭൂമിയാൽ പരിവൃതമായി നിൽക്കുന്ന മക്കാപട്ടണം ചരിത്രാതീതകാലം മുതൽക്കേ സ്ഥിരവാസത്തിന്റെ നഗരിയായിരുന്നു.

അളവുകോലായി കണക്കാക്കൽ ഒരിക്കലും യുക്തിസഹമല്ല. ഭാരത ത്തിൽ തന്നെ എഴുത്തു സാമഗ്രിക ളോ ലേഖന വിദ്യയോ ഇല്ലാത്ത ഗുരുകുല സമ്പ്രദായത്തിലാണ് പുരാതനമായ വിദ്യാപീഠങ്ങൾ ഉണ്ടായിരുന്നത് എന്നതും ശ്രദ്ധേയ മാണ്. പ്രധാനപ്പെട്ട കാര്യം ആധുനിക ഡിജിറ്റൽ യുഗത്തിൽ വരമൊഴിയെ പിന്നിലാക്കിക്കൊണ്ട് വാമൊഴി വീണ്ടും തിരിച്ചു വന്നു കൊണ്ടിരിക്കയാണ്.

## മക്കാപട്ടണം നഗരങ്ങളുടെ മാതാവ്

വിശുദ്ധ ഖുർആനിൽ മക്കാപ ട്ടണത്തെപ്പറ്റി ***'ഉമ്മുൽഖുറാ'*** നഗര ങ്ങളുടെ മാതാവ് എന്നാണ് വിശേ ഷിപ്പിക്കുന്നത്. ഇത് മക്കയുടെ നാഗ രികമായ മാതൃസ്ഥാനത്തെ സൂചി പ്പിക്കുന്നു.

***'ഇപ്രകാരം അറബിഭാഷയി ലുള്ള ഖുർആൻ നാം നിനക്ക് ബോധനം ചെയ്തിരിക്കുന്നു. മാതൃ നഗരത്തിനും (ഉമ്മുൽഖുറാ അഥ വാ മക്ക) അതിനു ചുറ്റുമുള്ള വർക്കും നീ മുന്നറിയിപ്പു നൽകു ന്നതിനും ഒരു സംശയവുമില്ലാത്ത എല്ലാവരേയും ഒരുമിച്ചു കൂട്ടുന്ന നാളിനെ സംബന്ധിച്ച് നീ മുന്നറി യിപ്പ് നൽകുന്നതിനും വേണ്ടി' (42:8).***

നാടോടിജീവിതത്തിൽ നിന്ന് പ്രാകൃത മനുഷ്യൻ സ്ഥിരവാസ ത്തിന്റെ അതായത്, നാഗരിക ജീവി തത്തിലേക്ക് പ്രവേശിക്കുകയുണ്ടാ യി. നഗരങ്ങളും പട്ടണങ്ങളും രൂപം കൊണ്ടു. ഇവിടെ നഗരങ്ങളുടെ മാതാവായി മക്കാപട്ടണത്തേയും ഭാഷകളുടെ മാതാവായ അറബിഭാ ഷയിലുള്ള ഖുർആനെയും സംബ ന്ധിച്ച പരാമർശം ശ്രദ്ധേയമാണ്.

നാഗരികത പുരോഗതി എന്നത് മനുഷ്യന്റെ ഭൗതിക പുരോഗതി യെയാണ് സൂചിപ്പിക്കുന്നത്. നാഗരി ക പുരോഗതിക്കൊപ്പം മനുഷ്യന്റെ സാംസ്കാരിക പുരോഗതി അഥവാ ആദ്ധ്യാത്മിക പുരോഗതിയെ സൂചി പ്പിക്കുന്ന ***'പ്രഥമ ആരാധനാലയ' (അവ്വല ബൈത്ത്)*** മായ 'കഅ്ബ'യും മക്കാപട്ടണത്തിലാ ണെന്ന് ഖുർആൻ പറയുന്നു. ***'സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം മക്ക (ബക്ക) യിലുള്ളതുതന്നെയാണ്. അനുഗൃഹീതവും സർവലോ കർക്കുമുള്ള മാർഗദർശകവുമത്രേ അത്' (3:97).*** ഇവിടെ ഏറ്റവും പുരാ തനമായ നാഗരികതയും, സംസ്കാ രവും അഥവാ ആത്മീയതയും മക്കാപട്ടണത്തിൽ സംഗമിക്കുന്നു. മരുഭൂമിയാൽ പരിവൃതമായി നിൽക്കുന്ന മക്കാപട്ടണം ചരിത്രാതീ തകാലം മുതൽക്കേ സ്ഥിരവാസ ത്തിന്റെ നഗരിയായിരുന്നു. മക്ക അതിപുരാതനമായൊരു പട്ടണമാണെന്നും കഅ്ബ പുരാതന ഭവനമാണെന്നും ഖുർആൻ പറയുന്നു. ***'പിന്നെ അവർ തങ്ങളുടെ മാലിന്യങ്ങൾ നീക്കം ചെയ്യുകയും തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയും ആ പുരാതന ഭവനത്തെ (കഅ്ബയെ) പ്രദക്ഷിണം ചെയ്യുകയും ചെയ്യട്ടെ'(22:30)*** അതിപുരാതന ഭ വനം ***'ബൈത്തുൽ അത്തീഖ്'*** എന്നു വിശേഷിപ്പിച്ച കഅ്ബയുടെ സാന്നിദ്ധ്യമാകണം മക്കയെ പുരാ തന പട്ടണമാക്കിയത്. ഇബ്രാഹിം നബി (അ)യും മകൻ ഇസ്മായിൽ നബി (അ) യും പണ്ട് കാലം മുതൽക്കെ അവിടെയുണ്ടായിരുന്ന ആരാധനാലയത്തിന്റെ അസ്ഥി വാരത്തിൽ കഅ്ബ പുതുക്കി പണി

യുകയാണ് ചെയ്തത്. കഅ്ബ മനുഷ്യ പുരോഗതിക്കുള്ള മാർഗ മാണ് എന്നും ഖുർആൻ പറയുന്നു: ***'അല്ലാഹു കഅ്ബയാകുന്ന ആദരണീയ മന്ദിരത്തെ മനുഷ്യരുടെ ശാശ്വത പുരോഗതിക്കുള്ള മാർഗമാക്കി യിരിക്കുന്നു '(5:98)*** ഇങ്ങനെ എന്തുകൊണ്ടും മാനവ വംശത്തിന്റെ പ്രാഥമ്യം അവകാശ പ്പെടുന്നതാണ് ഖുർആൻ സൂചി പ്പിക്കുന്ന മക്കയുടെ ചരിത്രം.

സ്ഥിരവാസത്തിന്റെ നഗരമാ ണെങ്കിലും മക്കാപട്ടണം ***'കൃഷിയോഗ്യമല്ലാത്ത ഒരു മരുത്താഴ്‌വരയിലാണ്' (ബി വാദിൻ ഖയ്‌രി ദീ സർയിൻ)*** സ്ഥിതിചെയ്യുന്നത്. നാലായിരം വർഷങ്ങൾക്ക് മുമ്പുള്ള ഇബ്റാഹീം നബി(അ)യുടെ പ്രാർഥ നയിൽ മക്കാപട്ടണത്തിന്റെ ഈ വിശേഷണം കാണാം. ***'ഞങ്ങളുടെ നാഥാ, എന്റെ സന്തതികളിൽ നിന്ന് ചിലരെ കൃഷിയോഗ്യമല്ലാത്ത ഒരു താഴ്‌വരയിൽ നിന്റെ ആദരണീയ മായ ഭവനത്തിന്റെയടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു." (14:38)***

മക്കയുടെ ഈ കൃഷി യോഗ്യ മില്ലായ്മ എന്ന പ്രത്യേകത കാരണം ചരിത്രാതീതകാലം മുതൽ ഭക്ഷണ ത്തിനും മറ്റ് വിഭവങ്ങൾക്കും വിദൂ രദേശങ്ങളെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. ഇസ്‌ലാമിനു മുമ്പ് പണ്ട് മുതൽക്കേ മക്കാനിവാസികൾ കച്ചവട സംഘങ്ങളായി ദൂരദിക്കുക ളിലേക്ക് യാത്രകൾ നടത്തിയിരുന്നു. ഉഷ്ണകാലത്തും ശൈത്യകാല ത്തുമുള്ള മക്കക്കാരുടെ ഈ കച്ചവട യാത്രകൾ പുരാതന കാലം മുതൽക്കുള്ള ലോക വാണിജ്യ സഞ്ചാര പഥങ്ങളിലൂടെ മറ്റു ജനതകളുമായി അവർക്ക് സമ്പർക്കവും ഭാഷാവിനിമയങ്ങളും സാദ്ധ്യമാക്കി. ചിലർ ഫലഭൂയിഷ്ട മായ ദൂരസ്ഥലങ്ങളിൽ വാസമുറ പ്പിച്ചു. അങ്ങനെ ആ ദൂരദിക്കുക ളിൽ താമസിച്ച ജനങ്ങളുമായി സമ്പർക്കത്തിലേർപ്പെട്ടു. മറ്റു ദേശ ങ്ങളിലെ പ്രാകൃത ജനങ്ങൾക്ക് ഭാഷാസിദ്ധിയുണ്ട്. പക്ഷേ പക്വ മായ ഭാഷക്ക് പകരം പ്രാകൃതമായ നിരർഥക ശബ്ദങ്ങളടങ്ങിയ അസംസ്കൃത ഭാഷയോ ആംഗ്യ ഭാഷയോ ആയിരിക്കാം അവർ ഉപ യോഗിച്ചത്.. വെളിപാടിലൂടെ ലഭിച്ച സംസ്കൃതമായ അറബിഭാഷ സംസാരിക്കുന്നവരുമായി സമ്പർക്ക ത്തിലേർപ്പെട്ടപ്പോൾ ദൂരദിക്കുകളിൽ വസിച്ചിരുന്നവരുടെ ഭാഷ, സർഗാത്മക ഭാഷയായി രൂപ പ്പെടുകയാണുണ്ടായത്. ശുദ്ധ അറബി ഭാഷ സംസാരിക്കുന്ന മക്കക്കാരുടെ ഈ പൗരാണിക വാണിജ്യ യാത്രകൾ മക്കക്കാർക്ക് വിഭവങ്ങൾ കൈവരുന്നതോടൊപ്പം അവർ സമ്പർക്കത്തിൽ ഏർപ്പെടു ന്നവർക്ക് ഭാഷാനൈപുണ്യവും മക്കക്കാർ പകർന്ന് നൽകിയി രിക്കണം. അങ്ങനെ അറബി ഭാഷയുടെ സ്വാധീനം മറ്റു ജനവി ഭാഗങ്ങളിൽ ഉണ്ടായി. പിന്നീട് ഭൂമിശാസ്ത്രം, കാലാവസ്ഥ, ഭക്ഷണ ക്രമം മുതലായ നിരവധി ഭൗതിക ഘടകങ്ങൾ മനുഷ്യന്റെ സ്വനാവയവങ്ങളെ സ്വാധീനി ക്കുകയും ഭാഷകൾക്ക് അനന്തമായ വൈവിധ്യങ്ങളും വൈജാത്യങ്ങളും വന്നു ഭവിക്കുകയും ചെയ്തു. മനു ഷ്യശിശു ഭാഷണകല അഭ്യസി ക്കുന്ന പ്രതിഭാസവുമായി നമുക്ക തിനെ താരതമ്യം ചെയ്യാം. ഈയൊരു ചരിത്ര പ്രക്രിയയിലേക്ക് നയിച്ച മക്കൻ (അറേബ്യൻ) ജനതയുടെ പൗരാണികമായ സ്വഭാവ സവിശേ ഷതകളിലേക്ക് ഖുർആൻ സൂചന നൽകുന്നു.

***'ഖുറൈശികളെ ഒന്നിപ്പിക്കുന്ന തിനുവേണ്ടി ശൈത്യകാലത്തെയും ഉഷ്ണക്കാലത്തെയും യാത്രകളു മായി അവർക്ക് ഇണക്കമുണ്ടാവു ന്നതിനുവേണ്ടി അതിനാൽ ഈ മന്ദി രത്തിന്റെ (കഅ്ബ) നാഥനെ അവർ ആരാധിക്കട്ടെ, അവർക്ക് ആഹാരം നൽകി വിശപ്പിൽ നിന്ന് അവർക്ക് രക്ഷ നൽകി സമാധാനാവസ്ഥ സംജാതമാക്കിക്കൊടുക്കുകയും ചെയ്തവനായ (അവരുടെ നാഥൻ)' (106:1-5)***

നാടോടിജീവിതത്തിൽ നിന്ന് സ്ഥിരതാമസം ആരംഭിച്ചതിന്റെ പ്രതീകമായിരുന്നു മക്കാപട്ടണം. അവിടെ പൗരാണിക കാലം മുതൽക്കു തന്നെ ജീവിച്ചിരുന്നവർ ഖുറൈശികളായിരുന്നു. റസൂൽ തി രുമേനി(സ)യുടെ പൂർവ പിതാമഹനായ ഫിഹ്ർ ആണ് ഖുറൈശ് ഗോത്രം സ്ഥാപിച്ചത് എന്നാണ് പ്രബലമായ അഭിപ്രായം. അദ്ദേഹത്തിന്റെ പ്രധാന പിതൃഗോത്ര പരമ്പരയിൽപ്പെട്ടവർ അദ്നാൻ, ഇസ്മായേൽ, അബ്റഹാം, നോഹ, ഇദ്‌രീസ്, ആദം ഇങ്ങനെയാണ് കണക്കാക്കുന്നത്. ഖുറൈശ് എന്ന പദത്തിന് പല ധാത്വാർഥങ്ങളും സങ്കൽപ്പി ക്കപ്പെടുന്നുണ്ട്. സമ്പാദിക്കുക എന്നർഥമുള്ള ഖർശ് എന്ന വാക്കിൽ നിന്നാണ് ഖുറൈശ് എന്ന പദം ഉദ്ഭവിച്ചത് എന്നാണ് ഒരഭിപ്രായം. വിവിധ സ്ഥലങ്ങളിൽ നിന്ന് പെറുക്കിയെടുത്ത് ഒരു സ്ഥലത്ത് സംയോജിപ്പിക്കുക സമാഹരിക്കുക എന്ന് അർഥം വരുന്ന 'ഖറശാ' എന്ന ധാതുവിൽ നിന്നാണ് 'ഖുറൈശ്' എന്ന പദം നിഷ്പന്നമായത് എന്നു പറയുന്നു.

അങ്ങനെ കഅ്ബയുടെ സാന്നിദ്ധ്യവും അറബിഭാഷയുടെ അനുഗ്രഹവും കൊണ്ട് ഉന്നതമായ നാഗരിക സംസ്കൃതിയുടെ ഉച്ച സ്ഥായിയിൽ വിരാജിച്ച മക്കാനിവാ സികൾ തിരുനബി(സ) യുടെ ആഗ മനകാലത്ത് അധഃപതനത്തിന്റെ നീചഗർത്തത്തിലായിരുന്നു. നാടോ ടിജീവിതത്തിൽ നിന്ന് സ്ഥിരവാസ ത്തിന്റെ നാഗരിക സമൂഹമായി മാറിയ പുരാതന മക്കാനിവാസി കളുടെ ഭാഷാ നൈപുണി കച്ചവ ട യാത്രയിലൂടെ ലോകം മുഴുവൻ വ്യാപിക്കുകയാണുണ്ടായത്. ആഹാ രത്തിനു വേണ്ടിയായിരുന്നു ഈ യാത്രകൾ നടത്തിയിരുന്നത്. അതിന്റെ ഫലമായി അവർക്ക് ആഹാരവും സമാധാനവും ലഭി ക്കുകയും അറബി ഭാഷയുടെ സ്വാധീനം ലോകത്ത് പരക്കുകയും ചെയ്തു. സംസ്കാരത്തിന്റെയും ഭാഷയുടെയും അതിവ്യാപനത്തി ന്നുള്ള ഒരു ദൈവിക പദ്ധതിയായി രിക്കാമിത്. (തുടരും) ●

കുറിപ്പുകൾ

# അമേരിക്ക: ഡൊണാൾഡ് ട്രംപിനു കീഴിൽ

മുസാഫിർ




അമേരിക്കയുടെ നാൽപ്പത്തി അഞ്ചാമത് പ്രസിഡന്റായി റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർഥി ഡൊണാൾഡ് ജോൺ ട്രംപ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. 2017 ജനുവരി 20 ന് ആണ് അദ്ദേഹം അധികാരമേൽക്കുക. ഫാസിസത്തിന്റെ ചുവയുള്ള അതിവൈകാരികമായ മുദ്രാവാക്യങ്ങളുയർത്തിയാണ് അതിസമ്പന്നനായ ട്രംപ് തിരഞ്ഞെടുപ്പ് പ്രചാരണം നടത്തിയത്. എല്ലാ ആസ്ഥാന പണ്ഡിറ്റുകളുടേയും സർവേക്കാരുടേയും പ്രവചനങ്ങൾ തെറ്റിച്ചു കൊണ്ട് 538 ഇലക്ട്രറൽ കോളേജ് വോട്ടുകളിൽ 360 വോട്ട് സ്വന്തമാക്കി ട്രംപ് വിജയിച്ചിരിക്കുന്നു. ഡമോക്രാറ്റിക്ക് സ്ഥാനാർഥി ഹിലാരി ക്ലിന്റന് ലഭിച്ചത് 232 വോട്ടാണ്. ഹിലാരി ജയിക്കുമെന്ന വിശ്വാസത്തെ അട്ടിമറിച്ചും എല്ലാവരേയും ഞെട്ടിച്ചുമാണ് ട്രംപ് വിജയിച്ചു വന്നിരിക്കുന്നത്. ട്രംപിന്റെ വിജയം ആശങ്കകളോടെയാണ് ലോകം വീക്ഷിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയതും സമ്പന്നവും ശക്തവുമായ അമേരിക്ക ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായാണ് അറിയപ്പെടുന്നത്. എത്ര സാമ്രാജ്യത്വ പ്രവണതയുണ്ടെങ്കിലും അഭ്യന്തര രംഗത്ത് അമേരിക്ക മിതത്വത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും ജനാധിപത്യ മൂല്യങ്ങളുടെയും പറുദീസയായാണ് അറിയപ്പെട്ടിരുന്നത്. യൂറോപിൽ ഇപ്പോൾ പലയിടത്തും പ്രത്യേകിച്ച് ഫ്രാൻസ്, നെതർലന്റ്, ഹങ്കറി എന്നീ രാജ്യങ്ങളിൽ സംഭവിക്കുന്നത് പോലെ തീവ്ര വലത് പക്ഷവാദ തരംഗങ്ങളുയർത്തിയാണ് ട്രംപ് തിരഞ്ഞെടുപ്പ് കാലത്ത് വിവാദ നായകനായത്. അമേരിക്കൻ തിരഞ്ഞെടുപ്പുകളിൽ ഇത്വരെ കാണാത്ത ഒരു പ്രതിഭാസമാണത്. മുസ്‌ലിം വിരോധം, കുടിയേറ്റ നിരോധനം, വിദേശികളോടുള്ള വിദ്വേഷം, ഊതിവീർപ്പിച്ച തീവ്ര രാഷ്ട്രാഭിമാനം, സ്വന്തം ജനതയുടെ കഷ്ടപ്പാടിൽ അന്യരെ കുറ്റപ്പെടുത്തൽ മുതലായ വാദങ്ങളടങ്ങിയ ഫാസിസ്റ്റ് ചേരുവകളുടെ ധാരാളിത്വം ട്രംപിന്റെ രാഷ്ട്രീയ പ്രചാരണത്തിൽ പ്രകടമായിരുന്നു. താൻ വിജയിച്ചാൽ മുസ്‌ലിംകളെ അമേരിക്കയിലേക്ക് പ്രവേശിപ്പിക്കില്ലെന്നും, മെക്സിക്കോക്കാർ അമേരിക്കയിൽ പ്രവേശിക്കാതിരിക്കാൻ വൻമതിൽ പണിയുമെന്നും ട്രംപ് തുറന്നടിച്ചു. താൻ ജയിച്ചാൽ അമേരിക്കക്കാർക്കുണ്ടാകുന്ന സൗഭാഗ്യങ്ങളെ സംബന്ധിച്ചും ട്രംപ് തിരഞ്ഞെടുപ്പ്


യോഗങ്ങളിലുടനീളം പറഞ്ഞു കൊണ്ടിരുന്നു. മാത്രമല്ല സദാചാരപരമായി അയഞ്ഞ നിലപാടുള്ള അമേരിക്കൻ സമൂഹ ത്തിൽ ലൈംഗിക അരാചകത്വത്തെ പ്രോത്സാഹിപ്പിക്കും വിധത്തിലുള്ള സ്ത്രീപരാമർശങ്ങളും സ്ത്രീത്വ ത്തെ അപമാനിക്കുന്ന തരത്തിലും ട്രംപ് തിരഞ്ഞെടുപ്പ് ഗോദയിൽ വാക് പയറ്റ് നടത്തി. അങ്ങനെ ഉന്നതമായ ജനാധിപത്യ ബോധവും നിലവാരമുണ്ടായിരുന്ന അമേരി ക്കൻ തിരഞ്ഞെടുപ്പ് രാഷ്ട്രീയ ത്തിൽ വികാര തരംഗങ്ങൾ സൃഷ്ടിച്ച് നിലവാരത്തകർച്ച സൃഷ്ടിച്ചാണ് ട്രംപ് ജേതാവയത്. ചുരുക്കത്തിൽ അമേരിക്കൻ ജനത ഇങ്ങനെ ഒരാളെ തങ്ങളുടെ പ്രസിഡന്റായി തിരഞ്ഞെടുത്ത തിന്റെ നടുക്കം ലോകത്തിന് ഇപ്പോഴും വിട്ടുമാറിയിട്ടില്ല.

അമേരിക്കയുടെ സ്വാഭാവിക സഹചാരിയായിരുന്ന യൂറോപ്പു മായി ട്രംപ് അത്ര അടുപ്പത്തിലല്ല. ന്യൂയോർക്ക് ടൈംസിന്റെ യൂറോ പ്യൻ കാര്യലേഖകനായ ക്ലമൻസ് വെർഗിൻ എഴുതിയ ലേഖനം പറയുന്നു. 'മിസ്റ്റർ ട്രംപിന്റെ തിരഞ്ഞെടുപ്പ് വ്യവസ്ഥാപരമായും തന്ത്രപരമായും അമേരിക്കക്ക് ഒരു വിപത്താണ്. എഴുപത് സംവത്സര ക്കാലമായി രാഷ്ട്രീയമായി സ്ഥൈര്യമുള്ള അമേരിക്ക, ജനാധി പത്യത്തിന്റെ മാർഗദീപവും ഉദാര ലോകക്രമത്തിന്റെ മൂലക്കല്ലുമാണ്. ജനാധിപത്യം യൂറോപ്പിൽ മാരകമായ ഭീഷണിക്ക് വിധേയമായ പ്പോൾ യുണൈറ്റഡ് സ്റ്റേറ്റ് താഴോട്ട് ഇറങ്ങി വന്ന് ഏകാതിപത്യത്തിന്റെ വേലിയേറ്റത്തെ തടയുകയുണ്ടായി. എന്നാൽ ഇപ്പോൾ അമേരിക്ക തന്നെ ഏകാധിപത്യപ്രവണത കാണിക്കു കയും അതിനായുള്ള നിർദേശ ങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നു. ആ നിർദേശങ്ങൾ അദ്ദേഹം പിന്തുടരുകയാണെങ്കിൽ ലിസ്ബൺ മുതൽ കീവ് വരെ അതിഭീമായ ദുരന്തമായിരിക്കും വന്ന് ഭവിക്കുക.

യൂറോപ്പിലാകമാനം നിലവിലു ള്ള ഉദാര ജനാധിപത്യവ്യവസ്ഥയെ ഭീഷണിപ്പെടുത്തുന്ന തീവ്ര വലത് പക്ഷ ജനകീയ നേതാക്കന്മാർ ഉയർന്ന് വരുന്നു. യൂറോപ്പ് അതിന്റെ സത്വ പ്രതിസന്ധിയെ നേരിടുകയാ ണ്. ട്രംപ് തന്നെയും ഈ ഐഡ ന്റിറ്റി ക്രൈസിസിന്റെ ഉൽപന്ന മാണ്. ഈ യൂറോപ്യൻ പ്രതി സന്ധിയിൽ രക്ഷകനാകേണ്ട യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ അവ സരം ട്രംപ് നഷ്ടപ്പെടുത്തിയിരി ക്കുകയാണ്. (For Europe,Trump's Election Is a Terrifying Disaster By Clemens Werginnov. 10, 2016- Newyork Times)

അമേരിക്കയിൽ തൊഴിലവസര ങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗ മായി അമേരിക്കയിൽ തന്നെ എണ്ണ ഖനനം നടത്തുമെന്ന നിലപാട് ട്രംപ് സ്വീകരിക്കുമോ എന്നും ഭയപ്പെടുന്നവരുണ്ട്. അമേരിക്കയിൽ പെട്രോളിന് പകരമായി കണ്ടെ ത്തിയ ഷെയ്ൽ ഗ്യാസ് ഉൽപാദനം കൂട്ടുന്നത് എണ്ണ വില കുറവ് മൂലം പ്രതിസന്ധിയിലായ എണ്ണ ഉൽപാ ദക രാജ്യങ്ങളെ കൂടുതൽ പ്രതിസ ന്ധിയിലാക്കും. ഇറാനുമായുള്ള ആണവക്കരാറിനെയും ഇസ്റാ യേൽ അനുകൂല നിലപാടുള്ള ട്രംപ്, പ്രചാരണ കാലത്ത് എതിർത്തിട്ടുണ്ട്. യൂറോപ്പിന്റെ രക്ഷക്കായി രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം നിലവിൽ വന്ന വടക്കൻ അത്ലാന്റിക്ക് ഉടമ്പടി പ്രകാരം 1949 ൽ രൂപം കൊണ്ട സൈനിക രാഷ്ട്രീയ സഖ്യമാണ് നാറ്റോ (NATO). റഷ്യയെ ദൂരെ നിർത്താൻ അമേരിക്ക നടുനായക ത്വം വഹിക്കുന്ന നാറ്റോ സൈനിക സംഖ്യത്തോട് ട്രംപിന്റെ മതിപ്പില്ലാ യ്മയാണ് യുറോപ്യൻ രാജ്യങ്ങളെ അലട്ടുന്ന മറ്റൊരു പ്രശ്നം. നാറ്റോ സഖ്യം അമേരിക്ക് ഗുണകരമാവി ല്ലെന്നും അംഗരാജ്യങ്ങളുടെ സംര ക്ഷണത്തിന് വേണ്ടി അമേരിക്ക എന്തിന് അമിതമായി പണം ചിലവഴിക്കണം എന്നുമാണ് ട്രംപ് ചോദിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങൾ തന്നെ അവരുടെ സൈന്യത്തിൽ മുതൽ മുടക്കണ മെന്നാണ് അദ്ദേഹത്തിന്റെ നില പാട്. നാറ്റോക്കെതിരെ ട്രംപ്

മിസ്റ്റർ ട്രംപിന്റെ തിരഞ്ഞെടുപ്പ് വ്യവസ്ഥാപരമായും തന്ത്രപരമായും അമേരിക്കക്ക് ഒരു വിപത്താണ്. എഴുപത് സംവത്സരക്കാലമായി രാഷ്ട്രീയമായി സ്ഥൈര്യമുള്ള അമേരിക്ക, ജനാധിപത്യത്തിന്റെ മാർഗദീപവും ഉദാര ലോകക്രമത്തിന്റെ മൂലക്കല്ലുമാണ്. ജനാധിപത്യം യൂറോപ്പിൽ മാരകമായ ഭീഷണിക്ക് വിധേയമായപ്പോൾ യുണൈറ്റഡ് സ്റ്റേറ്റ് താഴോട്ട് ഇറങ്ങി വന്ന് ഏകാതിപത്യത്തിന്റെ വേലിയേറ്റത്തെ തടയുകയുണ്ടായി. എന്നാൽ ഇപ്പോൾ അമേരിക്ക തന്നെ ഏകാധിപത്യപ്രവണത കാണിക്കുകയും അതിനായുള്ള നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നു. ആ നിർദേശങ്ങൾ അദ്ദേഹം പിന്തുടരുകയാണെങ്കിൽ ലിസ്ബൺ മുതൽ കീവ് വരെ അതിഭീമായ ദുരന്തമായിരിക്കും വന്ന് ഭവിക്കുക.




വിമർശനം നടത്തിയെങ്കിലും നാറ്റോക്കുള്ളിൽ അമേരിക്കക്ക് എന്ത് സ്ഥാനമായിരിക്കും ഉണ്ടാവുക എന്ന് അദ്ദേഹം വ്യക്തമാക്കിയില്ല. ലോകത്ത് നടക്കുന്ന എല്ലാ സംഘർഷങ്ങളിലും അമേരിക്ക നേരിട്ട് പോയി ഇടപെടേണ്ടതില്ല. സാമ്പത്തികമായി അമേരിക്കക്ക് ഗുണകരമായത് മാത്രം ഏറ്റെടുത്താൽ മതി. അങ്ങനെ വരുമ്പോൾ അമേരിക്കയെ ആശ്രയിച്ച് യുദ്ധം ചെയ്യുന്ന അവരുടെ ആശ്രിത രാജ്യമായ പാക്കിസ്ഥാന് ട്രംപിന്റെ നിലപാട് വിഷമകരമാവും. ഭീകരവാദത്തിന്റെയും തീവ്രവാദത്തിന്റെയും വിളനിലമായ പാകിസ്താനെ ട്രംപിന് ആദ്യമേ തന്നെ ഇഷ്ടമല്ല. അത് പോലെ യുദ്ധത്തിലേർപ്പെട്ട സൗദിക്കും ട്രംപിന്റെ നിലപാട് ഗുണകരമല്ല. ഐ എസ് എസ് ന് തടയിടുമെന്ന് പറയുന്ന ട്രംപിന്റെ മറ്റൊരു ദുരൂഹമായ പ്രത്യേകത, ചൈനയുമായുള്ള ശത്രുത നിലനിർത്തി റഷ്യയുമായി അടുക്കാനുള്ള ശ്രമമാണ്. റഷ്യയിൽ കമ്മ്യൂണിസം വന്നതിന് ശേഷം അമേരിക്കയുടെ പാരമ്പര്യ – സ്വാഭാവിക ശത്രുവാണ് റഷ്യ. ട്രെംപിന്റെ ഈ റഷ്യൻ ഭ്രമത്തെ പലരും കരുതലോടെയും കൗതുകത്തോടെയുമാണ് നോക്കികാണുന്നത്. റഷ്യൻ പ്രസിഡന്റ് പുട്ടിനെ ട്രംപിന് ഇഷ്ടവും ബഹുമാനവുമാണ്. അമേരിക്ക എതിർത്തുവരുന്ന പുട്ടിന്റെ ഏകാധിപത്യ പ്രവണതയേയോ അന്താരാഷ്ട്ര രംഗത്ത് പുട്ടിൻ നടത്തുന്ന കടന്നു കയറ്റങ്ങളേയോ ട്രംപ് വിമർശിക്കുന്നില്ല. റഷ്യ അമേരിക്കയുമായി അടുക്കുകയാണെങ്കിൽ റഷ്യ ചൈനാ അച്ചു തണ്ട് ദുർബലമാകുമെന്നും ഇന്ത്യക്ക് അത് ഗുണം ചെയ്യുമെന്നും ചിലർ വിശ്വസിക്കുന്നു. പക്ഷേ പാരമ്പര്യ എതിരാളിയായ റഷ്യയോട് അടുക്കാൻ പശ്ചിമ യൂറോപ്പും അമേരിക്കയിലെ മറ്റു എസ്റ്റാബ്ലിഷ്മെന്റുകളും എത്രമാത്രം അനുവദിക്കും എന്നത് കണ്ടറിയേണ്ട വിഷയമാണ്. നാറ്റോയുടെ കടുത്ത ശത്രുവായ പുട്ടിൻ ട്രംപിനെ കരുവാക്കി കളിക്കുമോ എന്നായിരിക്കും യൂറോപ്പിന്റെ ഭീതി. റഷ്യയുമായി സൗഹൃദം സ്ഥാപിക്കാനാഗ്രഹിക്കുന്ന ട്രംപ്, സിറിയയിൽ നിന്ന് ഉണ്ടാവുമെന്ന് എല്ലാവരും ഭയക്കുന്ന മൂന്നാം ലോക മഹായുദ്ധം ഹിലാരി ക്ലിന്റൻ വിജയിച്ചാൽ ഉണ്ടാകുമെന്നാണ് പറഞ്ഞത്. മാത്രമല്ല ഹിലാരി യുദ്ധ ലോബിയുടെ വക്താവാണെന്നും അദ്ദേഹം തുറന്നടിച്ചിരുന്നു. താൻ പ്രസിഡന്റായാൽ റഷ്യയുമായി യോജിച്ച് ഐ എസ് ഐ എസ് നെ പരാജയപ്പെടുത്തുമെന്നും തിരഞ്ഞെടുപ്പ് വേളയിൽ അ ദ്ദേഹം ആവർത്തിച്ചു പറഞ്ഞതാണ്. ലോക മഹായുദ്ധം തടയാൻ എന്നെ തിരഞ്ഞെടുക്കൂ എന്നായിരുന്നു ട്രംപിന്റെ പ്രചാരണം. സിറിയയിൽ അസദിനെ പിന്തുണക്കുന്ന റഷ്യയുടെ നയങ്ങൾക്ക് ശക്തിപകരാൻ ട്രംപിന്റെ വിജയം സഹായിക്കുമെന്നും ഉക്രെയിൻ ആക്രമണത്തിന്റെ പേരിൽ റഷ്യ നേരിടുന്ന ഉപരോധം അമേരിക്ക പിൻവലിക്കു

മുസ്ലിംകൾക്കെതിരെയുള്ള ട്രംപിന്റെ വിമർശനങ്ങളും എതിർപ്പും കുപ്രസിദ്ധങ്ങളാണ്. താൻ അധികാരത്തിൽ വന്നാൽ മുസ്ലിംകളെ അമേരിക്കയിൽ പ്രവേശിപ്പിക്കില്ല എന്നും അമേരിക്കയിൽ വരുന്ന മുസ്ലിംകളെ Extreme Vetting ന് വിധേയമാക്കുമെന്നും അദ്ദേഹം തിരഞ്ഞെടുപ്പ് പ്രചാരണ സമയത്ത് പറയുകയുണ്ടായി. എക്സ്ട്രീം വെറ്റിങ്ങ് എന്ന് പറ ഞ്ഞാൽ അങ്ങേയറ്റത്തെ കീറിമുറിച്ചുള്ള പരിശോധന എന്നാണ് അർഥം. “Clash of Civilizations” എന്ന തേഞ്ഞു പഴകിയ മുദ്രാവാക്യം തേച്ചു മിനുക്കി അതിന്റെ അടി സ്ഥാനത്തിൽ ഇസ്ലാമിനേയും മുസ്ലിംകളേയും നേരിടാൻ ട്രംപ് ഭരണതലത്തിൽ സെക്രട്ടറിമാരെ നിയമിച്ചുകൊണ്ടിരിക്കയാണ്.

മെന്നും ചില നിരീക്ഷകർ അഭിപ്രായപ്പെടുന്നു. യൂറോപ്പിൽ ഫാസിസ്റ്റ് പ്രവണതയുള്ളവരും മുസ്‌ലിം വിദ്വേഷം വെച്ചു പുലർത്തുന്ന തീവ്ര വലത് പക്ഷ വാദികളുമായ നേതാക്കന്മാർ വളരെ ആവേശത്തോടെയാണ് ട്രംപിന്റെ വിജയത്തെ വരവേറ്റത്. ഫ്രാൻസിലെ മറിൻ ലീ പെൻ **'അമേരിക്കൻ ജനത സ്വതന്ത്രരായി'** എന്നാണ് പറഞ്ഞത്. നെതർലന്റിലെ വലത് പക്ഷ നേതാവ് ഗ്രീർറ്റ് വയിൽഡേയ്സ് **'രാഷ്ട്രീയം ഇനി ഒരിക്കലും പഴയത് പോലെ ആവില്ല'** എന്നും ഹങ്കറിയിലെ വിക്ടർ ഒർബാൻ **'മഹത്തായ വാർത്ത, ജനാധിപത്യം ഇപ്പോഴും നിലനിൽക്കുന്നു'** എന്നുമാണ് പ്രതികരിച്ചത്. എന്നാൽ യൂറോപ്പിൽ ജനാധിപത്യ പരവും മാനവീയവുമായ മൂല്യങ്ങളെ മുറുകെ പിടിക്കുകയും സിറിയൻ അഭയാർഥികളെ ദയാവായ്പ്പോടെ സ്വീകരിക്കുകയും ചെയ്ത ജർമൻ ചാൻസലർ ആഞ്ജലാ മർകേൽ, ട്രംപിന് നൽകുന്ന സഹകരണം ജനാധിപത്യ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ സോപാധികമായി രിക്കും എന്ന് പറയുകയുണ്ടായി. യൂറോപ്യൻ യൂണിയന്റേയും നാറ്റോയുടേയും ഔദ്യോഗിക ഭാരവാഹികൾ അത്‌ലാന്റിക്ക് സഖ്യത്തെപറ്റിയുയുള്ള ട്രംപിന്റെ നിഷേധാത്മക പരാമർശങ്ങളെ വളരെ ഗൗരവ പൂർവമായാണ് വീക്ഷിക്കുന്നത്.

മുസ്‌ലിംകൾക്കെതിരെയുള്ള ട്രംപിന്റെ വിമർശനങ്ങളും എതിർപ്പും കുപ്രസിദ്ധങ്ങളാണ്. താൻ അധികാരത്തിൽ വന്നാൽ മുസ്‌ലിംകളെ അമേരിക്കയിൽ പ്രവേശിപ്പിക്കില്ല എന്നും അമേരിക്കയിൽ വരുന്ന മുസ്‌ലിംകളെ Extreme Vetting ന് വിധേയമാക്കുമെന്നും അദ്ദേഹം തിരഞ്ഞെടുപ്പ് പ്രചാരണ സമയത്ത് പറയുകയുണ്ടായി. എക്സ്ട്രീം വെറ്റിങ്ങ് എന്ന് പറഞ്ഞാൽ അങ്ങേയറ്റത്തെ കീറിമുറിച്ചുള്ള പരിശോധന എന്നാണ് അർഥം."Clash of Civilizations എന്ന തേഞ്ഞു പഴകിയ മുദ്രാവാക്യം

അമേരിക്കയിൽ ജൂതന്മാരിൽ ശക്തമായ ഒരു വിഭാഗത്തിന്റെ പിന്തുണ ട്രംപിനായിരുന്നെങ്കിലും ഫാസിസ്റ്റ് ശൈലിയിലുള്ള ട്രംപിന്റെ പ്രചാരണം അമേരിക്കയിൽ തൊലി വെളുത്തവരുടെ വർണ ഫാസിസം വരുമോ എന്ന് പൊതുവേ യഹൂദന്മാരെ ഭയപ്പെടുത്തുന്നു. ട്രംപിന്റെ ഫാസിസ്റ്റ് ശൈലിയിലുള്ള പ്രചാരണം കാരണം പല ജൂതന്മാരും ഹിലാരിക്ക് അനുകൂലമായാണ് വോട്ട് ചെയ്തത്. ജർമനിയിലും യൂറോപ്പിലും യഹൂദ വേട്ട നടത്തിയ ഫാസിസം അമേരിക്കയിൽ വരാതിരിക്കാൻ പല സിനഗോഗുകളിലും തിരഞ്ഞെടുപ്പ് വേളകളിൽ ജൂതന്മാർ പ്രത്യേക പ്രാർഥനകൾ നടത്തിയതായി ജെറുസലേം പോസ്റ്റ് പറയുന്നു.

തേച്ചു മിനുക്കി അതിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിനേയും മുസ്‌ലിംകളേയും നേരിടാൻ ട്രംപ് ഭരണ തലത്തിൽ സെക്രട്ടറിമാരെ നിയമിച്ചുകൊണ്ടിരിക്കയാണ്.

അമേരിക്കയിൽ ജൂതന്മാരിൽ ശക്തമായ ഒരു വിഭാഗത്തിന്റെ പിന്തുണ ട്രംപിനായിരുന്നെങ്കിലും ഫാസിസ്റ്റ് ശൈലിയിലുള്ള ട്രംപിന്റെ പ്രചാരണം അമേരിക്കയിൽ തൊലി വെളുത്തവരുടെ വർണ ഫാസിസം വരുമോ എന്ന് പൊതുവേ യഹൂദന്മാരെ ഭയപ്പെടുത്തുന്നു. ട്രംപിന്റെ ഫാസിസ്റ്റ് ശൈലിയിലുള്ള പ്രചാരണം കാരണം പല ജൂതന്മാരും ഹിലാരിക്ക് അനുകൂലമായാണ് വോട്ട് ചെയ്തത്. ജർമനിയിലും യൂറോപ്പിലും യഹൂദ വേട്ട നടത്തിയ ഫാസിസം അമേരിക്കയിൽ വരാതിരിക്കാൻ പല സിനഗോഗുകളിലും തിരഞ്ഞെടുപ്പ് വേളകളിൽ ജൂതന്മാർ പ്രത്യേക പ്രാർഥനകൾ നടത്തിയതായി ജെറുസലേം പോസ്റ്റ് (22.11.2016) പറയുന്നു. കൂ ക്ലക്സ് ക്ലാൻ (Ku Klux Klan (KKK)എന്ന സംഘടനയെ അനുകൂലിച്ച് സംസാരിച്ച ട്രംപ് വംശീയ വാദിയും ജൂതമതവിരോധിയുമാണെന്ന പ്രചാരണവും ശക്തമാണ്. ട്രംപിന്റെ വിജയം തന്നെ വെള്ളക്കാരുടെ വംശീയ വിജയമാണെന്നാണ് പരക്കെയുള്ള ധാരണ. അത്ര മാത്രം വംശീയമായ അംശങ്ങൾ ചേരുംപടി ചേർത്താണ് ട്രംപിന്റെ റിപ്പബ്ലിക്കൻ പ്രചരണം. ഈ വംശീയ ധ്രുവീകരണത്തിന് ആദ്യം ഇരയാക്കപ്പെടുക യഹൂദരായിരിക്കും എന്ന തിരിച്ചറിവും യഹൂദർക്കുണ്ട്. അമേരിക്കയിലെ വെള്ളക്കാരുടെ താൽപര്യം സംരക്ഷിക്കാൻ നിലകൊള്ളുന്ന ഒരു രഹസ്യ ഭീകര സംഘടനയാണ് കൂ ക്ലക്സ് ക്ലാൻ. ഫാസിസമാണ് അവരുടെ ഐഡിയോളജി. കടുത്ത ജൂതമത വിരോധികളാണ് അവർ. അമേരിക്കൻ മാധ്യമങ്ങൾ യഹൂദരുടെ കൈകളിലാണ് എന്നാണ് അവരുടെ നിരന്തരമായ ആരോപണം.. ജൂതന്മാരെ പീഡിപ്പിച്ച ഹിറ്റ്ലർ അവരുടെ ആരാധനാ പുരുഷനാണ്. അമേരിക്കയിലെ പ്രശസ്ത പത്രമായ Washigton Post ൽ **'KKK's Official Newspaper Supports Donald Trump for President'** എന്നപേരിൽ Peter Holley നവംബർ 2ന് എഴുതിയ ലേഖനത്തിൽ പറയുന്ന വസ്തുത കൾ അമേരിക്കയിലെ വെള്ളക്കാരു ടെ ഈ രഹസ്യ ഭീകര സംഘടനക്ക് ട്രംപുമായി ബന്ധമുണ്ടെന്ന്

ചൂണ്ടിക്കാണിക്കുന്നു. ലേഖനത്തിന്റെ ചുരുക്കം ഇങ്ങനെയാണ്. അമേരിക്കയിലെ കൂ ക്ലഡ്സ് ക്ലാന്റെ മുഖപത്രമാണ് Crusader (ക്രൂസേഡർ). ക്രൂസേഡർ എന്ന ഈ ത്രൈമാസിക സ്വയം വിശേഷിപ്പിക്കുന്നത് തന്നെ "The Political Voice of White Christian America!" എന്നാണ്. "'Make America Great Again! എന്ന ട്രംപിന്റെ മുദ്രാവാക്യം വെള്ളക്കാരുടെ ക്രിസ്തീയ അമേരിക്കയെ ട്രംപ് ലോകത്തിന്റെ ഉച്ചിയിൽ വീണ്ടും എത്തിക്കുമെന്ന് അവർ കണക്ക് കൂട്ടുന്നു. ട്രംപ് തിരഞ്ഞെടുപ്പ് പ്രചാരണം നടത്തുന്ന വേളയിൽ പാസ്റ്റർ തോമസ് റോബ് 'ക്രൂസേഡർ' ൽ എഴുതിയ ലേഖനത്തിൽ 'നിങ്ങൾക്ക് ഈ മുദ്രാവാക്യം (Make America Great Again!) ഇനി ഷർട്ടിലും ബട്ടനിലും പോസ്റ്ററുകളിലും തൊപ്പികളിലും കാണും' എന്ന് പറഞ്ഞിരുന്നു. അത് പ്രകാരം പിന്നീട് ഈ മുദ്രാവാക്യം എഴുതിയ തൊപ്പിയണിഞ്ഞാണ് ട്രംപ് പല തിരഞ്ഞെടുപ്പ് പ്രചാരണയോഗങ്ങളിലും പ്രത്യക്ഷപ്പെട്ടത്. വോട്ടെടുപ്പിന് തൊട്ട് മുമ്പ് ട്രംപ് കൂ ക്ലഡ്സ് ക്ലാൻ ന്റെ ഗ്രാന്റ് വിസാഡ് (Grand Wizard) എന്ന പദവിയിൽ ഇരുന്ന ഡേവിഡ് ഡ്യൂക്ക് എന്നയാളെ പൊതുവേദിയിൽ കെട്ടിപ്പിടിച്ചത് അമേരിക്കയിൽ വൻ വിവാദമാവുകയും വിമർശിക്കപ്പെടുകയും ചെയ്തിരുന്നു. എനിക്ക് ഡേവിഡ് ഡ്യൂക്കിനെ അറിയില്ല എന്ന് പറഞ്ഞായിരുന്നു ട്രംപ് ആ വിവാദത്തിൽ നിന്ന് തലയൂരിയത്. ക്രൂസേഡിൽ വന്ന ലേഖനത്തിൽ ജൂതന്മാർക്ക് ഭീകരവാദവുമായി ബന്ധമുണ്ടെന്നും ആരോപിക്കപ്പെടുന്നു. ട്രംപ് തിരഞ്ഞെടുപ്പ് പ്രചാരണത്തിനിറങ്ങുന്നതിന് മുമ്പ് അമേരിക്കയിലെ വെള്ള വംശീയ ദേശീയതയുടെ പ്രമുഖരായ വക്താക്കളെയെല്ലാം സന്ദ്രർശിച്ചിരുന്നതായും പ്രസ്തുത ലേഖനത്തിൽ പറയുന്നു.

എന്നാൽ ട്രംപിന്റെ കച്ചവടത്തിലും രാഷ്ട്രീയത്തിലും പല പ്രമുഖ ജൂതന്മരുമുണ്ട് എന്നതാണ് വാസ്തവം. അവർ ട്രംപുമായി ഒരുമിച്ചാണ് പ്രവർത്തിച്ചത്. മുസ്‌ലിം വിരുദ്ധ പരാമർശങ്ങൾ നിർലോപം നടത്തിയ ട്രംപ് ഇസ്റയേലിന്റെ ഒരു സ്തുതി പാഠകനായിരുന്നു. ട്രംപിനെതിരെയുള്ള ഈ ജൂതഭീതിയെ സിയോണിസ്റ്റ് ഓർഗ നൈസേഷൻ ഓഫ് അമേരിക്ക അപലപിച്ചിട്ടുണ്ട്. ഇസ്റയേൽ അമേരിക്കയുടെ ഏറ്റവും മഹത്തായ സുഹൃത്താണ് എന്ന് നിരവധി തവണ ട്രംപ് പറയുകയുണ്ടായി. ഫലസ്തീനികളുമായുള്ള സമാധാന ചർച്ചകൾ മുടക്കുന്നതിന്റെ പേരിൽ പ്രസിഡന്റ് ഒബാമ ഇസ്റയേലിനെ വിമർശിച്ചിരുന്നു. ഒബാമയുടെ ഈ വിമർശനത്തെ ട്രംപ് നിരാകരിക്കുന്നു. കഴിഞ്ഞ ആഗസ്തിൽ അമേരിക്കയിലെ ജൂത വോട്ടുകൾ സമാഹരിച്ച് ട്രംപിനെ വിജയിപ്പിക്കാൻ ജൂത ലോബി പ്രവർത്തനം ആരംഭിച്ച വെബ് സൈറ്റായിരുന്നു "Jews ChooseTrump.org.". അതിൽ ട്രംപ് ജൂതജനതയുടെ രക്ഷകനാണ് എന്ന മട്ടിലുള്ള വിശേഷണങ്ങൾ കാണാം. ഇസ്റായേൽ ഫലസ്തീനികളുടെ പുതിയ അധിനിവേശ ഭൂമിയിൽ പുതിയ ജൂത കുടിയേറ്റ കേന്ദ്രങ്ങൾ നിർമിക്കുന്നതിനെ ട്രംപ് ന്യായീകരിക്കുന്നുണ്ട്. അത്പോലെ ടെൽ അവീവിൽ നിന്ന് ഇസ്റയേലിന്റെ തലസ്ഥാനം മൂന്ന് സെമിറ്റിക്ക് മതങ്ങളുടേയും തീർഥാടന സംഗമ കേന്ദ്രമായ ജെറുസലേമിലേക്ക് മാറ്റുന്നതിനും ട്രംപ് അനുകൂലമാണ്. ഒബാമ ഭരണകൂടം ഇത്വരെ അനുവർത്തിച്ച നയങ്ങളിൽനിന്നുള്ള മാറ്റമാണിത്. ഇറാനുമായി ഒബാമ ഭരണകൂടം ഒപ്പുവെച്ച ആണവ കരാറിനെ ട്രംപ് വിമർശിക്കുകയും അത് റദ്ദാക്കുമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ട്രംപിന്റെ വൈസ് പ്രസിഡന്റും മുഖ്യ ഉപദേഷ്ടാവുമായ മൈക്ക് പെൻസ് ഇസ്റായേൽ ആരാധകനായ ഒരു ക്രിസ്ത്യാനിയാണ്. ഇന്ത്യാനയിലെ ഗവർണറായിരുന്ന അദ്ദേഹം ജൂത അനുഭാവമുള്ള കടുത്ത ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ വിശ്വാസിയാണ്. ഇസ്റയേലിലെ ഗോലാൻ കുന്നുകളിൽ വസിക്കുന്ന യഹൂദരായ ബന്ധുക്കൾ അദ്ദേഹത്തിനുണ്ട്. അമേരിക്കൻ സംസ്ഥാനമായ ഇന്ത്യാനയിൽ അദ്ദേഹം ഗവർണറായിരിക്കുമ്പോൾ ഇസ്റയേലിനെ ബോയ്ക്കോട്ട് ചെയ്ത കമ്പനികൾക്ക് ഇന്ത്യാനയുമായി വാണിജ്യ കരാറിൽ ഏർപ്പെടാൻ അനുവദിക്കാത്ത ഒരു നിയമം പാസാക്കിയിട്ടുണ്ട്. ട്രംപിന്റെ വിജയത്തിൽ ആവേശഭരിതരായിക്കൊണ്ട് ജൂതന്മാർ നടത്തുന്ന അമിത സ്തുതികൾ അമേരിക്കയിലെ ഇസ്റയേൽ പ്രതിലോമ ശക്തികളെ പ്രകോപിപ്പിക്കുമെന്നും അതുകൊണ്ട് നിശബ്ദമായ നയതന്ത്രമാണ് നമുക്ക് അഭികാമ്യമെന്നും ജെറുസലേം പോസ്റ്റ് (22.11.2016) യഹൂദരെ ഉപദേശിക്കുന്നുണ്ട്. രസകരമായ കാര്യം ക്രിസ്ത്യാനിയായ ട്രംപിന്റെ മകൾ ഇവങ്കാ ട്രംപ് യഹൂദമതം സ്വീകരിച്ച് യാഏൽ എന്ന ജൂത നാമം സ്വീകരിച്ച് കർശനമായ യഥാസ്ഥിക യഹൂദ ജീവിതം നയിക്കുന്ന ഒരു യുവതിയാണ്. 36 കാരിയായ ഇവങ്ക ഒരു മുൻ മോഡലും ട്രംപിന്റെ തിരഞ്ഞെടുപ്പ് പ്രചരണം നിയന്ത്രിച്ച മേധാവിയുമായിരുന്നു. കൃത്യമായും സബത്ത് ദിനം ആചരിക്കുന്ന അവർ യഹൂദ മത വിധി പ്രകാരമുള്ള കോശർ ഭക്ഷണമാണ് (Kosher Diet) കഴിക്കുക. യഹൂദർ നടത്തിയിരുന്ന കിന്റർ ഗാർഡനിലാണ് പിതാവായ ട്രംപ് അവരെ ചേർത്തത്. പിതാവിന്റെ തിരഞ്ഞെടുപ്പിന് മുമ്പ് ജൂതതീർഥാടന കേന്ദ്രങ്ങൾ സന്ദർശിച്ച് ഇവങ്ക പ്രാർഥിച്ചിരുന്നു. സ്ത്രീകൾക്കും ഇസ്റയേലിനും വേണ്ടിയുള്ള ഒരു വക്കീലാണ് താൻ എന്നാണ് ഇവങ്ക സ്വയം വിശേഷിപ്പിക്കുന്നത്.

ഇങ്ങനെ യഹൂദ വിരുദ്ധരുടെയും അനുകൂലികളുടേയും പിന്തുണ ട്രംപിനുണ്ട്. അമേരിക്കൻ രാഷ്ട്രീയം എന്നത് രഹസ്യങ്ങളുടേയും അടിയൊഴുക്കളുടേയും

നിഗൂഢ മേഖലയാണ്. ഈ വൻശക്തിയെ വലയം ചെയ്ത് ലോകത്തെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന തൽപ്പര ശക്തികൾക്ക് അവർ ഉദ്ദേശിച്ച വിധം പ്രവർത്തിക്കാനാകുമോ? കഴിഞ്ഞ ഒക്ടോബറിൽ കാനഡയിലെ ബൈത്തുനൂർ മസ്ജിദ് ഉദ്ഘാടന വേളയിൽ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദുഹു...) കനേഡിയൻ ബ്രോഡ് കാസ്റ്റിംങ്ങ് കോർപറേഷൻ (CBC) പ്രതിനിനിധി പീറ്റർ മാൻസ് ബ്രിഡ്ജിന് അനുവദിക്കുകയും ഒക്ടോബർ 30ന് പ്രസിദ്ധീകരിക്കുകയും ചെയ്ത ഒരു അഭിമുഖത്തിൽ ഡൊണാൾഡ് ട്രംപ് അമേരിക്കയിൽ മുസ്ലിംകളെ പ്രവേശിപ്പിക്കില്ല എന്നും മറ്റുമുള്ള മുസ്ലിം വിരുദ്ധ പരാമർശങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. 'അദ്ദേഹം ജയിക്കുകയാണെങ്കിൽ അതൊരു സാധ്യത മാത്രമാണ്. അദ്ദേഹം ഏതൊന്നാണോ പറഞ്ഞത് അത് നടപ്പാക്കാൻ അദ്ദേഹത്തിന് സാദ്ധ്യമല്ല.' ട്രംപ് തിരഞ്ഞെടുപ്പ് വേളയിൽ നടത്തിയ മുസ്ലിം വിരുദ്ധ പരാമർശങ്ങൾ അതേപടി അദ്ദേഹം നടപ്പാക്കുകയാണെങ്കിൽ അമേരിക്കയിൽ അഭ്യന്തര കലാപമുണ്ടാകുമെന്നും ഖലീഫത്തുൽ മസീഹ് മുന്നറിയിപ്പ് നൽകി. പിന്നീട് ട്രംപിന്റെ വിജയത്തിന് ശേഷം നവംബർ 9-ാം തീയതി ഖലീഫത്തുൽ മസീഹ് മിഖായേൽ ലുംബ്സ് ഡണിന്ന് അനുവദിച്ച അഭിമുഖത്തിൽ 'അമേരിക്കൻ ജനത അദ്ദേഹത്തിന് തങ്ങളെ നയിക്കാൻ വോട്ട് നൽകി. അമേരിക്കക്കാരെല്ലാം മുസ്ലിംകൾക്കെതിരെ പെട്ടെന്ന് തിരിയുമെന്ന് ഞാനൊരിക്കലും കരുതുന്നില്ല, അദ്ദേഹം എന്തൊക്കെ പറഞ്ഞാലും അത് നടപ്പിലാക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. വിവേകിയായ ഏതൊരു മനുഷ്യനും അത്തരം നടപടികൾ പ്രാവർത്തികമാക്കാൻ സാദ്ധ്യമല്ല എന്നാണ് പറഞ്ഞത്.' തിരഞ്ഞെടുപ്പ് വിജയത്തിന് ശേഷം ട്രംപ് നടത്തിയ പ്രസംഗത്തെ പരാമർശിച്ചു കൊണ്ട് ഖലീഫത്തുൽ മസീഹ് പ്രതികരിച്ചത് ഇപ്രകാരമാണ് 'അദ്ദേഹം ഒരൊറ്റ രാത്രികൊണ്ട് പെട്ടെന്ന് മാറിയിരിക്കുന്നു ഹിലാരി ക്ലിന്റനെ ജയിലിലടക്കുമെന്ന് പറഞ്ഞ അദ്ദേഹം അവർ രാജ്യ ത്തിന്റെ മുതൽ കൂട്ടാണെന്നാണ് ഇപ്പോൾ പറയുന്നത്.'

**ട്രംപിനെ പ്രസിഡന്റായി തിരഞ്ഞെടുത്തതിന് ശേഷം അമേരിക്കയിലുടനീളം ഇന്നേവരെ ദർശിച്ചിട്ടില്ലാത്ത രീതിയിലുള്ള പ്രതിഷേധ പ്രകടനങ്ങൾ അതാണ് തെളിയിക്കുന്നത്. 'Not my president' എന്ന ബാനർ ഉയർത്തിക്കൊണ്ടാണ് എല്ലായിടത്തും ആയിരങ്ങളും പതിനായിരങ്ങളും പങ്കെടുക്കുന്ന പ്രതിഷേധ പ്രകടനങ്ങൾ അരങ്ങേറുകയാണ്.**

ട്രംപ് താൻ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാൻ തയ്യാറാകുന്ന രീതിയിലാണ് തിരഞ്ഞെടുപ്പിന് ശേഷം പ്രസംഗിച്ചതെങ്കിൽ ഖലീഫത്തുൽ മസീഹ് പറഞ്ഞത് പ്രകാരം അക്ഷരാർഥത്തിൽ അമേരിക്കയിൽ ആഭ്യന്തര കലാപം പൊട്ടി പുറപ്പെ ടുമായിരുന്നു. ട്രംപിനെ പ്രസിഡന്റായി തിരഞ്ഞെടുത്തതിന് ശേഷം അമേരിക്കയിലുടനീളം ഇന്നേവരെ ദർശിച്ചിട്ടില്ലാത്ത രീതി യിലുള്ള പ്രതിഷേധ പ്രകടനങ്ങൾ അതാണ് തെളിയിക്കുന്നത്. 'Not my president' എന്ന ബാനർ ഉയർത്തി

# പ്രത്യേക അറിയിപ്പ്


മരണപ്പെടുന്ന ജമാഅത്തംഗങ്ങളുടെ അനുസ്മരണക്കുറിപ്പ് മരിച്ചയാളുടെ അടുത്ത ബന്ധുക്കൾ ജമാഅത്ത് അമീർ/സദർ സാഹിബിന്റെ സാക്ഷ്യത്തോടെ അറിയിക്കേണ്ടതാണ്. അക്ഷരത്തെറ്റു കൂടാതെ കഴിയുന്നതും ഡി റ്റി പ്പി ചെയ്ത് എഡിറ്ററുടെ ഇ മെയിൽ വിലാസത്തിലും ഒരു പ്രിന്റ് കോപ്പി മേൽപ്പറഞ്ഞ സാക്ഷ്യത്തോടെ പോസ്റ്റലായും അയച്ചു തരണം. പരേതനെ/ പരേതയെ സംബന്ധിച്ച് വളരെ ഹ്രസ്വമായ വിവരണമാണ് സത്യദൂതൻ നൽകുക. അത് കൊണ്ട് വസ്തുനിഷ്ഠവും കാര്യമാത്ര പ്രസക്തവുമായ ലഘു വിവരണം മാത്രം നൽകുക. ഫോണിലൂടെ അനുസ്മരണക്കുറിപ്പ് പറയുന്നത് ഒഴിവാക്കണം. പുരുഷന്മാരുടെ നല്ല റിസലൂഷനുള്ള കളർ ഫോട്ടോ കുറിപ്പിനോടൊപ്പം തന്നെ അയക്കണം. ഇ മെയിൽ/ പോസ്റ്റൽ അയച്ച വിവരം ഫോണിലൂടെ ഓർമപ്പെടുത്തി ലഭ്യമായോയെന്ന് ഉറപ്പ് വരുത്തണം.

മറ്റു പരിപാടികളുടെ ഫോട്ടോകൾ പരിചയ സമ്പന്നരായ ആളുകളോ പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരെക്കൊണ്ടോ പ്രസ്സ് ഫോട്ടോയുടെ നിലവാരത്തിലും ശരിയായ ആംഗിളിലും എടുത്ത് പ്രസിദ്ധീകരണ യോഗ്യമായ രീതിയിൽ അയച്ചു തരേണ്ടതാണ്.

*എഡിറ്റർ, സത്യദൂതൻ*

ക്കൊണ്ടാണ് എല്ലായിടത്തും ആയിരങ്ങളും പതിനായിരങ്ങ ളും പങ്കെടുക്കുന്ന പ്രതിഷേധ പ്രകടനങ്ങൾ അരങ്ങേറുകയാണ്. 'താൻ എല്ലാവരുടേയും പ്രസിഡന്റാണ്' എന്ന് ആവർത്തിച്ചു പറഞ്ഞു കൊണ്ടാണ് ട്രംപ് ഈ ജനരോഷത്തെ മറികടക്കാൻ ശ്രമിക്കുന്നത്.

അമേരിക്കൻ തിരഞ്ഞെടുപ്പിൽ കൃത്രിമം നടന്നുവെന്നാണ് അവസാനമായി ആരോപണ മുയർന്നത്. ട്രംപിന് വേണ്ടി റഷ്യൻ ഹാക്കർമാരാണ് അത് നടത്തിയത് എന്ന ആരോപണവുമായി അമേരിക്കയിലെ പ്രമുഖ തിരഞ്ഞെടുപ്പ് വിദഗ്ധർ രംഗത്ത് വന്നിരിക്കുകയാണ്. ഇലക്ഷന് മുമ്പ് ഹിലരി ജയിക്കുമെന്ന് സർവേ ഫലങ്ങളിൽ പ്രവചിച്ച സംസ്ഥാനങ്ങളായിരുന്നു പെൻസിൽവാനിയ, വിസ്കോൺസൽ, മിഷിഗൺ എന്നിവ. രണ്ടിടത്തും ഹിലരി പരാജയപ്പെടുകയായിരുന്നു. പേപ്പർ ബാലറ്റുകളെ അപേക്ഷിച്ച് ഇലക്ട്രോണിക്ക് വോട്ടിംഗ് നടന്ന സ്ഥലങ്ങളിലാണ് അട്ടിമറി നടന്നതെന്നാണ് ആരോപകരുടെ വാദം. അവിടങ്ങളിൽ ട്രംപിന് ക്രമാതീതമായ മുൻതൂക്കമായിരുന്നു ഉണ്ടായിരുന്നത്. ഇത് സംബന്ധിച്ച് 18 പേജുള്ള രേഖകൾ ഉടൻ പുറത്തു വരുമെന്നും പറയുന്നു. ആരോപണം ഉന്നയിച്ചവർ ചില്ലറക്കാരല്ല. നാഷണൽ വോട്ടിംഗ് റൈറ്റ് സ്ഥാപകൻ ജോൺ ബൊനിഫസ്, മിഷിഗൺ സർവകലാശാലയിലെ കമ്പ്യൂട്ടർ സെക്യൂരിറ്റി ആന്റ് സൊസൈറ്റി ഡയറക്റ്റർ പ്രഫ: അലക്സ് ഹൽദർമാൻ എന്നിവരാണ്. വാട്ടർ ഗേറ്റ് പോലെ അമേരിക്കയെ പിടിച്ചുലക്കുന്ന സംഭവമായി ഈ ആരോപണം മാറുമോ? കാത്തിരുന്ന് കാണാം. സാമ്പത്തികമായും സൈനികമായും ലോകത്തിലെ ഏറ്റവും വലിയ രാജ്യമായ അമേരിക്കയുടെ നീക്കങ്ങൾ ലോക സമാധാനത്തിന് വളരെ നിർണായകമാണ്. അല്ലാഹു ഈ ലോകത്തെയും അമേരിക്കയേയും രക്ഷിക്കുമാറാകട്ടെ. ●




നവംബർ 18 മുതൽ 27 വരെ കോട്ടയത്ത് വെച്ച് നടന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിലെ അഹ്മദിയ്യാ ബുക്ക് സ്റ്റാൾ.



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വയോജന സംഘടനയായ മജ്‌ലിസ് അൻസാറുല്ലാ എറണാകുളം - ആലപ്പുഴ ജില്ലകൾ സംയുക്തമായി ആലപ്പുഴ മസ്ജിദിൽ സംഘടിപ്പിച്ച തബ്ലീഗ് - തർബിയത്ത് ക്യാമ്പിൽ മുബല്ലിഗ്, ദഅ്‌വത്തെ ഇലല്ലാഹ് കേരള മൗലവി അലികുഞ്ഞ് സാഹിബ് പ്രസംഗിക്കുന്നു.



മജ്‌ലിസ് അൻസാറുല്ലാ കടലായിയുടെ നേതൃത്വത്തിൽ കടലായി സൗത്ത് യു.പി. സ്കൂളും പരിസരവും ശുചീകരണ പ്രവൃത്തികൾ നടത്തി.